P. T. I.

# ena Malayalam Readers

1695
348

P. T. I. BOOK DEPOT
EDUCATIONAL PUBLISHERS
BANGALORE CITY
1938

348

No: 348.

HIGH SCHOOL. • ...RNAKULAM.

348
No: 348

# P. T. I.
# Naveena Malayalam Readers

## അഞ്ചാം പാഠ പുസ്തകം.

**FIRST EDITION**

AVIRUL ISLAM HIGH SCHOOL
Date.........
ERNAKULAM

**1938**

P. T. I. BOOK DEPOT,
EDUCATIONAL PUBLISHERS
BANGALORE CITY.

*All Rights Reserved.*

Price 5as 6ps.

# വിഷയസൂചി.


| | | പേജ് |
|---|---|---|
| 1. | തൃണവർഗ്ഗത്തിൽപെട്ട വാഴ | 1 |
| 2. | നെൽകൃഷി | 3 |
| 3. | ഗൌതമൻ ബുദ്ധനായത് | 9 |
| 4. | മണ്ണ് | 14 |
| 5. | ശകുന്തള | 18 |
| 6. | ലോഹങ്ങൾ | 23 |
| 7. | മന്ഥരയുടെ ദുരുപദേശം | 30 |
| 8. | മുതല | 33 |
| 9. | പൂച്ച | 37 |
| 10. | സമുദ്രം | 41 |
| 11. | ശ്രീരാമ കഥാമൃതം I | 48 |
| 12. | ശ്രീരാമ കഥാമൃതം II | 54 |
| 13. | ഉത്സാഹം പുരുഷലക്ഷണം | 61 |
| 14. | രാവണൻ | 65 |
| 15. | തീവണ്ടി | 67 |
| 16. | വിനയം | 72 |
| 17. | കാളിയമർദ്ദനം | 77 |
| 18. | കണ്ണൻ | 80 |

പേജ്

| | | |
|---|---|---|
| 19. | ദാരിദ്ര്യപരിഹാരം | 86 |
| 20. | വാഹനങ്ങൾ | 90 |
| 21. | ക്ഷമ | 96 |
| 22. | മണ്ണുതിന്ന ഉണ്ണികൃഷ്ണൻ | 102 |
| 23. | കാട്ടുമൃഗങ്ങൾ | 104 |
| 24. | കാകൻ | 111 |
| 25. | ഹേമന്തം—മഞ്ഞുകാലം | 117 |

348

MUNAVIRUL ISLAM HIGH S...
Date.........
ERNAKULAM

# അഞ്ചാം പാഠപുസ്തകം.



## 1. തൃണവൎഗ്ഗത്തിൽപെട്ട വാഴ.

തൊടിയിൽ പലദിക്കിലും വളൎത്തും
തടിയിൽ വാഴകളുണ്ടനേകമായി
മൂടിതൊട്ടടിയോളവും, ജനങ്ങൾ-
ക്കുട,യാവശ്യമതിന്നൊഴുന്നിടുന്നു.

പല വാഴകളുണ്ടു; നേന്ത്ര, മൈസൂർ
കദളീ, ചിങ്ങ, നട്ടക്കളവൻ തുടങ്ങി
തുണവർഗ്ഗജമെങ്കിലും പരക്കായ്
നിലകൊള്ളുന്നൊരു ജീവിതം മനോജ്ഞം.

അവമാനഭയം നിമിത്തമാമോ
ജലസമ്പത്തിതു സംഭരിച്ചു മുന്നം
അതിനാലൊരു ക്ലേശലി, ല്ലനന്യാ-
ശ്രയ സജ്ജീവിതമെത്ര ഭാഗ്യമാവാം?

മുരടാം മടിയിൽ കളിച്ചിടുന്ന-
ച്ചെറുപൈതങ്ങളെ വത്സലതമാന്നൊ
രിലയാം കുടയെ നിവർത്തി, മഞ്ഞും
മഴയും, വെയിലുമണഞ്ഞിടാതെ കാപ്പൂ

പ്രിയസന്തതികൾക്കു, ദൈവമേ, നീ,
തുണതാനെന്നു നിനച്ചപോലെ തോന്നും
കുല വാഴകൾ കാഴ്ചവെച്ചു ഭൂമൌ
തലചായിച്ചു നമിച്ചിടുന്നു കണ്ടാൽ.

സകലത്തിന്നുമൊന്നുപോൽ ഗുണം ചെ-
യ്യതിനായ്, ജീവിതമാനയിച്ചിടുന്നു,
കുല മൂക്കുകിലന്തരിച്ചുപോം ഹാ!
നിലനില്പ്പില്ലിഹ, നന്മയുള്ളതൊന്നും

കൊത്തു പാററക,ളീച്ച, വാവലണ്ണാൻ
മുതലായുള്ള വിരുന്നുകാർക്കുവേണ്ടി
അതുലം മധുവുണ്ടുപോകുവാനാ-
യിതു, കൂമ്പിൽ പൊളി പോക്കിനില്ക്കയാവാം.

ഈവിധം പലജാതികൾക്കുമായി-
ട്ടുപകാരപ്രദമായ വാഴയെ നാം
ഒരു പോതുമകററിടാതെ തന്നെ-
പ്പരിപാലിച്ചിഹ, നന്ദി കാട്ടിടേണം.

---

## 2. നെൽകൃഷി.

കേരളത്തിലെ വിവിധ കൃഷികളിൽ പ്രാധാന്യമേറിയ ഒന്നാകുന്നു നെൽകൃഷി. ഇന്ത്യാരാജ്യത്തു ഇതിന്നു പററിയ കാലാവസ്ഥയായതുകൊണ്ടു പല സ്ഥലങ്ങളിലും നെൽകൃഷി ധാരാളമായി ചെയ്തുവരുന്നു. തെക്കെ ഇന്ത്യയിൽ അധിവസിക്കുന്നവരേവരും അരിയുടെ ഭക്ഷണമാണ് കഴിച്ചുവരുന്നത്. നെല്ലിൽനിന്നാണല്ലൊ അരി കിട്ടിവരുന്നത്.

നെല്ലു അധികമായി വളരുന്നതു ആററുവളം കൂട്ടുന്ന പാടങ്ങളിലാണ്. ചില നദികളുടെ മുക്കോൺ തുരുത്തി

കളിലും നെല്ല സമൃദ്ധമായി വളരുന്നുണ്ട്. ഗംഗാ, ഗോദാവരി, കാവേരി എന്നീ നദികളുടെ തുരുത്തികളിലും പ്രധാനമായി ബങ്കാളത്തിലും നെൽകൃഷി അധികമായി നടന്നുവരുന്നുണ്ട്. ഇന്ത്യയിൽ ഉണ്ടാവുന്ന നെല്ലിൽ മൂന്നിൽ ഒരുഭാഗം ബങ്കാളത്തിൽനിന്നു കിട്ടിവരുന്നു. ഇവിടുത്തെ കൃഷികൊണ്ടു ജനങ്ങളുടെ ആഹാരത്തിന്നു വേണ്ടുന്നത്ര അരി കിട്ടാത്തതിനാൽ ബമ്മ, റങ്കൂൺ, കറാച്ചി മുതലായ സ്ഥലങ്ങളിൽനിന്നു കാലംതോറും അധികം അരി ഇവിടങ്ങളിൽ ഇറക്കുമതി ചെയ്യുന്നുണ്ട്. മലയാളക്കരയിൽ വയലുകളിൽ കൃഷിചെയ്യുന്നതിന്നു പുറമെ പറമ്പുകളിലും പ്രധാനമായ ഒരു ഭാഗം പുനത്തിലും കൃഷിചെയ്തുവരുന്നു. പുനത്തിൽ കൃഷിചെയ്തുവരുന്നതിന്നു പുനംകൃഷി എന്നാണ് പറയുക. പുനം എന്നു പറയുന്നത് കിഴക്കൻ മലഞ്ചെരുവുകളിൽ കാടുകൾ വെട്ടിത്തെളിയിച്ച സ്ഥലത്തിന്നാണ്. വയലുകളിൽ നന്നാവുന്നതിനേക്കാൾ കൂടുതൽ നന്നാവുന്നത് പുനങ്ങളിലാണത്രെ.

നെൽകൃഷി ചെയ്വാൻ ചില പ്രത്യേക കാലങ്ങളുണ്ട്. ഇവിടങ്ങളിലെല്ലാം മഴത്തഞ്ചംനോക്കി മേടം, ഇടവം ഈ മാസങ്ങളിലാണ് പാടങ്ങളിൽ വിത്തിറക്കുക. എന്നാൽ ചില സ്ഥലങ്ങളിൽ മഴ തഞ്ചത്തിന്നു കിട്ടാതെ വരികയും മഴ കിട്ടുമ്പോൾ വിത്തു വിതക്കേണ്ടുന്ന കാലമല്ലാതെ വരികയുംചെയ്യും. അങ്ങിനെയുള്ള സ്ഥലങ്ങളിൽ ഏരികൾ, പുഴകൾ മുതലായ ജലാശയങ്ങളിൽനിന്നു വെള്ളം

വിട്ടു നനച്ചും കൃഷിചെയ്തുവരുന്നുണ്ട്. കേരളത്തിലെ കൃഷിക്കാർ ഉദാസീനന്മാരാകയാലും ഇവിടങ്ങളിലുള്ള കൃഷി







സ്ഥലത്തിന്നു സമീപം ഏരികളും പുഴകളും ഇല്ലാത്തതു കൊണ്ടും നെൽകൃഷിക്കു മഴയെത്തന്നെ ആശ്രയിക്കേണ്ടി

യിരിക്കുന്നു. പ്രത്യേകിച്ച പുനംകൃഷിക്കും, പറമ്പു കൃഷിക്കും മഴയുടെ ആനുകൂല്യമില്ലെങ്കിൽ ഒരിക്കലും നല്ല വിള കിട്ടുകയില്ല. മഴ വഴകിക്കിട്ടിവരുന്ന ചില കാലങ്ങളിൽ ഇവിടങ്ങളിലുള്ള കൃഷി ഏറക്കുറെ മോശമായിരിക്കും. അങ്ങിനെതന്നെ അതിവർഷംകാരണമായി വെള്ളപ്പൊക്കമുണ്ടാവുന്ന കാലങ്ങളിലും കൃഷിക്കു തഞ്ചം കുറയും. അതിനാൽ കേരളത്തിലെ കൃഷിക്കാർ വിത്തു വിതക്കേണ്ടുന്ന കാലങ്ങളിൽ പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കും.

വിത്തു വിതക്കേണ്ടുന്ന കാലമാകുമ്പോഴേക്കും കൃഷിസ്ഥലം ഉഴുതു കട്ടയുടച്ചു വളംചേർത്തു ശരിപ്പെടുത്തേണ്ടതാണ്. ഒന്നോ രണ്ടോ നല്ല മഴ കിട്ടിയാൽ പാടങ്ങളിൽ വിത്തു വിതക്കാം. വിത്തു വിതച്ചു മൂന്നു നാലു ദിവസം കഴിഞ്ഞാൽ അതു മുളച്ചുവരും. ചില കാലങ്ങളിൽ ഇവിടെ വിത്തു പൊടിപ്പിച്ചിട്ടും വിതക്കാറുണ്ട്. പക്ഷെ പൊടിപ്പിച്ചു വിതക്കുന്ന വിത്തു സാധാരണ പൊടിമണ്ണിൽ വിതക്കാറില്ല. ചളിയുള്ള സ്ഥലങ്ങളിൽ മാത്രമെ വിതക്കാറുള്ളു. മുളവന്നു ഒരു മാസം കഴിയുമ്പോഴേക്കു ചെടി ഏകദേശം ഒരടി ഉയരത്തിൽ വളരും. ഈ കാലത്തു ഇതിന്നു ഞാർ എന്നാണ് പറയുക. ഞാറു മൂപ്പെത്തിയാൽ പറിച്ചു നടും. ഈ പ്രവൃത്തിക്കു ഇവിടെ നാട്ടിപ്പണി എന്നാണ് പറയുക. ഇതു സാധാരണമായി അധികം മഴ കിട്ടുന്ന മിഥുനം കർക്കടമാസം കാലങ്ങളിലാണ് ചെയ്യുവരാറ്. എന്നാൽ പറിച്ചുനടാത്ത കൃഷി

കളും ഉണ്ട്. അവയുടെ ഇടകളിൽ മററനേകം കളകൾ വന്നു നിറയുന്നതുകൊണ്ടു അവയെ നീക്കംചെയ്തുകൊടു ക്കേണം. കളകൾ പറിച്ചു നീക്കംചെയ്യാത്ത പക്ഷം നെൽകൃഷി വളച്ചുമുട്ടി മോശമായിത്തീരും. ഇങ്ങിനെ എല്ലാ പ്രവൃത്തികളും കഴിഞ്ഞാൽ ചിലതു മൂന്നു മാസം കൊണ്ടും ചിലതു അഞ്ചുമാസംകൊണ്ടും കുലയ്ക്കും.

നെല്ലു കുലക്കേണ്ടുന്ന കാലമാകുമ്പോൾ ചെടിയുടെ തണ്ടിന്നുള്ളിൽ കതിരു വന്നു നിറയും. ആ കാലത്തു ഇതിന്നു പിട്ടൽ എന്നാണ് പറയുക. നാലഞ്ചു ദിവസം പിട്ടലായിത്തന്നെയിരുന്നാൽ പിന്നെ കതിരു പുറത്തേക്കു വരും. കതിരു പുറത്തുവന്നു മൂന്നു നാലു ദിവസം കഴി ഞ്ഞാൽ ഒരു തരം വെളുത്തു ചെറുതായ പൂവ് ഇതിന്മേൽ ഉണ്ടാവുന്നതു കാണാം. ഈ അവസരങ്ങളിൽ മഴയുണ്ടാ യാൽ പൂക്കൾ ഉതിൎന്നു വീണുപോകും. ഈ പൂവ് പിന്നീടു കതിരിൽ പാൽ നിറയുവാൻ കാരണമായിത്തീരുന്നു. ചിലപ്പോൾ കാററിന്റെ ശക്തികൊണ്ടും ചില പ്രാണി കളുടെ ഉപദ്രവംകൊണ്ടും പൂവ് നശിച്ചുപോയാൽ അതിൽ പാൽ നിറയാതെ പതിരായി ഉണങ്ങിക്കിടക്കും. പാൽ ഉറച്ചു മണിയായിത്തീൎന്നാൽ പത്തോ പതിനഞ്ചോ ദിവസംകൊണ്ടു നെല്ലു നല്ലപോലെ ഉണങ്ങുകയും ചെയ്യും. അപ്പോൾ കൊയ്യേണ്ടുന്ന കാലമാണ്. ഈ കാലത്തിന്നു കൊയ്ത്തുകാലം എന്നാണ് പറഞ്ഞുവരാറ്. നെല്ല് പഴുത്താൽ നല്ല മഞ്ഞ നിറമായിരിക്കും. അപ്പോൾ വയൽ

കാണ്മാൻ നല്ല കൌതുകമുണ്ടായിരിക്കും. നെല്ല് കൊയ്തു കൊണ്ടുവന്നു കളങ്ങളിലോ മുററങ്ങളിലോ ഇട്ടു മെതിച്ചു പതിൽ അല്ലെങ്കിൽ തൂളി പോക്കി നല്ല മണി എടുത്തു ഉണക്കി സൂക്ഷിക്കും. നെല്ലു മെതിച്ചെടുത്ത പുല്ല് കന്നു കാലികൾക്കു കൊടുപ്പാനും പുര മേയുവാനും കൊള്ളും. വിത്തിന്നു കരുതേണ്ടുന്ന നെല്ല് പ്രത്യേകം എടുത്തു സൂക്ഷിക്കേണം.

നെല്ലിൽ പല വൎഗ്ഗങ്ങളുണ്ട്. കഴമ, മുണ്ടകൻ, ചിറേറനി, കട്ടാടൻ, വാലി, ചെന്നെല്ല്, തവളക്കണ്ണൻ മുതലായവ സാധാരണമായി മിക്ക സ്ഥലങ്ങളിലും കൃഷി ചെയ്തു വരുന്നവയാണ്. എന്നാൽ പുനംകൃഷിയുടെ നെല്ല് ഒരുതരം വേറെതന്നേയാണ്. ഇവയെല്ലാം ചെടി കൊണ്ടും നെല്ലുകൊണ്ടും വ്യത്യസ്തപ്പെട്ടിരിക്കും. ഇവ കൃഷി ചെയ്യുവാൻ പ്രത്യേകം പ്രത്യേകം കാലങ്ങളുണ്ടു. ഇതിൽ മുണ്ടകൻ എന്ന നെല്ല് വിതച്ചുകഴിഞ്ഞാൽ എട്ടു മാസത്തോളം വയലിൽതന്നെ ഇരിക്കും. ഇങ്ങിനെ നെല്ല് ജനങ്ങളുടെ വലിയ ഒരു വിഭാഗത്തെ തീററിപ്പോററി വരുന്നുണ്ട്.

കേരളത്തിന്റെ പൊതുവേയുള്ള ക്ഷേമത്തിന്നും സമ്പൽ സമൃദ്ധിക്കും മുഖ്യകാരണം നെൽകൃഷിയാകുന്നു. ഈ തൊഴിലിന്നു അധികരിച്ച ധനവ്യയമോ അദ്ധ്വാനമോ വേണ്ടതില്ല. ഓരോ കൃഷിക്കാരന്നും നിലം ഉഴുതു ശരിയാ

ക്കവാൻ ഓരോ ജോടി കാളകളുണ്ടായിരിക്കും. തൈകൾ പറിച്ചു നട്ടുക, വിത്തു വാളുക മുതലായ പ്രവൃത്തികൾ സാധാരണമായി സ്ത്രീകളാണ് ചെയ്യുക. ഈ വക പ്രവൃത്തികളെടുക്കുന്നത് അഭിമാനക്കുറവാണെന്നു അവർ കരുതുകയില്ല.

ലോകത്തിലെ മൂന്നിലൊരുഭാഗം ജനങ്ങളുടെ ഭക്ഷണം അരിയാകുന്നു. ദേഹത്തെ പോഷിപ്പിക്കുന്ന സാധനങ്ങളിൽ ഒന്നായ 'മാവ്' ഇതിൽ ധാരാളമായി അടങ്ങീട്ടുണ്ട്. നെൽകൃഷിയിൽ അഭിരുചി കുറയുന്നതോടുകൂടിയാണ് ലോകത്തിൽ ക്ഷാമം വർദ്ധിക്കുന്നത്. ഇക്കാലത്തു കേരളീയർക്കു നെൽകൃഷിയിൽ അഭിരുചി കുറഞ്ഞിട്ടാണ് കാണുന്നത്. തൽഫലമായി സമ്പൽസമൃദ്ധി തികഞ്ഞ കേരളത്തിൽ ഇന്നു ക്ഷാമത്തിന്റെ ചിഹ്നങ്ങളാണ് കണ്ടു തുടങ്ങിയിരിക്കുന്നതു്.

---

## 3. ഗൌതമൻ ബുദ്ധനായത്.

എകദേശം 2500 കൊല്ലങ്ങൾക്കുമുമ്പ് കപിലവസ്തു എന്ന നഗരത്തിൽ ശാക്യവംശജനായിശ്ശുദ്ധോധനൻ എന്നുപേരായി ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം, സുന്ദരിയും സുശീലയുമായ ഒരു സ്ത്രീയെ വിവാഹംകഴിച്ചു. അവ

ളുടെ പേർ മായാദേവി എന്നായിരുന്നു. ശുദ്ധോധനന്ന് മായാദേവിയിൽ സിദ്ധാൎത്ഥൻ എന്ന ഒരു പുത്രൻ ജനിച്ചു. ഈ കുമാരനാണ് വിശ്വവിശ്രുതനും ബുദ്ധമത സ്ഥാപകനായ ഗൌതമ ബുദ്ധൻ.

ശാക്യവംശാധിപതിയായ ശുദ്ധോധനൻ തന്റെ ഓമന സന്താനത്തിന്നു സിദ്ധാൎത്ഥൻ എന്നു നാമകരണം ചെയ്തു. കുട്ടിയുടെ അസാമാന്യമായ ബുദ്ധിസാമൎത്ഥ്യം സകല ശാസ്ത്രപ്രവീണനായ ഗുരുനാഥനെക്കൂടി അതിശയിപ്പിച്ചിരുന്നു. വേദശാസ്ത്രാദികൾ പഠിച്ചുകഴിഞ്ഞതിന്നു ശേഷം മഹൎഷി ധനുൎവ്വേദത്തേയും ഉപദേശിച്ചു. ധനുൎവ്വേദത്തിൽ അന്നുള്ള വില്ലാളികളെ പരാജയപ്പെടുത്തത്തക്ക വണ്ണം നൈപുണ്യം ഗൌതമൻ സമ്പാദിച്ചിരുന്നു. ശുക്ല പക്ഷത്തിലെ ചന്ദ്രനേപോലെ വളൎന്നുവരുന്ന ഈ കുമാരനെ കണ്ടിട്ട് മാതാപിതാക്കന്മാൎക്കെന്നു മാത്രമല്ല പുരവാസികളായ ഏവൎക്കും അത്യന്തം സന്തോഷമുണ്ടായിരുന്നു.

സിദ്ധാർത്ഥന്റെ ശൈശവത്തിൽ തന്നെ അമ്മയായ മായാദേവി കാലഗതി പ്രാപിച്ചു. മാതാവിന്റെ നിൎയ്യാണം സന്താനങ്ങൾക്കു അസഹനീയമായ ദുഃഖത്തെ ഉണ്ടാക്കുന്നതാണെങ്കിലും പിതാവിന്റെ അതിരുകവിഞ്ഞ ലാളനകൊണ്ട് ആ വിധം ക്ലേശങ്ങൾ അധികമായി സിദ്ധാർത്ഥന്നു അനുഭവിക്കേണ്ടിവന്നില്ല. സമ്പൽ സമൃദ്ധമായ ആ രാജധാനി അളകാപുരിയേയുംകൂടെ അതിശയി

പ്പിക്കുന്ന ഒന്നായിരുന്നു. അങ്ങിനെയുള്ള ഒരു രാജകുഡുംബത്തിൽ യാതൊരു ജീവിതഭാരവും അറിയാതെ ആയിരുന്നു സിദ്ധാൎത്ഥൻ വളൎന്നുവന്നത്. പുരവാസികൾക്കും അമാത്യന്മാൎക്കും ഈ ബാലൻ ഒരു കണ്ണിലുണ്ണിയായിതീൎന്നു. പുത്രന്റെ വളൎച്ചയും അസാമാന്യമായ ബുദ്ധിസാമർത്ഥ്യവും പിതാവിന്ന് സീമാതീതമായ സന്തോഷത്തെ ഉണ്ടാക്കിതീൎത്തു. ഉത്തമ സന്താനലാഭത്തേക്കാൾ ഒരു മാതാപിതാക്കന്മാൎക്ക് മററു എന്തൊരു ഭാഗ്യമാണ് സിദ്ധിക്കാനുള്ളത ? ബാലനായ സിദ്ധാൎത്ഥന്റെ ശൈശവത്തിലുള്ള ഓരോ സംഗതിയും ഭാവിയിൽ ഉണ്ടാവാനിടയുള്ള ശുഭത്തിന്റെ ഓരോ ലാഞ്ഛനമായി കണ്ടുംകൊണ്ടിരുന്നു. കാലം ചെല്ലുന്തോറും സിദ്ധാൎത്ഥന്റെ ഭാവവും മാറിക്കൊണ്ടേയിരുന്നു.

യൌവനത്തിൽ പ്രവേശിച്ച് രാജഭോഗങ്ങളും യുവരാജത്വവും അനുഭവിക്കേണ്ട സിദ്ധാർത്ഥന്നു അങ്ങിനെയുള്ള വിഷയങ്ങളിൽ ദിനം തോറും ശ്രദ്ധ കുറഞ്ഞുകുറഞ്ഞുവരുന്നതായിട്ടാണ് കാണപ്പെട്ടത്. രോഗം, മരണം, ദാരിദ്ര്യം, ദൌൎബ്ബല്യം മുതലായ വിവിധ കഷ്ടങ്ങൾ അനുഭവിക്കുന്ന ജനങ്ങളെ ഓൎത്ത് സിദ്ധാൎത്ഥൻ ഏററവും ദുഃഖിച്ചുതുടങ്ങി. ഇത്തരം പാവങ്ങളെ എങ്ങിനെയാണ് അതിൽനിന്നെല്ലാം സമുദ്ധരിക്കേണ്ടത് എന്നുള്ള ചിന്ത സിദ്ധാർത്ഥനെ സദാ അലട്ടിക്കൊണ്ടിരുന്നു. മനുഷ്യൻ മാത്രമല്ല തിരിയക്കുകളായ മൃഗങ്ങളിൽപോലും സിദ്ധാൎത്ഥൻ

കാരുണ്യം പ്രദർശിപ്പിക്കാതിരുന്നില്ല. പുത്രൻെറ ഇപ്രകാരമുള്ള മനസ്ഥിതിയിൽനിന്നു സിദ്ധാർത്ഥനെ ഒഴിവാക്കുവാൻ ശുദ്ധോധനൻ ആവുന്നതും പ്രയത്നിച്ചുനോക്കി. പക്ഷെ യാതൊരു പ്രയോജനവും ഉണ്ടായില്ല. ഗുണവതിയും രൂപവതിയുമായ ഒരു തരുണിയെ വിവാഹം ചെയ്തു കൊടുത്താൽ ഇപ്രകാരമുള്ള മനോഭാവത്തിൽനിന്നു വ്യതിചലിപ്പിക്കുവാൻ സാധിക്കുമെന്നു കരുതിയിരുന്ന പിതാവ് ആരബ്ധയൌവ്വനനായ തൻെറ പുത്രന്ന് അനുരൂപയായ ഒരു കന്യകാരത്നത്തെ കണ്ടുപിടിച്ച് അവളെ വിവാഹം ചെയ്യിപ്പിച്ചു. നിരുപമമായ രൂപ സൌന്ദര്യമുള്ള അവളുടെ പേർ യശോധര എന്നായിരുന്നു. സാദ്ധ്വിയായ സപത്നിയെ അദ്ദേഹം ഹൃദയംഗമമായി സ്നേഹിച്ചിരുന്നുവെങ്കിലും ആ സുന്ദരിയുടെ ലീലാവിലാസങ്ങൾക്കൊന്നും അദ്ദേഹം വശംവദനായില്ല. എപ്പോഴും ലോകത്തിലെ വിവിധ ക്ലേശങ്ങളെക്കുറിച്ചുള്ള ചിന്തകൾക്കും അതിൻെറ നിവാരണങ്ങൾക്കുമല്ലാതെ സിദ്ധാൎത്ഥൻെറ മനസ്സ് മററൊന്നിന്നും ഇടംകൊടുത്തില്ല.

പ്രാണിഹിംസ മുതലായ ക്രൂരകൃത്യങ്ങളാൽ ഹിന്ദുമതം ഒട്ടധികം ദുഷിച്ചിരുന്ന കാലമായിരുന്നു അത്. യാഗം മുതലായ കൎമ്മങ്ങൾക്ക് നിരുപദ്രവികളായ ചില ജീവികളെ മനുഷ്യർ നിഷ്കരുണം ഹിംസിക്കുമ്പോൾ ഗൌതമൻ കരഞ്ഞിട്ടുണ്ടായിരുന്നുവത്രെ. വാൎദ്ധക്യം, രോഗം, ദാരിദ്ര്യം, പ്രാണിഹിംസ മുതലായവയിൽനിന്നു

മനുഷ്യരെ എങ്ങിനെയെങ്കിലും മോചിപ്പിക്കേണമെന്നുള്ള ഏക വിചാരത്തിൽ അദ്ദേഹം രാപ്പകൽ ഒഴിയാതെ ആഴലോചിച്ചുകൊണ്ടിരുന്നു. കഷ്ടങ്ങളും നഷ്ടങ്ങളും ബാധിക്കാത്ത ആ നിത്യശാന്തി അഥവാ മുക്തി എവിടെയാണെന്നു കണ്ടുപിടിച്ചു അതു് ജനങ്ങളെ ഗ്രഹിപ്പിക്കുവാൻ ബുദ്ധൻ നിശ്ചയിച്ചു.

ഇങ്ങിനെ ഇരിക്കെ ഒരു ദിവസം രാത്രി അദ്ദേഹം ഉറങ്ങിക്കിടക്കുന്ന തൻെറ ഭാൎയ്യയേയും, കുട്ടിയേയും, ഐശ്വൎയ്യ സമ്പൂൎണ്ണമായ കൊട്ടാരത്തേയും, പ്രിയപ്പെട്ട പിതാവിനേയും, ബന്ധുമിത്രങ്ങളേയും ഉപേക്ഷിച്ചു ലോകസുഖം അന്വേഷിച്ചുകൊണ്ടു എങ്ങോട്ടെക്കെന്നില്ലാതെ രാജധാനി വിട്ടു പുറപ്പെട്ടു. ആ അവസരത്തിൽ അദ്ദേഹത്തിന്നു ഇരുപത്തൊമ്പതു വയസ്സു മാത്രമെ പ്രായമായിരുന്നുള്ളു.

നാട്ടുകളും കാട്ടുകളും മലകളും പുഴകളും കടന്നു ലോകത്തിലെ പല സംഗതികൾ കണ്ടു അനുഭവിച്ചറിഞ്ഞുംകൊണ്ടു അദ്ദേഹം പലനാൾ ചുററി സഞ്ചരിച്ചു. ലൌകീകങ്ങളായ സുഖങ്ങളിൽ മനസ്സിരുത്താതെ മനുഷ്യരേയും പക്ഷിമൃഗാദികളേയും ഒരുപോലെ സ്നേഹിച്ചുവന്നു. ഒടുക്കം ഒരു ബോധിവൃക്ഷത്തിൻെറ ചുവട്ടിൽ ചെന്നിരുന്നു തപസ്സ് ചെയ്വാനാരംഭിച്ചു. തീവ്രമായ തപോനിഷ്ഠയോടുകൂടി ഇരിക്കുന്ന ബുദ്ധൻ ഒരുനാൾ ധ്യാനത്തിൽ ലയിച്ചിരിക്കുമ്പോൾ സത്യം പ്രകാശിച്ചുകാണുകതന്നെചെയ്തു.

അതിൽപിന്നെയാണ് സിദ്ധാൎത്ഥന്ന് ജ്ഞാനി എന്നാൎത്ഥമുള്ള ബുദ്ധൻ എന്ന പേർ സിദ്ധിച്ചത്. മനസ്സുകൊണ്ടാവട്ടെ, വാക്കുകൊണ്ടാവട്ടെ കൎമ്മംകൊണ്ടാവട്ടെ ആരേയും ഹിംസിക്കാതേയും എല്ലാവരേയും ഒരുപോലെ സ്നേഹിച്ചുകൊണ്ടും നിസ്സാരങ്ങളായ സുഖാനുഭവങ്ങളെ ആഗ്രഹിക്കാതെ ജീവിക്കുന്നതുമാണ് നിത്യശാന്തിക്കുള്ള മാൎഗ്ഗമെന്ന് ഗൌതമബുദ്ധൻ മനുഷ്യവൎഗ്ഗത്തോടു ഉപദേശിച്ചു. ബുദ്ധമതത്തിലെ പ്രമാണരത്നങ്ങൾ അചിരേണ പല ദിക്കിലും വ്യാപിച്ചു. ഗൌതമബുദ്ധൻെറ പത്നിയും അദ്ദേഹത്തിൻെറ പിതാവും ബുദ്ധമതത്തിൽചേൎന്നു. അധികകാലം കഴിയുന്നതിന്നുമുമ്പായി അശോകചക്രവൎത്തിയുടെ ഉത്സാഹംകൊണ്ടു ബുദ്ധമതം സൎവ്വത്ര പരന്നു. ക്രിസ്തുമതം ഒഴിച്ചാൽ ലോകത്തിലെ അധികഭാഗം ജനസംഖ്യയും ബുദ്ധമതമാണത്രെ വിശ്വസിച്ചുവരുന്നതു്.

---

## ൭. മണ്ണ്.

---

പാറകളുടെ പൊടിച്ചൽകൊണ്ടാണല്ലൊ മണ്ണുണ്ടായിത്തീരുന്നത്. പ്രകൃതിയിൽ സദാ ഉണ്ടായിക്കൊണ്ടിരിക്കുന്ന ചില സംഭവങ്ങളാണ് ഇതിന്നു കാരണം. അവയിൽ മഴ, വെള്ളത്തിൻെറ ഒഴുക്ക്, കാലവ്യത്യാസം മുതലായവ പ്രധാനമായിട്ടുള്ളതുമാണ്.

വൎഷം പാറകളെ പൊടിക്കുവാൻ കാരണമായിത്തീരുന്നത് എങ്ങിനെയാണെന്നു നോക്കുക. പാറകളുടെ ദ്വാരങ്ങളിൽക്കൂടിയും വിടവുകളിൽക്കൂടിയും വെള്ളം താഴോട്ടുപോകുമ്പോൾ പാറകൾക്കു ക്രമേണ ഇളക്കം തട്ടുന്നു. ഇങ്ങിനെയുള്ള ഇളക്കത്താലും മററും ക്രമേണ പാറകളെ നുറുക്കുവാൻ സാധിക്കും. വെള്ളം ഊക്കോടെ ഒഴുകുമ്പോഴും ചെറുതരം കല്ലുകൾ ഒഴുക്കിൽപെട്ടു അന്യോന്യം ഉരസിയും പൊടിച്ചലിന്നു കാരണമായിത്തീരുന്നു. വേനൽകാലമാകുമ്പോൾ വെയിലിന്റെ ശക്തികൊണ്ട് തപിച്ചിരിക്കുന്ന പാറയിന്മേൽ പെട്ടെന്നു മഴ വൎഷിക്കുമ്പോൾ പാറ പൊടിയുവാൻ കാരണമായിത്തീരുന്നു. ഇതിന്നും പുറമെ വേറേയും ചില പ്രത്യേക സംഗതികളാൽ മണ്ണുണ്ടായിത്തീരുന്നുണ്ട്.

ഇങ്ങിനെയുണ്ടാകുന്ന മണ്ണ് അതത് സ്ഥലത്തുതന്നെ നില്ക്കുന്നതായി കാണുന്നില്ല. വെള്ളത്തിന്റെ ഒഴുക്കു നിമിത്തം ഒരിടത്തിലുണ്ടാകുന്ന മണ്ണ് മറെറാരു സ്ഥലത്തു എത്തിച്ചേരുന്നു. വൎഷകാലങ്ങളിൽ നമ്മുടെ മതിലും മററും ഇടിയുന്നതായി നമ്മൾ കണ്ടിട്ടുണ്ടായിരിക്കുമല്ലോ. അങ്ങിനെയുള്ള മണ്ണ് അവിടെത്തന്നെ നില്ക്കാതെ വെള്ളത്തിന്റെ ഊക്കുകൊണ്ട് അടുത്ത പാടങ്ങളിലും മററും വന്നു ചേരുന്നതായി നാം കാണുന്നുണ്ട്. ഇങ്ങിനെ ഒഴുകി പോകുമ്പോൾ തടിച്ച കല്ലും ചരലും ഭൂമിയെ തൊട്ടുകൊണ്ടു നേരിയ മണ്ണായി വെള്ളത്തിൽ കലൎന്നു

മാണ് പോകുന്നതു. വെള്ളത്തിൻെറ ഊക്ക് കുറയു മ്പോൾ കല്ലുചരലും അവിടവിടെ തങ്ങിനിന്നു, വെള്ള ത്തിൽ കലന്ന മണ്ണ് പിന്നെയും ഒഴുകിപ്പോകും. വെള്ളം കെട്ടിനില്ക്കുന്ന സ്ഥലത്തെത്തിയാൽ ഈ നേരിയ മണ്ണ് അവിടെ ഊറി കിടക്കും. ഇങ്ങിനെ ഊറി കിടക്കുന്ന മണ്ണ് ഏററവും പശിമയുള്ള മണ്ണാകുന്നു. അതു എ പ്പോഴും ചാരലിൻെറയും മററും മീതെ ആയിരിക്കും. ഇതേ കാരണത്തിന്മേൽ തന്നെയാണ് വലിയ നദികളിൽ മുക്കോൺ തുരുത്തികളും മററുമുണ്ടാകുന്നതു്.

ഒരു സ്ഥലം കുഴിച്ചുനോക്കുന്നതായാൽ നമുക്കു പല മാതിരി മണ്ണു കാണാം. ഒന്നാമതായി നല്ല പശിമരാശി യുള്ള മണ്ണും പിന്നീടു പൂഴിയോടു ചേൎന്ന ഒരുതരം മണ്ണും അതിനു ശേഷം കല്ലു ചരലും നിറഞ്ഞ ഒരുതരം മണ്ണും കാണപ്പെടുന്നു. ഇതു കിണറുകളും മററും കുഴിക്കുമ്പോൾ നമുക്കനുഭവമാണല്ലോ.

നിറത്തിനനുസരിച്ചു മണ്ണു തരം തിരിക്കാം. ഇരു മ്പിൻെറ അംശം അധികമായി കലൎന്ന മണ്ണിന്നു് കറുപ്പു നിറം അധികമായി കാണാം. മണ്ണ് ചുവന്നിരിക്കുന്നതും ഇരുമ്പിൻെറ അംശം കലൎന്നിട്ടാണെന്നഭിപ്രായമുണ്ട്. സസ്യാംശങ്ങളും മററും ചീഞ്ഞടിയുന്ന സ്ഥലത്തെ മണ്ണും ഒരുവിധം കറുപ്പായിരിക്കും. കൂടാതെ ആ മണ്ണിന്നു് പശിമ കൂറെ അധികമുണ്ടായിരിക്കും. ഇത്തരം മണ്ണി

ന്നാകുന്നു നാം കളിമണ്ണ് എന്നു പറയുന്നതു. കുറച്ചു കളിമണ്ണെടുത്തു കത്തിച്ചു നോക്കിയാൽ അതിലുള്ള സസ്യാംശങ്ങളെല്ലാം കരിഞ്ഞുപോയതിന്നുശേഷം മണ്ണ് ചുകപ്പ് നിറമായി പരിണമിക്കും.

എല്ലാ മണ്ണുകൾക്കും ജലത്തെ ശേഖരിച്ചു വെക്കേണ്ടുന്ന ശക്തി ഒരുപോലെ ഇല്ല. പൂഴി കലപ്പുള്ള മണ്ണിൽ വെള്ളം വീണാൽ ഉടനെ വാന്നു പോകുന്നതായി കാണാം. ഇതിൻെറ കാരണം ആ മണ്ണിൽ പരമാണുക്കളുടെ അടുപ്പം അധികം ഉള്ളതുകൊണ്ടാകുന്നു. കളിമണ്ണിൽ വെള്ളം ഒഴിച്ചാൽ കുറേഅധിക സമയത്തേക്ക് അങ്ങിനെ തന്നെ നില്ക്കും. ഭൂമിയുടെ ചില സ്ഥലത്ത് ഉപരിഭാഗം അധികം ഉണങ്ങിട്ടുണ്ടെങ്കിലും കുറച്ചു ആഴത്തിൽ കുഴിച്ചു നോക്കിയാൽ അവിടെ വെള്ളത്തിൻെറ കലപ്പുള്ളതായി കാണാം.

എല്ലാ മണ്ണുകളിലും സസ്യപോഷകാംശങ്ങൾ ഒരുപോലെ ആയിരിക്കയില്ല. അതുകൊണ്ടു എല്ലാ സസ്യങ്ങളും ഒരേസ്ഥലത്ത് വളരുന്നതായും നാം കാണുന്നില്ല. ഉൾപ്രദേശങ്ങളിൽ സമൃദ്ധിയായി വളരുന്നതുപോലെ സസ്യങ്ങൾ കളിമൺപ്രദേശങ്ങളിലോ കറുത്ത മൺപ്രദേശങ്ങളിലോ നാം കാണാറില്ല. ഇങ്ങിനെ മണ്ണിൻെറ നിറവും ഗുണവും പല തരത്തിലാകുന്നു.

# 5. ശകുന്തള.

ഇന്ദ്രപദത്തെ കരസ്ഥപ്പെടുത്തുവാൻ അത്യുഗ്രമായ തപസ്സു ചെയ്തുകൊണ്ടിരിക്കുന്ന വിശ്വാമിത്രമഹൎഷിയുടെ തപോഭംഗം വരുത്തുവാൻ ദേവേന്ദ്രൻ മേനക എന്ന അപ്സരസ്ത്രീയെ നിയോഗിച്ചു ഭൂമിയിലേക്കയച്ചു. മേനക വിശ്വാമിത്രൻെറ തപോവനത്തിൽ പ്രവേശിച്ചു ശൃംഗാര ചേഷ്ടകളെക്കൊണ്ടു അദ്ദേഹത്തിൻെറ തീവ്രതപസ്സിനെ മുടക്കുകയും മേനകയിൽ അനുരക്തനായ വിശ്വാമിത്രൻ അവളെ പരിഗ്രഹിക്കുകയും തൽഫലമായി ഒരു പെൺകുട്ടി ജനിക്കുകയും ചെയ്തു. പിന്നീടു തൻെറ തപോവിഘ്നത്തെ ഓൎത്തു ക്രോധപരവശനായ വിശ്വാമിത്രൻ പുത്രിയെ ഉപേക്ഷിക്കുകയും വീണ്ടും തപസ്സിന്നായി വട്ടം കൂട്ടുകയും ചെയ്തു. മേനകയും അതേവഴി കുട്ടിയെ ആററിൻ കരയിൽ ഉപേക്ഷിച്ചു ദേവലോകത്തേക്കും പോയി.

ആ വഴിയിൽകൂടി സ്നാനത്തിന്നായി മാലിനീതീരത്തേക്കു പോകുന്ന കണ്വമഹൎഷി, കൈകാൽകുടഞ്ഞു കളിക്കുന്ന കുട്ടിയെ കണ്ടെത്തുകയും ഉടനെ അതിനെ എടുത്ത് ആശ്രമത്തിൽ കൊണ്ടുപോയി വളൎത്തുവാൻ താപസികളെ ഏല്പിക്കുകയുംചെയ്തു. കണ്വമഹൎഷി രൂപവതിയായ ഈ പെൺകുട്ടിക്കു ശകുന്തള എന്നു പേരിട്ടു. തൻെറ ആശ്രമത്തിലുള്ള താപസകന്യകമാരുടെ ഒന്നിച്ചു

വളൎന്നുവന്ന ശകുന്തള അധികം താമസിയാതെ സൎവ്വൎക്കും ആനന്ദം ജനിപ്പിക്കുമാറ് സൌന്ദൎയ്യത്തിലും സ്വഭാവഗുണത്തിലും അദ്വിതീയയായിതീൎന്നു. തന്റെ വളൎത്തച്ഛനായ കണ്വമഹൎഷിക്കും അവളിൽ അതിരററ വാത്സല്യമുണ്ടായി.

ഈ അവസരത്തിൽ പൂരുവംശരാജാവായ ദുഷ്യന്തൻ നായാട്ടിന്നായി ആ വനത്തിൽ വരികയുണ്ടായി. നായാടിക്കൊണ്ടിരിക്കുംമദ്ധ്യെ ആശ്രമ മൃഗമായ ഒരു മാനിന്റെ പിന്നാലെ അസ്ത്രവും തൊടുത്തുകൊണ്ടു ഓടിക്കൊണ്ടിരിക്കുമ്പോൾ ആ മൃഗം ആശ്രമത്തിലെ വളൎത്തുമൃഗമാണെന്നും അതിനെ കൊല്ലരുതെന്നും ചില മഹൎഷിമാർ രാജാവിനെ അറിയിച്ചു. തങ്ങൾ കണ്വമഹൎഷിയുടെ ശിഷ്യന്മാരാണെന്നും കുലപതിയായ കണ്വന്റെ ആശ്രമം ഇതിനടുത്താണെന്നും മഹൎഷിമാർ രാജാവിനെ അറിയിച്ചു. അസ്ത്രത്തെ പ്രതിസംഹരിച്ചു രാജാവ് കണ്വമഹൎഷിയുടെ ആശ്രമത്തിലേക്കു ചെന്നു. അപ്പോൾ കണ്വമഹൎഷി അവിടെ ഉണ്ടായിരുന്നില്ല. തന്റെ പൎണ്ണശാലയിൽ അതിഥിപൂജക്കായി ശകുന്തളയേയും ഏല്പിച്ചു മഹൎഷി എവിടേയോ പോയിരുന്നു. ദുഷ്യന്തൻ ആശ്രമത്തിൽ പ്രവേശിച്ചപ്പോൾ യൌവ്വനയുക്തകളായ സ്ത്രീരത്നങ്ങൾ ആ ആശ്രമവൃക്ഷങ്ങൾക്ക് വെള്ളം നനക്കുന്ന കാഴ്ചയാണ് കണ്ടത്. കന്യകമാരുടെ ദൎശനം രാജാവിന്നു അതിയായ സന്തോഷത്തെ ഉണ്ടാക്കിത്തീൎത്തു. അദ്ദേഹം കാട്ടിൽ ഒരു മരം മറഞ്ഞുനിന്നുകൊണ്ട് കന്യകമാർ ചെയ്യുന്ന പ്രവൃത്തിയെ

സൂക്ഷിച്ചുകൊണ്ടിരുന്നു. എങ്ങിനെയെങ്കിലും ഒരുവിധത്തിൽ അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടേണമെന്നു വിചാരിച്ചുകൊണ്ടിരുന്ന ദുഷ്യന്തന്നു് ഏറെ താമസിയാതെ ഒരവസരം ലഭിച്ചു. പുഷ്പങ്ങളിൽനിന്നു് ഇളകി പുറപ്പെട്ട ഒരു വണ്ടു് ശകുന്തളയുടെ മുഖത്തെ സ്പർശിക്കുവാൻ ഭാവിച്ചപ്പോൾ അവൾ തൻെറ സഖിമാരായ അനസൂയയോടും പ്രിയംവദയോടും അതിനെ ദൂരെ അകററുവാൻ ആവശ്യപ്പെട്ടു. വണ്ടിനെ അകററുവാൻ തങ്ങളാൽ ആവില്ലെന്നും രാജാവിനെ വിളിച്ചു നിലവിളിക്കേണമെന്നും പറഞ്ഞു. ഇപ്രകാരമുള്ള തോഴികളുടെ വാക്കിനെ കേട്ട ഉടനെ തന്നെ ദുഷ്യന്തൻ താനൊളിച്ചുനിന്ന സ്ഥലത്തുനിന്നു ഇവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു.

ആഗതനെ കണ്ട ഉടനെ കന്യകമാർ കുറച്ചു പരിഭ്രമിച്ചുവെങ്കിലും അദ്ദേഹം ദുഷ്യന്തമഹാരാജാവാണെന്നറിഞ്ഞപ്പോൾ അവർ ആശ്ചര്യപ്പെടുകയുംചെയ്തു. സഖിമാരുടെ വാക്കിൽനിന്നു ശകുന്തളയുടെ ഉത്ഭവത്തെപ്പററിയും കണ്വാശ്രമത്തിൽ വളൎന്നതിനെപ്പററിയും മററും മനസ്സിലാക്കിയ രാജാവിന്നു് ശകുന്തളയിൽ അതിയായ അനുരാഗമുണ്ടായി. അപ്രകാരംതന്നെ ശകുന്തളക്കു് അദ്ദേഹത്തിൻെറ പേരിലും ഒരാവേശം തോന്നി. ഇരുവരുടേയും അന്തൎഗ്ഗതം മനസ്സിലാക്കിയ സഖിമാർ അവരുടെ അനുരാഗത്തെ സഫലമാക്കിത്തീൎക്കുവാൻ കഴിയുന്നവിധത്തിലെല്ലാം യത്നിച്ചു. ദുഷ്യന്തൻെറ അനുരാഗം അത്യധികം

വൎദ്ധിക്കുകയാൽ ഏറെ താമസിയാതെ ശകുന്തളയെ അദ്ദേഹം ഗാന്ധൎവ്വമായി വിവാഹം ചെയ്യുകയും ചെയ്തു.

കുലപതിയായ കണ്വൻ മടങ്ങിയെത്തിയപ്പോൾ പുത്രിയുടെ പരിണയവൃത്താന്തം അറിഞ്ഞു വളരെ സന്തോഷിക്കുകയും ഗൎഭവതിയായ തന്റെ പുത്രിയെ ഉടനെതന്നെ ഭൎത്തൃഗൃഹത്തിലേക്കയക്കുവാൻ വേണ്ടപ്പെട്ട ഒരുക്കങ്ങളും ചെയ്തു. വളരെ കാലം ഒന്നായി താമസിച്ച വളൎത്തു പുത്രിയെ പിരിയുന്നതിൽ കണ്വമഹൎഷിക്കു അതിയായ കുണ്ഠിതമുണ്ടായെങ്കിലും വളരെ സാഹസപ്പെട്ടു് ഒടുവിൽ താപസന്മാരോടുകൂടെ അവളെ യാത്രയയക്കുകയും ചെയ്തു. ശാൎങ്ഗരവൻ, ശാരദ്വതൻ, ഗൌതമി എന്നിവരോടുകൂടി ശകുന്തള സഞ്ചരിക്കുംമദ്ധ്യെ ശചീതീൎത്ഥമെന്ന തടാകത്തിൽ ഇറങ്ങി വെള്ളം കുടിക്കുകയുണ്ടായി. അപ്പോൾ ദുഷ്യന്തൻ തന്റെ ഓൎമ്മക്കായി അവൾക്കു സമ്മാനിച്ചതും ദുൎവ്വാസാവിന്റെ ശാപത്തിന്നു പ്രതിവിധിയുമായുള്ള രത്നമോതിരം ശകുന്തള അറിയാതെ വിരലിൽനിന്നിളകി വെള്ളത്തിൽ വീണുപോയി. വെള്ളംകുടിച്ചു ദാഹംതീൎന്ന ശേഷം അവർ അവിടെനിന്നു വീണ്ടും യാത്രതുടൎന്നു രാജധാനിയിൽ ചെന്നു. താപസന്മാർ കണ്വശാസനത്തെ അറിയിച്ചപ്പോൾ ദുൎവ്വാസാവിന്റെ ശാപശക്തിയാൽ ദുഷ്യന്തന്നു് ശകുന്തളയെ മനസ്സിലായില്ല. ശാപമോക്ഷത്തെ വരുത്തുന്ന രത്നമോതിരം കാണിച്ചു രാജാവെ അറിയിക്കാമെന്നു വെച്ചു വിരൽ തപ്പിനോക്കിയപ്പോൾ

മോതിരം കണ്ടില്ല. അക്കാരണത്താൽ തന്നെ വഞ്ചിക്കാൻവേണ്ടി താപസന്മാർ ഒരു സ്ത്രീയേയുംകൊണ്ടു വന്നിരിക്കുന്നുവെന്നു പറഞ്ഞു; ദുഷ്യന്തൻ രാജസദസ്സിൽവെച്ചു അവരെയെല്ലാവരേയും അധിക്ഷേപിക്കുകയാണുണ്ടായത്. ഭാൎയ്യയോടു ഭൎത്താവിന്നു എന്തധികാരവും പ്രയോഗിക്കാമെന്നുപറഞ്ഞുകൊണ്ടു താപസന്മാർ ശകുന്തളയെ അവിടെ തനിച്ചു വിട്ടുകൊണ്ട് ആശ്രമത്തിലേക്കു മടങ്ങി. ഭൎത്താവാൽ ഉപേക്ഷിക്കപ്പെട്ട ശകുന്തള വ്യസനാക്രാന്തയായി നില്ക്കുന്നതു കണ്ടപ്പോൾ ആകാശത്തിൽനിന്നു മേനക ഇറങ്ങിവന്നു വിഷണ്ണയായ സ്വപുത്രിയെ എടുത്തുകൊണ്ടു പോകുകയും ചെയ്തു. മേനക ഗൎഭിണിയായ ശകുന്തളയെ മരീചിമഹൎഷിയുടെ ആശ്രമത്തിൽ കൊണ്ടാക്കുകയും അവിടെവെച്ചു അവൾ ഒരാൺകുട്ടിയെ പ്രസവിക്കുകയും ചെയ്തു.

ഇതിലിടക്കു രാജാവിൻെറ പേർകൊത്തിയ രത്നമോതിരം ഒരു മുക്കുവൻമുഖേന ദുഷ്യന്തന്നു കിട്ടുവാൻ സംഗതിയായി. മോതിരം കണ്ടപ്പോഴേക്കും രാജാവിന്ന് കഴിഞ്ഞ സംഭവങ്ങൾ മുഴുവനും ഓൎമ്മവന്നു. സ്വഭാൎയ്യയെ ഗൎഭിണിയായ നിലയിൽ ഉപേക്ഷിച്ചതോൎത്ത് അദ്ദേഹം വളരെ വ്യസനിച്ചു.

ഈ കാലത്തു ദേവേന്ദ്രൻെറ കല്പനപ്രകാരം ദുഷ്യന്തചക്രവൎത്തിയെ അസുരന്മാരോടു യുദ്ധംചെയ്യുവാൻവേണ്ടി

കൂട്ടിക്കൊണ്ടുപോകുവാൻ സാരഥിയായ മാതലി ദേവലോകത്തുനിന്ന് രഥത്തോടുകൂടെ വന്നെത്തിയിരുന്നു. ഇന്ദ്ര കല്പനയെ അനുസരിച്ചുകൊണ്ട് രാജാവു ഉടനെ യാത്രയായി. യുദ്ധത്തിന്നുശേഷം രാജാവ് രാജധാനിയിൽ തിരിച്ചുവരുന്നവഴിക്ക് മാരീചമഹർഷിയുടെ ആശ്രമത്തിൽ ഇറങ്ങുകയും ചെയ്തു. അവിടെവെച്ചു താൻ ഉപേക്ഷിക്കപ്പെട്ട ശകുന്തളയേയും അവളിൽ തനിക്കുണ്ടായ പുത്രനേയും കണ്ടു രാജാവ് ഏററവും സന്തോഷിച്ചു. അദ്ദേഹം ഉടനെ മാരീചമഹർഷിയുടെ അനുഗ്രഹത്തോടുകൂടി പുത്രനേയും ധർമ്മപത്നിയായ ശകുന്തളയേയും കൂട്ടി രാജ്യത്തിൽ മടങ്ങിവരികയും സർവ്വ സുഖഭോഗങ്ങളോടുകൂടി ചിരകാലം രാജ്യം ഭരിക്കുകയുംചെയ്തു.

---

## 6. ലോഹങ്ങൾ.

ഭൂഗോളത്തിന്റെ അന്തർഭാഗത്തിൽ മനുഷ്യർക്കു ഉപയോഗമുള്ളതും ദേഹാദ്ധ്വാനംകൊണ്ടു മാത്രം സ്വാധീനമാകുവാൻ കഴിയുന്നതുമായ നിരവധി ധാതുദ്രവ്യങ്ങൾ മറഞ്ഞു കിടക്കുന്നുണ്ടു. അവയിൽ പ്രധാനമായവ ലോഹങ്ങൾ അത്രേ. ലോഹങ്ങൾ ഏഴുപത്തഞ്ചു തരമുണ്ടെന്നു ഭൂഗർഭശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും അവ

യിൽ മുഖ്യമായവ പഞ്ചലോഹങ്ങളാണ്. സ്വർണ്ണം, വെള്ളി, ചെമ്പു, ഇരുമ്പു, ഈയം എന്നീ അഞ്ചുതരം ലോഹങ്ങളെ കാണാത്തവരും ഉപയോഗിക്കാത്തവരും പരിഷ്കൃത ദേശങ്ങളിൽ ഇല്ലെന്നുതന്നെ പറയാം.

മനുഷ്യർ അന്യോന്യം നടത്തുന്ന ക്രയവിക്രയം നിർണ്ണയിക്കുവാൻ കോയ്മ നിയമദൃഷ്ട്യാ നടപ്പിൽവരുത്തിയ നാണ്യങ്ങളും, നമ്മുടെ നിത്യ ഉപയോഗത്തിന്നായി ഉണ്ടാക്കുന്ന പാത്രങ്ങളും, ആഭരണങ്ങളും, മററും സ്വർണ്ണം വെള്ളി ചെമ്പു എന്നിവകൊണ്ടാണ് ഉണ്ടാക്കുന്നത്. വീട്ടുപണിക്കുപയുക്തമായ സാധനങ്ങൾ, വാഹനങ്ങൾ, നാനാപ്രകാരത്തിലുള്ള ആയുധങ്ങൾ, യന്ത്രങ്ങൾ, തീവണ്ടിപാതകൾ മുതലായവ ഇരിമ്പു ഉരുക്കു എന്നിവകൊണ്ടും നേർമ്മയിലുള്ള തകിടുകൾ, പെട്ടികൾ, കളിക്കോപ്പുകൾ തുടങ്ങിയ പല സാധനങ്ങൾ ഈയം കൊണ്ടും ഉണ്ടാക്കുന്നു. പഞ്ചലോഹങ്ങൾ ഓരോന്നായിട്ടും തമ്മിൽ കൂട്ടിചേർത്തും മനുഷ്യർ യഥാക്രമം ഉപയോഗിച്ചു വരുന്നു.

പരിശ്രമശീലന്മാരായ ഭൂഗർഭശാസ്ത്രജ്ഞന്മാർ ലോഹങ്ങൾ ഒളിഞ്ഞുകിടക്കുന്ന സ്ഥലം കണ്ടുപിടിക്കുന്നു. അതിൽ പിന്നെ അനേകായിരം വേലക്കാരുടെ സഹായത്തോടും യന്ത്രശക്തികൊണ്ടും വലിയ ഖനികൾ ഉണ്ടാക്കി പാറ, മണ്ണു എന്നിവയോടു ചേർന്നുകിടക്കുന്ന ലോഹങ്ങൾ ഭൂമിയുടെ അടിഭാഗത്തുനിന്നും കുഴിച്ചെടുക്കുന്നു. മണ്ണോടു

കലൎന്നിട്ടുള്ള ലോഹക്കൂട്ട് യന്ത്രശക്തികൊണ്ടു പലപ്രാവശ്യവും പല പ്രകാരത്തിൽ ശുദ്ധിചെയ്തു ഉപയോഗപ്രദമായ രീതിയിൽ തരംതിരിക്കുന്നു. ലോഹഖനികളിൽ ചിലതു കോയ്മയുടെ അധീനത്തിലാണുള്ളത്. അനേകായിരം പവൻ ചിലവുചെയ്തു ഖനികൾ വെട്ടിയുണ്ടാക്കി അത്യന്താപേക്ഷിതമായ വിലപിടിച്ച യന്ത്രങ്ങൾ സ്ഥാപിക്കുന്നു. അസംഖ്യം കൂലിക്കാരെനിയമിച്ചു ഉത്തരവാദിത്വമുള്ളതും ആരംഭത്തിൽ വമ്പിച്ച ധനവ്യയമുള്ളതുമായ ജോലി നിൎവ്വഹിക്കുവാനുള്ള കെല്പു ഇന്നാട്ടിലെ ധനികന്മാൎക്കില്ല; തന്നിമിത്തം വൈശ്രവണതുല്യരായ വിദേശിയർ ഒത്തുചേൎന്നു കമ്പനിസ്ഥാപിച്ചു ഈ വക കാൎയ്യങ്ങളിൽ പ്രവേശിക്കുകയോ കോയ്മതന്നെ നേരിട്ടു നടത്തുകയോ ആണ് പതിവു.

നാം സാധാരണമായി ഉപയോഗിച്ചുവരുന്ന ലോഹങ്ങളിൽ ഏററവും വിലപിടിച്ചതു സ്വൎണ്ണം തന്നെയാണ്. ഇതിന്നു, ഹേമം, കാഞ്ചനം, സുവൎണ്ണം, കനകം, മുതലായി പല പേരുകളുമുണ്ടു. ഒരു ഉറുപ്പികത്തൂക്കം സ്വൎണ്ണത്തിന്നു മുപ്പതു ഉറുപ്പികയോളം വിലയുണ്ടു. പണ്ടു കാലങ്ങളിൽ സുവൎണ്ണനാണ്യങ്ങൾ ധാരാളം നടപ്പുണ്ടായിരുന്നത്രെ. സ്വൎണ്ണത്തിന്നു വിലകൂടിയതോടുകൂടി ഇന്ത്യയിൽ പവൻ ഒഴികെയുള്ള നാണ്യങ്ങൾ അധികവും പുറരാജ്യങ്ങളിലേക്കു കയററി പോകയാണുണ്ടായത്. പ്രതിവൎഷം ഇന്ത്യയിൽനിന്നു കോടാനുകോടി ഉറുപ്പിക വിലക്കുള്ള

സ്വൎണ്ണം പുറരാജ്യത്തേക്കു പോകുന്നുണ്ടു. പരിശുദ്ധമായ സ്വൎണ്ണത്തിന്നു 'തങ്കം' എന്നാണ് പറയുക. പലതരത്തിലുള്ള മാററനുസരിച്ചു സ്വൎണ്ണത്തെ തരം തിരിക്കുന്നു. ഇതിൽ തങ്കമെന്നു പറയുന്ന സാധനം പത്തരമാററുള്ളതാണെന്നു കണക്കാക്കിയിരിക്കുന്നു. ചില ഔഷധങ്ങൾക്കും അമ്പലങ്ങളിലുള്ള പ്രതിമകൾക്കും ധനികന്മാരുടെ ആഭരണങ്ങൾക്കും നാണ്യങ്ങൾ അടിക്കേണ്ട ആവശ്യങ്ങൾക്കും 'തങ്കം' ഉപയോഗിക്കുന്നു. ലോകത്തിലെ സ്വൎണ്ണഖനികളിൽ ഒന്നു ഇന്ത്യയിലാണുള്ളതു. മൈസൂർ അതിൎത്തിയിൽപ്പെട്ട കോലാർ എന്ന സ്ഥലത്താണ് ഈ സ്വൎണ്ണഖനി സ്ഥിതിചെയ്യുന്നതു. സ്വൎണ്ണം വായുവിൽ ലയിച്ചുപോകുവാൻ വളരെ കാലതാമസം നേരിടുന്നു. സൂൎയ്യപ്രകാശംകൊണ്ടു ഇതിൻെറ നിറം മങ്ങുകയില്ല. ശുദ്ധസ്വൎണ്ണം വളരെ പതമുള്ളതും അടിച്ചുപരത്തിയാൽ വലിയുന്നതുമാകുന്നു. ആഭരണങ്ങൾ ഉണ്ടാക്കുവാൻ കുറഞ്ഞൊരുഭാഗം ചെമ്പും സ്വൎണ്ണത്തിൽ ചേരണമത്രെ. നാം സാധാരണമായി കണ്ടുവരുന്ന പവൻ നാണ്യത്തിൽ ചെമ്പു കലൎന്നിട്ടുണ്ട്. നാം നിത്യേന ഉപയോഗിക്കുന്ന ലോഹങ്ങളിൽവെച്ചു ഏററവും ഘനമുള്ളതും വിലയുള്ളതും മനുഷ്യർ സമ്പാദിക്കുവാൻ ഇഷ്ടപ്പെടുന്നതും സ്വൎണ്ണം തന്നെയാണ്.

പഞ്ചലോഹങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്തതും സ്വൎണ്ണമൊഴിച്ചു സാധാരണമായി ഉപയോഗിക്കുന്ന

മററു ലോഹങ്ങളെക്കാൾ അധികം വിലയുള്ളതും വെള്ളിയാണ്. ഖനിയിൽ നിന്നു കുഴിച്ചെടുക്കുമ്പോൾ ഇതു ഗന്ധകം ഈയ്യം മുതലാവയോടു ചേൎന്നിരിക്കുമത്രെ. എന്നാൽ രസവുംകൂടി ഉരുക്കിയാൽ ശുദ്ധമായ വെള്ളി പ്രത്യക്ഷപ്പെടും. കാററുതട്ടിയാൽ വെള്ളിയുടെ സ്വന്തവെയുള്ള നിറം മങ്ങുമെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ഒരു ഉറുപ്പിക, അര ഉറുപ്പിക, ഷില്ലിങ്ങ് മുതലായ നാണ്യങ്ങൾ വെള്ളികൊണ്ടുള്ളവയാണ്. പതമുള്ള ലോഹമാകയാൽ കട്ടപ്പം കിട്ടേണ്ടതിലേക്കായി വെള്ളിനാണ്യങ്ങൾ ആഭരണങ്ങൾ എന്നിവ തീക്കുമ്പോൾ ചെമ്പു ചേക്കാറുണ്ട്.

സ്വൎണ്ണവും വെള്ളിയും ഒഴിച്ചാൽ കൂടുതൽ പ്രാധാന്യമുള്ള ലോഹം ചെമ്പുതന്നെയാണ്. വീട്ടുപാത്രങ്ങളും വിദ്ല്യഛക്തി വ്യാപിക്കുവാൻ സഹായകമായിത്തീരുന്ന കമ്പികൾക്കും അധികമായും ഈ ലോഹം ഉപയോഗിക്കും. ഇതിന്നു റാത്തലിന്നു ആറണ മുതൽ എട്ടണയോളം വിലയുണ്ടു. ചെമ്പിൽ മയിൽതുത്തമെന്ന വിഷസാധനം അടങ്ങീട്ടുണ്ടത്രെ. ഈയം പൂശാത്ത ചെമ്പുപാത്രങ്ങൾ ഭക്ഷണസാധനങ്ങൾ പാകം ചെയ്യുവാൻ ഒരു കാലത്തും ഉപയോഗിക്കരുതു. പുളിരസമുള്ള കറികളോ പാനീയങ്ങളോ ചെമ്പുപാത്രങ്ങളിൽ സൂക്ഷിക്കാറില്ല. അരയണ, കാലണ, ചക്രം, കാശു എന്നീ സൎവ്വ സാധാരണമായിത്തീൎന്നിട്ടുള്ള നാണ്യങ്ങളും ചെമ്പുകൊണ്ടാണല്ലോ ഉണ്ടാക്കുന്നതു.

ചെമ്പിനേക്കാറം വിലകുറഞ്ഞതാണെങ്കിലും മനുഷ്യ ൎക്ക അത്യന്തം ഉപകരിക്കുന്ന മററൊരു ലോഹം ഇരുമ്പാ ണ്. പഞ്ചലോഹങ്ങളിൽ കട്ടപ്പമേറിയതും മനുഷ്യൎക്ക ഉ പയോഗമുള്ള പല ഉപകരണങ്ങറംക്കുപയോഗിക്കുന്നതും ഇരിമ്പുതന്നെയാണ്. ഖനികളിൽനിന്നു കുഴിച്ചെടുക്കുന്ന ഇരിമ്പു ഉരുക്കിയെടുത്താൽ അതിന്നു വാൎപ്പിരുമ്പു എന്നു പറയും. വലിയതരം എട്ടപ്പുകറംക്കും പാലങ്ങറംക്കും മററും ഇത്തരം ഇരുമ്പു ഉപയോഗിക്കുന്നു. വാൎപ്പിരുമ്പു ഉരുക്കി യാൽ 'പച്ചിരുമ്പു' ആയിത്തീരുന്നു. ഇതിന്നുറപ്പുണ്ടെങ്കിലും അടിച്ചു പട്ടയാക്കി നീട്ടുവാൻ പ്രയാസമില്ല. ചങ്ങല മുത ലായവ ഇതുകൊണ്ടത്രെ ഉണ്ടാക്കുന്നതു. പച്ചിരിമ്പു വീ ണ്ടും ഉരുക്കിയാൽ കട്ടപ്പമധികമുള്ള 'ഉരുക്ക്' എന്ന സാ ധനമായ്ത്തീരുന്നു. തോക്കുകറം, വാറം, കുന്തം മുതലായ യു ദ്ധോപകരണങ്ങളും ക്ഷൌരകത്തി മുതലായവയും 'ഉരു ക്ക'കൊണ്ടാണ് ഉണ്ടാക്കുന്നതു. മനുഷ്യൎക്ക നാനാപ്രകാര ത്തിൽ ഉപകരിക്കുന്ന ഈ ലോഹം ഇന്ത്യാരാജ്യത്തിലെ ചില ഭാഗങ്ങളിൽ സുലഭമായി കിട്ടുന്നു.

പഞ്ചലോഹങ്ങളിലുറംപ്പെട്ട 'ൟയം' കൊണ്ടു പാന പാത്രങ്ങറം, കുഴലുകറം മുതലായവയുണ്ടാക്കുന്നു. സ്വൎണ്ണ മൊഴിച്ചാൽ കൂടുതൽ ഘനമുള്ള ലോഹം ഇതാണ്. 'ൟ യം' രണ്ടു തരത്തിലാണുള്ളതു. വെള്ളീയമെന്നു പറയുന്ന ഒരുതരം നല്ല പ്രകാശമുള്ളതും ഭക്ഷണപാത്രങ്ങറം മുതലാ

യവ പൂശുന്നതിന്നു ഏററവും ഉപകരിക്കുന്നതുമാണ്. കാരീയം എന്നു പറയുന്നതു വെള്ളീയത്തേക്കാൾ ഗുണംകുറഞ്ഞതും വിലകുറവുള്ളതുമാണ്.

ഇവയ്ക്കു പുറമെ നാം സാധാരണയായി ഉപയോഗിക്കാത്തതും കൂടുതൽ വിലയുള്ളതും ദീപ്തിമത്തായിട്ടുള്ളതുമായ ലോഹമാണ് 'റേഡിയം'. സൂര്യപ്രകാശം തീരെയില്ലാത്ത അവസരങ്ങളിൽകൂടി ഇതിന്നു പ്രകാശമുണ്ടു. ഇതു ദുർല്ലഭമായിട്ടെ കാണാറുള്ളു. അതിനാൽ അതിന്നു അധികം വിലയും കൊടുക്കേണ്ടിവരുന്നു. 'പ്ലാററിനം' എന്നു പറയുന്ന ഒരു ലോഹം കണ്ടുപിടിച്ചിട്ടു അധിക കാലമായിട്ടില്ല. ദ്രവണശീഘ്രത അത്യന്തം കുറഞ്ഞ ഈ ലോഹം വളരെ ഘനമുള്ളതും വിദ്യുച്ഛക്തിസ്ഫുരിപ്പിക്കുന്നതിന്നു വേണ്ടിയും ഉപയോഗിക്കുന്നു. എല്ലാ ലോഹങ്ങളിലും വെച്ചു ഏററവും വിലപിടിച്ചതും അപൂർവ്വം ചില അവസരങ്ങളിൽ മാത്രം കിട്ടിവരുന്നതുമായ ഈ ലോഹത്തിൻെറ ഉപയോഗക്രമങ്ങൾ നിർണ്ണയിക്കുവാൻ ശാസ്ത്രഗവേഷകന്മാർ പല ശ്രമങ്ങളും ചെയ്തുവരുന്നുണ്ടു്.

# 7. മന്ഥരയുടെ ദുരുപദേശം

കൈകേയിയോടു

"പാപേ! മഹാഭയ കാരണം കേൾക്ക നീ
ഭൂപതി നിന്നെ വഞ്ചിച്ചതറിഞ്ഞില്ലേ?
തൽപുത്രനായ ഭരതനെയും ബലാൽ
തൽപ്രിയനായ ശത്രുഘ്നനേയും നൃപൻ
മാതുലനെ കാണ്മതിനായയച്ചതും
ചേതസി കല്പിച്ചുകൊണ്ടുതന്നെയിതും
രാജ്യാഭിഷേകംകൃതം രാമനെങ്കിലോ
രാജ്യാനുഭൂതി സൌമിത്രിക്കു നിർണ്ണയം.
ഭാഗ്യമത്രെ സുമിത്രയ്ക്കുതാൻ കണ്ടു
നിർഭാഗ്യയായ നീ ദാസിയായ് നിത്യവും
കൌസല്യതന്നെ പരിചരിച്ചീടുക
കൌസല്യാനന്ദനൻതന്നെ, ഭരതനും
സേവിച്ചുകൊണ്ടു പൊറുക്കെന്നുവരും.
ഭാവിക്കയുംവേണ്ട രാജ്യസ്ഥാനമേതുമേ
നാട്ടിൽനിന്നാട്ടിക്കളകിലുമാമൊരു
വാട്ടംവരാതെ വധിച്ചീടുകിലുമാം
സാപത്ന്യജാതപരാഭവംകൊണ്ടുള്ള
താപവും പൂണ്ടു ധരണിയിൽ വാഴ്കയിൽ
നല്ലു മരണമതിനില്ല സംശയം
ചൊല്ലുവൻ ഞാൻ തവ നല്ലതു കേൾക്ക നീ!
ഉത്സാഹമുണ്ടു നിനക്കെങ്കിലിക്കാലം

തല്സുതൻതന്നെ വാഴിക്കും നരവരൻ
രാമനീരേഴാണ്ടു കാനനവാസവും
ഭൂമിപാലാജ്ഞയാ ചെയ്യുമാറാകണം
നാടടക്കം ഭരതന്നു വരുമതി
പ്രൌഢകീർത്ത്യാ നിനക്കും വസിക്കാം ചിരം.
വേണമെന്നാകിലിതിന്നൊരുപായവും
പ്രാണസമേ! ത്തവ ചൊല്ലിത്തരുവൻ ഞാൻ.
മുന്നം സുരാസുരയുദ്ധേ ദശരഥൻ
തന്നെ മിത്രാർത്ഥം മഹേന്ദ്രനർത്ഥിക്കയാൽ
മന്നവൻ ചാപബാണങ്ങളും കൈകൊണ്ടു
തന്നുടെ ദൈവന്യേസ്സമം തേരിലേറിനാൻ
നിന്നോടുംകൂടെ വിണ്ണിലകംപുക്കു
സന്നദ്ധനായ് ചെന്നസുരനോടേററപ്പോൾ
ഛിന്നമായ്പ്പോന്നു രഥാക്ഷകീലം
പാരിലെന്നതറിഞ്ഞതുമില്ല ദശരഥൻ
സത്വരം കീലരന്ധ്രത്തിങ്കൽ നിന്നുടെ
ഹസ്തദണ്ഡം സമാവേശ്യ ധൈര്യേണ നീ
ചിത്രമത്രെ! പതിപ്രാണരക്ഷാർത്ഥമായ്
യുദ്ധംകഴിവോളമങ്ങിനെ നിന്നതും
ശത്രുക്കളെ വധംചെയ്തു പൃഥ്വീന്ദ്രനും
യുദ്ധാ നിവൃത്തനായോരു ദശാന്തരേ
നിന്തൊഴിൽ കണ്ടതിസന്തോഷമുൾക്കൊണ്ടു
ചെന്തളിർമേനി പുണർന്നു പുണർന്നുടൻ
പുഞ്ചിരിപൂണ്ടു പറഞ്ഞിതു ഭൂപനും

നിൻചരിതം നന്നുനന്നു നിരൂപിച്ചാൽ
രണ്ടുവരംതരാം നീയെന്നെ രക്ഷിച്ചു-
കൊണ്ടതുമൂലം വരിച്ചുകൊണ്ടാലും നീ
ഭർത്തൃവാക്യംകേട്ടു നീയുമന്നേരത്തു
ചിത്തസമ്മോദംകലൻു ചൊല്ലീടിനാൾ
ദത്തമായോരു വരദ്വയം സാദരം
ന്യസ്തം ഭവതി മയാനൃപതീശ്വര
ഞാനൊരവസരത്തിങ്കലപേക്ഷിച്ചാൽ
ഊനംവരാതെ തരികെന്നതോവേണ്ടു
എന്നുപറഞ്ഞിരിക്കുന്ന വരദ്വയ-
മിന്നപേക്ഷിച്ചുകൊള്ളേണം മടിയാതെ
ഞാനും മറന്നുകിടന്നിതു മുന്നമേ
മാനസേതോന്നീബലാൽ ഈശ്വരാജ്ഞയാ
ധീരതയോടിനി ക്ഷിപ്രമിപ്പോൾ ക്രോധാ-
ഗാരപ്രവിശ്യ കോപേന കിടക്ക നീ
ആഭരണങ്ങളും പൊട്ടിച്ചെറിഞ്ഞതി-
ശോഭപൂണ്ടോരു കാർകൂന്തലഴിച്ചിട്ടു
പൂമേനിയും പൊടികൊണ്ടണഞ്ഞിഹ
ഭൂമിതന്നിൽ മലിനാംബരത്തോടും
കണ്ണുനീരാലെ മുഖവും മുലകളും
നന്നായ്നനച്ചു കരഞ്ഞുകരഞ്ഞുകൊ-
ണ്ടർത്ഥിച്ചുകൊൾക വരദ്വയം ഭൂപതി
സത്യം പറഞ്ഞാലുറപ്പിച്ചു മാനസം."

(രാമായണം) (എഴുത്തച്ഛൻ)

# 8. മുതല.


ഉഷ്ണമേഖലയിലെ മിക്ക നദികളിലും തടാകങ്ങൾ, കുളങ്ങൾ എന്നിങ്ങനെയുള്ള മററു ജലാശയങ്ങളിലും കണ്ടുവരാറുള്ള ഒരു ക്ഷുദ്രജന്തുവാകുന്നു മുതല. അഞ്ചടി മുതൽ ഇരുപതടിയോളം ഉടൽ നീളമുള്ള ഈ ഭയങ്കര ജീവികൾ കാരണമായി പലക്കും പ്രാണാപായം നേരിട്ടതായി അറിയുന്നു. ഇതിനെ സംസ്കൃതത്തിൽ 'നക്രം' എന്നു പറയും.

നല്ല ബലവും നീളവുമുള്ള ഈ ജീവിക്കു പല്ലിയുടെ ആകൃതിയാണ് ഈശ്വരൻ രചിച്ചിട്ടുള്ളത്. കാലുകൾ നീളം കുറഞ്ഞവയും ഉടലോടുചേൻ കിടക്കുകയും ചെയ്യുക കാരണമായി മുതലക്കു വെള്ളത്തിലെന്നപോലെ കരയിൽ യഥേഷ്ടം സഞ്ചരിക്കുവാൻ പ്രയാസമാണ്. തലയും വാലും ഉടലിനെക്കാൾ വണ്ണം കുറഞ്ഞവയാകയാൽ മത്സ്യത്തെപോലെ വെള്ളത്തിൽ നിഷ്പ്രയാസം നീന്തുവാൻ ഇതിന്നു കഴിയും. വെള്ളത്തിൽ ജീവിക്കുന്ന മററു ജീവികളെക്കാൾ എളുപ്പത്തിലും വേഗതയിലും ക്ഷീണം കൂടാതെ അധികദൂരം മുതലക്കു നീന്തുവാൻ കഴിയുമത്രെ.

മുതലയുടെ ദേഹം വളരെ കട്ടിയുള്ളതും ഉറപ്പുള്ളതുമായ ചമ്മംകൊണ്ടു മൂടപ്പെട്ടിരിക്കുന്നു. മൂച്ചയുള്ള ഒരു

കുന്തംകൊണ്ടു ശക്തിയോടെ കുത്തിയാലും അത്യന്തം ഉറപ്പുള്ള ഇതിന്റെ പുറംതോൽ തുളക്കുവാൻ പ്രയാസമാണെന്നു കണ്ടിരിക്കുന്നു. അടിഭാഗത്തോ കണ്ണിലോ വെടികൊണ്ടാൽ മാത്രമെ ആ ജീവിയെ അനായാസേന പിടികിട്ടുകയുള്ളൂ.

മുതലയുടെ മുഖ്യഭക്ഷണം മത്സ്യങ്ങളും വെള്ളത്തിൽ ജീവിക്കുന്ന ചെറുതരം പാമ്പുകളും, കുളക്കോഴികളു



മാണ്. ദുരാഗ്രഹവും അത്യാൎത്തിയും അനല്പമായുള്ള ഈ ജന്തുവിന്നു കണ്ണിൽകണ്ടതൊക്കെ പിടിക്കൂടുന്ന ഒരു ദുസ്വഭാവമുണ്ട്. നക്രങ്ങൾ അധികമുള്ള ജലാശയങ്ങളിൽ കുളിക്കുന്നവർ വളരെ സൂക്ഷിക്കേണം. നദീതീരങ്ങളിൽ ദാഹശമനത്തിന്നായി വരുന്ന മൃഗങ്ങളേയും കുളിക്കുവാനും മററും വരുന്ന മനുഷ്യരേയും നിഷ്പ്രയാസം കടിച്ചുകൊണ്ടുപോയതായി പലരും കണ്ടിട്ടുണ്ട്. ജല

പ്രവാഹമുള്ള അവസരങ്ങളിലുംകൂടി നദികളുടെ ശക്തിമത്തായ ഒഴുക്കിനെ ഗണ്യമാക്കാതെ ത്വരിതഗതിയോടുകൂടി നീന്തി മുതല ഇരപിടിക്കുന്ന കാഴ്ച കാണേണ്ടതാണ്. തന്നോടു എതിരിടുന്ന ശത്രു ബലവാനാണെന്നു കണ്ടാൽ പിന്മാറുന്നതിന്നു പകരം അതിശക്തിയുള്ള വാൽകൊണ്ടു അവരെ അടിച്ചുവീഴ്ത്തി വെള്ളത്തിൽ താഴ്ത്തിക്കളയുന്ന കാഴ്ച ഭയങ്കരംതന്നെ. വാലിന്റെ പ്രഹരംകൊണ്ടു നദികളിൽ സഞ്ചരിക്കുന്ന ചെറു തോണികളും കൂടി മറിഞ്ഞുപോകുമത്രെ. വിശ്രമത്തിന്നും ഇരപിടിക്കുന്നതിന്നും നദീതീരങ്ങളിൽ ഇവ നിലത്തോടമൎന്നു യാതൊരു അനക്കവും കൂടാതെ കിടക്കുന്നതുകണ്ടാൽ, മരത്തടികൾ നദികളിൽനിന്നു ഒഴുകിവന്നവയാണോ എന്നു മിക്കവരും ശങ്കിക്കും. നിൎജ്ജീവവസ്തുവായിരിക്കുമെന്നു കരുതി തദവസരത്തിൽ മൃഗങ്ങൾ അവയുടെ അടുത്തുകൂടി സഞ്ചരിക്കും. ആ തഞ്ചംനോക്കി ഈ ക്ഷുദ്രജന്തുക്കൾ അവയെ വാൽകൊണ്ടു അടിച്ചു വീഴ്ത്തി നദികളിലേക്കു താഴ്ത്തുകയും ചെയ്യും. വെള്ളം കുടിച്ചും വീൎപ്പുമുട്ടിയുംകൊണ്ടു ആ മൃഗങ്ങൾ പത്തു നിമിഷത്തിനകം ചത്തുപോകും. അനന്തരം മൂൎച്ചയുള്ള ദംഷ്ട്രങ്ങൾകൊണ്ടു ഇരതേടിക്കിട്ടിയ ജന്തുവിനെ പറിച്ചു ചീന്തുകയും ആൎത്തിയോടെ ഭക്ഷിക്കുകയും ചെയ്യും.

മുട്ടയിട്ടാണ് മുതല കുഞ്ഞുകൾ ഉണ്ടാകുന്നത്. നദീതീരങ്ങളിലുള്ള മണലിൽ കുഴിയുണ്ടാക്കി പെൺമുതല അതിൽ ഇരുപതൊ, മുപ്പതൊ മുട്ടകൾ നിക്ഷേപിക്കുന്നു.

വെയിലിൻെറ ചൂടുകൊണ്ടാണ് മുട്ടകൾ വിരിയുന്നത്. ഒരു മണ്ഡലകാലംകൊണ്ടു മുട്ടകൾ വിരിയുന്നതാണ്. മുട്ടകൾ വിരിഞ്ഞു കുഞ്ഞുകൾ ശബ്ദിക്കുന്നതറിഞ്ഞാൽ അവയെ അച്ചി വെള്ളത്തിലേക്കു ഇഴച്ചുകൊണ്ടുപോകുക പതിവാണ്.

മുതലയുടെ മാംസം ചിലർ ഭക്ഷിക്കുന്നു. മാംസത്തിന്നു മാത്രമായി ഇതിനെ ജനങ്ങൾ കൊല്ലുന്നില്ല. മനുഷ്യരുടേയും മൃഗങ്ങളുടേയും ശത്രുവായി വത്തിക്കുന്ന ഈ ക്രൂരജന്തുവിനെ തരംകിട്ടുമ്പോൾ കൊല്ലുകതന്നെചെയ്യുന്നു. മുതലയെ കൊല്ലുന്നതിൽ ഉത്സാഹം പ്രദശിപ്പിക്കുന്നതു പാശ്ചാത്യരാണ്. മുതലയെ വെടിവെച്ചു കൊല്ലുന്നതു അവക്കു ഒരു വിനോദംതന്നെയാണ്. മുതലയുടെ ഉറപ്പുള്ള ചമ്മംകൊണ്ടു മനുഷ്യക്കുപകാരമുള്ള സഞ്ചി, തോൽപെട്ടി മുതലായ പല സാധനങ്ങളുമുണ്ടാക്കുന്നു. വണ്ണവും ഗുണവുമുള്ള മുതലയുടെ ചമ്മത്തിന്നു വില കൂടുതലുണ്ടു്.



## 9. പൂച്ച.

ഈ ചിത്രത്തിൽ കാണുന്നതു ഒരു പൂച്ചയാകുന്നു. ഇതു നായയെപ്പോലെ തന്നെ ഒരു വീട്ടുമൃഗമാകുന്നു. ഇതിനെ മിക്ക വീടുകളിലും പോററി വരാറുണ്ടു്. പൂച്ച മാംസഭോജിയായ ഒരു മൃഗമാകുന്നു. ഇതിൻെറ ദേഹം, മാർദ്ദവവും നീളമുള്ളതും ആയ രോമങ്ങളെക്കൊണ്ടു മൂടപ്പെട്ടിരിക്കും. മാംസം പറിച്ചു ചീന്തത്തക്കവണ്ണമുള്ള നല്ല മൂർച്ചയും ബലവും ഉള്ള പല്ലുകളും നഖങ്ങളുമാണ് ഇതിനുള്ളതു്. പൂച്ചയുടെ നഖം പൊള്ളയാണെങ്കിലും കത്തിപോലെ വളഞ്ഞിരിക്കും. വല്ല ജീവികളേയും പിടിച്ചാൽ നഖങ്ങളെക്കൊണ്ടു അമർത്തി വെക്കേണ്ടുന്ന ശക്തി അതിനുണ്ടു്.

നഖങ്ങളെ ആവശ്യമുള്ളപ്പോൾ പുറത്തേക്കു നീട്ടുവാനും ഉള്ളിലേക്കു വലിക്കുവാനും അതിന്നു സാധിക്കും.

പൂച്ചയുടെ കാൽ വളരെ കുറിയതാകുന്നു. കാലിൻെറ അടിയിൽ ഒരു തരം മാംസപിണ്ഡങ്ങളുണ്ടു്. ഈ മാംസ പിണ്ഡങ്ങളുടെ സഹായത്താൽ അതിന്നു ശബ്ദമുണ്ടാകാതെ നടക്കുവാൻ കഴിയും. അതിന്നു നീളമുള്ള വാലും ഉണ്ട്. പൂച്ചയുടെ നാവിന്നു നല്ല പരുപരുപ്പുണ്ടു്. നാവുകൊണ്ടു നമ്മുടെ ദേഹത്തിൽ നക്കിയാൽ തോൽ പൊളിഞ്ഞു രക്തം പുറപ്പെടും. എല്ലോടു പററിയിരിക്കുന്ന മാംസത്തെ അതിന്നു കടിച്ചെടുക്കുവാൻ കഴിയും.

പൂച്ചക്കു രാത്രിയിലാകുന്നു കണ്ണിന്നു നല്ല കാഴ്ചയുള്ളതു്. പകൽ സൂര്യപ്രകാശത്താൽ കണ്ണു നേരിയ ഒരു പാടകൊണ്ടു മൂടപ്പെട്ടിരിക്കും. സൂര്യാസ്തമനത്തിന്നു ശേഷം ആ പാട നീങ്ങി കണ്ണു നല്ലപോലെ പ്രകാശിക്കും. രാത്രിയിൽ പൂച്ചയുടെ കണ്ണിൽ നിന്നു അഗ്നിജ്വാല പോലെയുള്ള ഒരു വെളിച്ചം കാണാം. അതുകൊണ്ടു വീടുകളിൽ രാത്രി കാലത്തു ഭക്ഷണത്തിന്നായി പുറത്തിറങ്ങി സഞ്ചരിക്കുന്ന എലി മുതലായ ജീവികളെ പിടിച്ചു തിന്നുവാൻ അതിന്നു സാധിക്കും. എന്നാൽ പകൽ സമയങ്ങളിലും പൂച്ച ഇരയെ പിടിക്കാതിരിക്കുന്നില്ല. അണ്ണാൻ ചെറുപക്ഷികൾ മുതലായവയെ പൂച്ച പതിയിരുന്നു പിടിക്കുന്നതു കാണുവാൻ വളരെ രസമുണ്ടു്. ഇരയുടെ അരികിൽ എത്തുന്നതുവരെ പൂച്ച യാതൊരു ശബ്ദവുമുണ്ടാക്കാതെ പതുങ്ങി

ചെല്ലും. നല്ല തഞ്ചമാണെന്നു കണ്ടാൽ അതിൻെറ ദേഹ ത്തിലേക്കു കുതിച്ചു ചാടും. ചാടിയ ഉടനെ ഇര വഴുതി പ്പോകാതിരിപ്പാൻ മൂൎച്ചയുള്ള നഖം തറപ്പിച്ചു ഉറപ്പോടെ പിടിക്കുകയും പല്ലുകൊണ്ടു കടിച്ചു അമൎത്തുകയും ചെയ്യും. ചില പൂച്ചകൾ വീടുകളിൽ പാകം ചെയ്ത ഭക്ഷണ സാധ നങ്ങളും വെണ്ണ, പാൽ മുതലായ മററു സാധന ങ്ങളും ആളുകൾ കാണാതെ ഭക്ഷിക്കാറുണ്ടു്. അരണ, പാമ്പ്, മുതലായ വിഷജീവികളെയും കൂടെ പൂച്ചകൾ കൊല്ലാറുണ്ടത്രെ. പൂച്ച വല്ല ഭക്ഷണവും കഴിക്കുമ്പോൾ കണ്ണു ചിമ്മുക പതിവാണത്രെ. കണ്ണു ചിമ്മിയാൽ ആരും തന്നെ കാണുകയില്ലെന്നായിരിക്കാം അതിൻെറ വിചാരം. നാം ആഹാരം കഴിക്കുമ്പോൾ ഭക്ഷണത്തിൽ ഏന്തിനോ ക്കുവാൻ പൂച്ചകളെ അനുവദിക്കരുതു്. പൂച്ചയുടെ മൂക്കി ൽനിന്നു ഒരുതരം വിഷവെള്ളം പുറത്തുവരാറുണ്ടു്. അതു നമ്മുടെ ആഹാരത്തിൽ ചേൎന്നാൽ തൽകാരണമായി പല രോഗങ്ങളും നേരിടുമത്രെ.

പെൺ പൂച്ച നാലഞ്ചു സന്താനങ്ങളെ ഒന്നായി പ്രസ വിക്കുന്നു. കുഞ്ഞുങ്ങളായിരിക്കുമ്പോൾ തള്ളപ്പൂച്ച അവ യെ നല്ല സൂക്ഷ്മതയിൽ വളൎത്താറുണ്ടെങ്കിലും ചില പൂച്ച കൾ സന്താനങ്ങളെ കൊന്നു തിന്നുകയും ചെയ്യാറുണ്ടു്. ചെറിയ കുഞ്ഞുകളെ തള്ളപ്പൂച്ച പല ദിക്കിലുമായി കടി ച്ചെടുത്തുകൊണ്ടു പോകാറുണ്ടു്. പ്രസവിച്ചു ഏഴു ദിവസം കഴിഞ്ഞാൽ അതു കുട്ടികളെ കടിച്ചെടുത്തു 'ഇല്ലം കടത്തി'

സൂക്ഷിക്കുന്ന ഒരു സമ്പ്രദായം ഉണ്ട്. പ്രസവിച്ച കുറച്ചു ദിവസം കഴിഞ്ഞാൽ തള്ളപ്പൂച്ച സന്താനങ്ങളെയുംകൂട്ടി ഇരക്കായിക്കൊണ്ടു പോകും. കുഞ്ഞുങ്ങളെ കാണാതിരിക്കുമ്പോൾ അവയുടെ ശബ്ദത്തിൽ തള്ള ഉറക്കെ വിളിക്കും. ഈ ശബ്ദം കേട്ടാൽ കുഞ്ഞുങ്ങൾ തള്ളയുടെ അരികിലേക്കു പാഞ്ഞെത്തും. വയറു നിറഞ്ഞാൽ തള്ളയുടെ അരികത്തു നിന്നു അവ തുള്ളിച്ചാടിക്കളിക്കും.

പൂച്ച എട്ടൊമ്പതംഗുലം മാത്രമെ ഉയരമുണ്ടായിരിക്കയുള്ളു. എങ്കിലും നീളം കൂടിയിരിക്കും. മൂക്കിൻെറ താഴത്തായി മുഖത്തു രണ്ടു ഭാഗത്തും നീണ്ട രോമങ്ങൾ ഉണ്ട്. ആ രോമം രാത്രി കാലത്തു പൂച്ചകൾക്കു വഴിയറിഞ്ഞു സഞ്ചരിപ്പാൻ സഹായമായിത്തീരുന്നു. പൂച്ചകളുടെ നിറം ചാര നിറമായിരിക്കും. ചിലതു വെളുത്തും ചിലതു കറുത്തും ഇല്ലെന്നില്ല. ഇവയിലെ ആണിന്നു കണ്ടൻ എന്നും പെണ്ണിന്നു ചൊക്കി എന്നും പറയാറുണ്ട്. നായയെപോലെ, യജമാനനെ സ്നേഹിക്കുന്നതിനു പകരം പൂച്ച പാർപ്പിടത്തെയാകുന്നു അധികം സ്നേഹിക്കുക. ആളുകളെല്ലാം വീടു വിട്ടു പോയാലും പൂച്ച വീടു വിട്ടു പോകാറില്ല. എത്ര നല്ല വണ്ണം ഇണങ്ങിയ പൂച്ചയായാലും അതിനെ അല്പം ദ്രോഹിച്ചാൽ അതു ഉടനെ കടിക്കുകയൊ മാന്തുകയൊ ചെയ്യും. നായും പൂച്ചയും മനുഷ്യൻെറ വേലക്കാരാകുന്നു. നായ് രാത്രിയിൽ തൻെറ യജമാനൻെറ വീടു കാക്കുന്നു. പൂച്ച രാത്രി എലികളെയും പിടിക്കുന്നു.

:o:

548



# 10. സമുദ്രം.

ഭൂലോകം കരയും വെള്ളവുമായിട്ടാണല്ലോ സ്ഥിതി ചെയ്യുന്നത്. വെള്ളമാണ് അധികമുള്ളത്. വെള്ളത്തിൻെറ വലിയ വിഭാഗത്തിന്നാണ് സമുദ്രം എന്ന പേർകൊണ്ടു നിർദ്ദേശിക്കുന്നത്. അന്തരീക്ഷത്തിലുള്ള നീരാവി മററുചിലതിൻെറ സമ്മർദ്ദനത്താൽ ജലരൂപത്തിൽ താഴെ പതിക്കുകയും അതു ഭൂമിയുടെ നിമ്നസ്ഥലത്തു കെട്ടിനില്ക്കുകയും ചെയ്തതാണ് ഈ കാണുന്ന സമുദ്രം എന്നു ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഇതിന്നു സാഗരം എന്നുകൂടി പേരുണ്ട്. ആ പേർ സഗരൻെറ മക്കൾനിമിത്തം സംഭവിച്ചതാണെന്നു ഒരൈതിഹ്യമുണ്ട്. അതു എത്രത്തോളം വാസ്തവമാണെന്നു പറയാൻ നിവൃത്തിയില്ല.

സമുദ്രം ഭൂമിക്കു ചുററും ഒരു വലയം എന്നപോലെ സ്ഥിതിചെയ്യുന്നുണ്ട്. അതുനിമിത്തം ഭൂമിക്കു അബ്ധിമേഖല എന്ന ഒരു പേരുകൂടിയുണ്ട്. ഇതു രാജ്യങ്ങളെ വേർതിരിക്കുകയും യോജിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നു പറയാം. അമേരിക്കാഭൂഖണ്ഡത്തെ ഏഷ്യാഭൂഖണ്ഡത്തിൽനിന്നു വേർതിരിക്കുന്നതു സമുദ്രമാണല്ലോ. എന്നാൽ യാത്രാസൌകര്യവുംമററും സമുദ്രംതന്നെയാണ് സംയോജിപ്പിക്കുന്നതും. ഈ രണ്ടു പ്രവൃത്തികളും സമുദ്രത്തെകൊണ്ടു ലബ്ധമാകുന്നുണ്ട്. ഇതിന്നു പുറമെ സമുദ്രം


രാജ്യങ്ങൾക്കു ചെയ്യുന്ന ഗുണം എന്താണെന്നു ഒന്നുകൂടി ആലോചിക്കുക. ഒരു രാജ്യത്തിന്റെ നന്മയെ മററു രാജ്യത്തിലുള്ള ആളുകൾക്കു ചിലപ്പോൾ സഹിച്ചുകൂടാത്ത ആവേശത്തെ ഉണ്ടാക്കിത്തീക്കുന്നതും തന്മൂലം അവിടെയുള്ള ജനസാമാന്യത്തോടും ഭരണാധികാരിയോടും വെറുപ്പുണ്ടായിത്തുടങ്ങുന്നതും സാധാരണമായ ഒരു സംഗതിയാണ്. ആ വിഷയത്തിൽ രാജ്യങ്ങളുടെ ആക്രമണത്തിന്നു സമുദ്രം ഒരു പ്രതിബന്ധമായിത്തീരുന്നുണ്ട്. ഇംഗ്ലണ്ട്, ജാപ്പാൻ, ഓസ്ത്രേല്യ മുതലായ ഭൂപ്രദേശങ്ങളെ ശത്രുക്കളിൽനിന്നു രക്ഷിക്കുന്നത് അതിന്റെ ചുററുപാടും സ്ഥിതിചെയ്യുന്ന വൻസമുദ്രങ്ങളാണ്. അത്രയുമല്ല, രാജ്യങ്ങൾ ഒന്നിനോടൊന്നു തൊട്ടുകിടക്കുകയാണെന്നു വിചാരിക്കുക. അപ്പോൾ ഒരു രാജ്യത്തുണ്ടാവാനിടയുള്ള സാംക്രമിക രോഗങ്ങൾ അടുത്ത അയൽരാജ്യത്തു സംക്രമിക്കുവാൻ ഇടയുണ്ട്. ആസ്യാഭൂഖണ്ഡത്തിൽ പിടിപ്പെട്ടിരിക്കുന്ന പകച്ചവ്യാധി ഒരിക്കലും അമേരിക്കയിലോ, ആഫ്രിക്കയിലോ ഉണ്ടാകുന്നതല്ല.

രാജ്യങ്ങൾ സമൃദ്ധമായ സാമ്പത്തികാവസ്ഥയെ പ്രാപിക്കേണമെങ്കിൽ വാണിജ്യാഭിവൃദ്ധി കൂടിയേ കഴിയൂ. കച്ചവടം വദ്ധിക്കേണമെങ്കിൽ രാജ്യം സമുദ്രത്തോടടുത്തു സ്ഥിതിചെയ്യേണം. എന്നു മാത്രമല്ല, ഉൾക്കടലുകൾ തുറമുഖങ്ങൾ ഇവ ധാരാളം ഉണ്ടായിരിക്കുകയും വേണം. എന്നാൽ മാത്രമെ കരയുടെ ഉള്ളിലേക്കു കപ്പലുകൾക്കു

വരുവാനും ഇറക്കമതി ഏററുമതി ഇവ ചെയ്യുവാനും സൌകൎയ്യമുണ്ടാകയുള്ളു. ലോകത്തിൻെറ നാനാഭാഗങ്ങളിലും സ്ഥിതിചെയ്യുന്ന ജനങ്ങൾ കച്ചവടസംബന്ധമായും മററും ബന്ധപ്പെട്ടനില്ക്കുവാൻ സമുദ്രം എത്രമാത്രം സഹായമാണ് ചെയ്യുന്നത്. സമുദ്രസഹായം ഇല്ലെങ്കിൽ ഇംഗ്ലീഷുകാർ ഇന്ത്യയെ സ്വപ്നംകാണുകയല്ലാതെ എങ്ങിനെ ഇവിടെ പ്രവേശിക്കുവാൻ സാധിക്കും? ഇങ്ങിനെ രാജ്യങ്ങൾ അന്യോന്യം ഏററവും സുപരിചിതത്തിന്ന് കാരണമാക്കിത്തീൎത്തത് സമുദ്രമാണെന്നാലോചിക്കുമ്പോൾ അതു മനുഷ്യന്ന് എത്ര ഉപകാരമാണ് ചെയ്തിട്ടുള്ളത്. അപരിഷ്കൃതമായ രാജ്യത്തിൻെറ പരിഷ്കാരത്തിന്നും കച്ചവടം മുതലായതിൻെറ വളൎച്ചക്കും സമുദ്രം ഏതെല്ലാം വിധത്തിലാണ് സഹായിച്ചിട്ടുള്ളത്. ആഫ്രിക്കക്കും യൂറോപ്പിന്നും മദ്ധ്യത്തിലുള്ള സൂയസ്സ്തോട് കീറി സമുദ്രം അന്യോന്യം സംയോജിപ്പിക്കുന്നതിന്നു മുമ്പായിട്ട് ഇംഗ്ലണ്ടിൽനിന്നും യൂറോപ്പിൽനിന്നും ഇന്ത്യയിലേക്കു വരുന്നവരും ഇന്ത്യയിൽനിന്നു അവിടങ്ങളിലേക്കു പോകുന്നവരും എത്രയധികം യാത്രാക്ലേശങ്ങളാണ് സഹിച്ചത്? എത്രയധികം ദിവസങ്ങളാണ് വേണ്ടിവന്നിട്ടുള്ളത്? അതിന്നുശേഷം ഇംഗ്ലണ്ടും ഇന്ത്യയും എത്ര അടുത്ത രാജ്യങ്ങളായിട്ടാണ് തീൎന്നിട്ടുള്ളത്? ഈ സ്ഥിതികൊണ്ടും സമുദ്രം ഭൂവിഭാഗത്തെ സംയോജിപ്പിക്കുന്നുണ്ടെന്നു പറഞ്ഞതിൽ യാതൊരു അബദ്ധവും ഇല്ല. ഇംഗ്ലണ്ട്, ജൎമ്മനി മുത

ലായ രാജ്യങ്ങൾ വാണിജ്യവിഷയത്തിലും മററും ഇത്രയധികം ഉൽകർഷത്തെ പ്രാപിച്ചതിന്നും ഇതുതന്നെയാണ് കാരണം.

സമുദ്രത്തിന്നു രത്നാകരമെന്നു പേരുണ്ട്. ഈ പേരു വളരെ അന്വത്ഥമായിട്ടുള്ളതാണ്. വർഷംപ്രതി എത്ര മുത്തും പവിഴവുമാണ് അതു മനുഷ്യന്നായി ദാനം ചെയ്യുന്നത്? കണക്കുണ്ടോ? ലോകത്തിലെ ഒരു വമ്പിച്ച ജന



സമുദായത്തെ തീററിപ്പോററുന്നതും ഇതുതന്നെയാകുന്നു. കടലിൽനിന്നു മത്സ്യം പിടിച്ചതിന്നും വിററു പണം സമ്പാദിച്ചും ധാരാളം ജനങ്ങൾ ദിവസം കഴിച്ചുകൂട്ടുന്നുണ്ട്. റഷ്യ, സൈബീരിയ മുതലായ രാജ്യങ്ങളുടെ ഉത്തരഭാഗത്തു നിവസിക്കുന്നവർ കടലിൽനിന്നു മത്സ്യം കിട്ടാതിരിക്കുന്ന പക്ഷം ക്ഷുത്ത്ബാധയാൽ മരിച്ചുപോകുമെന്ന് പറയുന്നതിൽ ഒട്ടും അവാസ്തവമില്ല. കടലിനെ ആശ്രയിച്ചേടത്തോളം ചില ഔഷധങ്ങളേയുംകൂടി മനുഷ്യർ കിട്ടിവരു

ന്നുണ്ടെന്നു പറയാതെ നിവൃത്തിയില്ല. മുറു കടലിൽനിന്നു കിട്ടിവരുന്നതും ചില രോഗങ്ങൾക്കു പ്രത്യേക ഔഷധവു മാകുന്നു. 'മീനെണ്ണ' എന്നു പറഞ്ഞുവരുന്നതു കോഡ് എന്ന ജീവിയിൽനിന്നു എടുക്കുന്നതാകുന്നു. ഇതു ഹൃദയ ക്ഷയത്തിന്ന് കൈകണ്ട ഒരൌഷധമാണ്. പ്രതിവഷം എത്രകുപ്പി മീനെണ്ണയാണ് ജനതതിക്കുവേണ്ടി ചിലവു ചെയ്യുന്നത് എന്ന കണക്കറിവാൻ പ്രയാസമായിട്ടാണ് ഇരിക്കുന്നത്. ഇതിൽപരം ഒരുപകാരം എന്താണ് വേണ്ടത്?

മേൽപ്രസ്താവിച്ച സംഗതികളെല്ലാം സമുദ്രസഹായ മില്ലെങ്കിൽ മറെറാരു വിധത്തിൽ നിവ്വഹിക്കാമെന്നു വിചാ രിക്കുക. എന്നാൽ ജീവജാലങ്ങളുടെ ജീവസന്ധാരണ ത്തിന്ന് ഏററവും പ്രധാനമായ ജലം എവിടെ നിന്നാണ് കിട്ടി വരുന്നതെന്നാലോചിച്ചു നോക്കുവിൻ! ജലം കൂടാതെ ഏതു ജീവിക്കും ഭൂമിയിൽ നിവസിക്കുവാൻ. സാധിക്കുക യില്ലല്ലോ.

'ജീവനുള്ള ജനത്തിന്നു
ജീവനായതു ജീവനം'

അങ്ങിനെയാണെങ്കിൽ സമുദ്രമില്ലാതിരുന്നെങ്കിൽ നമുക്കെങ്ങിനെ വെള്ളം കിട്ടും? നാമെങ്ങിനെ ജീവിക്കും? വഷംകൊണ്ടു് ഭൂമി ജലസംഭരണം ചെയ്യുന്നു. വഷം എ ങ്ങിനെ ഉണ്ടാകുന്നു എന്നു നോക്കുക. സൂയ്യരശ്മികളുടെ അത്യു

ഷ്ണത്താൽ സമുദ്രജലം ആവിയായി മേലോട്ടു പൊങ്ങുന്നു. മേലോട്ടു പൊങ്ങിയ നീരാവി ഘനീഭവിച്ച് മേഘമായി തീരുന്നു. തണുപ്പുകൊണ്ടു ഘനം കൂടികൊണ്ടിരിക്കുന്നു. പിന്നീടു മേഘം വർഷത്തെ ഉണ്ടാക്കുന്നു. ഇങ്ങിനെയാണല്ലോ നമുക്കു ജലം കിട്ടി വരുന്നതു. വർഷം ശരിയായി കിട്ടാത്തപക്ഷം നമുക്കു ജീവനം ഏററവും ദുഷ്കരമായി തീരുന്നതാണ്.

കുടിൽ മുതൽ കൊട്ടാരംവരെ സർവ്വ മനുഷ്യരും ഉപയോഗിച്ചു വരുന്ന ഒന്നാണല്ലോ ഉപ്പ്. ഉപ്പ് ഇത്ര സുലഭമായി നമുക്ക് ആർ പ്രദാനം ചെയ്യുന്നു എന്നുള്ള ചോദ്യത്തിന്നും സമുദ്രം എന്നു തന്നെ ഉത്തരം പറയേണ്ടിയിരിക്കുന്നു. എന്നാൽ സമുദ്രത്തിൽ നിന്ന് ശംഖ്, കക്ക, ചിപ്പി മുതലായവയെ പോലെ ഉപ്പ് വാരി എടുക്കുകയാണോ? അല്ല; സമുദ്രത്തോടടുത്തു കിടക്കുന്ന ചില സ്ഥലങ്ങളിൽ കടൽവെള്ളത്തെ തോടുകൾ വഴിയായും മററും കൊണ്ടുവന്ന് കെട്ടി നിർത്തുകയും സൂര്യോഷ്ണത്താൽ ജലം നീരാവിയായി പോയി കഴിഞ്ഞാൽ ആ സ്ഥലത്ത് ഉപ്പ് ശേഷിച്ചതായി കാണാം. ഇങ്ങിനെയാണ് ഉപ്പ് കിട്ടുന്നതു്. ഉപ്പ് ഇല്ലാതിരുന്നാൽ നാം എങ്ങിനെ ആഹാരം കഴിക്കും. ഇത് ഇന്നും ഇന്നലേയും തുടങ്ങിയതല്ല. ഇനി ലോകമുള്ളന്നുവരെ ഇതിലും എത്രയോ വർദ്ധിച്ച ജനാവലി ഉപയോഗിച്ചാലും ഒരവസാനവും ഉണ്ടാവുന്നതല്ല. അങ്ങിനെയുള്ള ഒരക്ഷയ ഭണ്ഡാരമാകുന്നു സമുദ്രം.

ഉപരിതലത്തെ പററി ചിന്തിക്കുമ്പോൾ കടലിൽ ഒരു പ്രവാഹമുണ്ടെന്നു ആക്ഷം തോന്നുകയില്ല. എന്നാൽ സമുദ്രത്തിൻെറ ചില വിഭാഗങ്ങളിൽ ഉഷ്ണജല പ്രവാഹമെന്നും ശീതജല പ്രവാഹമെന്നും രണ്ടു പ്രധാന പ്രവാഹങ്ങൾ നടക്കുന്നുണ്ടു്. സമുദ്രത്തിൻെറ അന്തർഭാഗത്തു കൂടി നടക്കുന്ന ഈ പ്രവാഹങ്ങൾ ചില രാജ്യങ്ങളിലെ ശീതോഷ്ണാവസ്ഥക്ക് ഗണ്യമായ മാററം സംഭവിപ്പിക്കുന്നുണ്ടു്. 'ഗൾഫ്സ്റ്റീം' എന്ന ഉഷ്ണജല പ്രവാഹമത്രെ ഇംഗ്ലണ്ട് നിവാസികളെ ശൈത്യത്തിൽനിന്നു സംരക്ഷിക്കുന്നതു്. ഇങ്ങിനെ,ദേശാനുകൂലമായ സഹായങ്ങൾകൂടി ചെയ്യുവാൻ സമുദ്രത്തിന്നു് സാധിച്ചുവരുന്നുണ്ടു്.

സമുദ്രത്തെ അതിൻെറ വലിപ്പസ്ഥിതിക്കനുസരിച്ചും മററും അഞ്ചു പ്രധാന ഭാഗങ്ങളാക്കി ഭാഗിച്ചിട്ടുണ്ടു്. ശാന്തസമുദ്രം, അത്ലാന്തിക് സമുദ്രം, ഹിന്തുസമുദ്രം, ഉത്തരധ്രുവസമുദ്രം, ദക്ഷിണധ്രുവസമുദ്രം ഇവയാണ് മേൽ പറഞ്ഞ അഞ്ചു വിഭാഗങ്ങൾ. ഇവയുടെ ചെറിയഭാഗത്തിന്നു് കടൽ, ഉൾക്കടൽ, കായൽ എന്നുംമററും പേർ പറയാറുണ്ട്. ഇത്ര വമ്പിച്ച ഒരു ജലവിഭാഗത്തെ ജനതതിയുടെ സംരക്ഷണത്തിന്നു് നാനാമുഖമായ വിധത്തിൽ പ്രദാനംചെയ്തു തന്ന ആ സർവ്വശക്തൻെറ മഹിമാവിലാസം അവർണ്ണനീയംതന്നെ.

---

# 11. ശ്രീരാമ കഥാമൃതം.

I

അയോദ്ധ്യാ രാജ്യത്തിൻെറ അധിപതിയായി ദശരഥൻ എന്ന ഒരു മഹാരാജാവുണ്ടായിരുന്നു. ധർമ്മിഷ്ഠനും, പ്രജാതല്പരനുമായ ഈ നൃപോത്തമന്നു കൌസല്യ, കൈകേയി, സുമിത്ര എന്നു പേരായി മൂന്നു ധർമ്മപത്നികളുണ്ടായിരുന്നുവെങ്കിലും സന്തതികളില്ലാതെ ഇദ്ദേഹം ചിരകാലം വ്യസനാക്രാന്തനായി ചമഞ്ഞു. അനന്തരം തൻെറ ഉത്തമ സചിവനായ സുമന്ത്രരുടെ ഉപദേശമനുസരിച്ചു അദ്ദേഹം ഈശ്വരപ്രീതിക്കായി മഹായാഗം നടത്തുകയും തൽഫലമായി മൂന്നു ഭാര്യമാരിലുംകൂടി നാലു ഉത്തമ സന്താനങ്ങൾ അദ്ദേഹത്തിന്നു ലഭിക്കുകയും ചെയ്തു. കുലഗുരുവായ വസിഷ്ഠൻെറ അഭിപ്രായമനുസരിച്ചു ശ്രീരാമൻ, ലക്ഷ്മണൻ, ഭരതൻ, ശത്രുഘ്നൻ എന്നീ നാമകരണവും നാൽവർക്കും യഥാക്രമം ചെയ്തു.

കൌസല്യയിൽ ജാതനായ ശ്രീരാമൻ മൂത്ത മകനും ദശരഥൻെറ പ്രേമഭാജനവുമായിരുന്നു. അയോദ്ധ്യാപുരവാസികളുടെ കണ്ണിലുണ്ണിയായ ശ്രീരാമൻ അതി കോമളനും അരോഗദൃഢഗാത്രനുമായിരുന്നു. ശൈശവത്തിൽ തന്നെ അനിതര സാധാരണമായ ദേഹകാന്തിയും ബലവും

ധൈര്യവും ശസ്ത്രവിദ്യയിൽ നൈപുണ്യവും സൂര്യ വംശജനായ ശ്രീരാമനുണ്ടായതിനാൽ ദൂരവാസികളായ രാജാക്കന്മാക്കും അവരുടെ പ്രജകൾക്കും എന്നുവേണ്ട ആര്യാവർത്തത്തിൽ അധിവസിച്ചുവരുന്നവക്കെല്ലാം ശ്രീ രാമൻ എന്ന ദിവ്യനാമം തന്നെ ആഹ്ലാദമയമായ്ത്തീൻ. നരഭുക്കുകളും താപസന്മാരെ അനവരതം പീഡിപ്പിക്കുന്ന വരുമായ രാക്ഷസന്മാരെയും താടക എന്ന ഘോരരാക്ഷ സിയേയും വിശ്വാമിത്ര മഹർഷിയുടെ ആജ്ഞയനുസരിച്ചു ശ്രീരാമൻ നിഗ്രഹിച്ചു. മഹനീയമായ ഈ ധീരകൃത്യം കാരണമായി ശ്രീരാമൻ സുപ്രസിദ്ധനായി.

മിഥില രാജാവായ ജനകൻെറ വളത്തുമകളായ സീ താദേവിയുടെ സ്വയംവര മുഹൂത്തം വിളംബരം ചെയ്ത കാലമാകയാൽ ശ്രീരാമനേയും ലക്ഷ്മണനേയും കൂട്ടി ജനക രാജധാനിയിൽ പോകേണമെന്ന ആഗ്രഹം വിശ്വാമി ത്രനുണ്ടായി. മിഥിലാപുരിയിലെ ശിവചാപമെടുത്തു കുല ക്കുന്നവക്കു സീതാദേവിയെ പത്നിയായി സമ്മാനിക്കുമെ ന്നായിരുന്നു നിശ്ചയം. ശ്രീരാമനൊഴിച്ചു ത്രിഭുവനത്തിൽ ഒരുത്തക്കും അതി ഗംഭീരമായ ശിവചാപം പൊക്കി യെടുത്തു കുലക്കുവാൻ ശക്യമല്ലെന്നും മത്സരപ്പരീക്ഷ യിൽ രാജോചിതമായ വിധത്തിൽ പങ്കുകൊള്ളുവാൻ ഉത്തരവുണ്ടാകേണമെന്നും വിശ്വാമിത്രൻ ദശരഥനോട പേക്ഷിച്ചു. അദ്ദേഹത്തിൻെറ മൌനാനുവാദം ലഭിച്ചു

തോടുകൂടി ലക്ഷ്മണയുതനായ ശ്രീരാമൻ മിഥിലാപുരിയിലേക്കു പുറപ്പെട്ടു.

മത്സരപരീക്ഷയിൽ പങ്കുകൊള്ളുവാൻ വിജയം പ്രതീക്ഷിച്ചുംകൊണ്ടു അസംഖ്യം രാജാക്കന്മാർ കാലേകൂടി മിഥിലാരാജധാനിയിലെത്തിച്ചേൎന്നു. ജനകന്റെ കല്പനപ്രകാരം രാജഭടന്മാർ ആനകളുടെ സഹായത്തോടുകൂടി ശിവചാപം കല്യാണമണ്ഡപത്തിൽ കൊണ്ടുവന്നു. അനന്തരം ഓരോ രാജാക്കന്മാരും ബലം പ്രയോഗിച്ചു വില്ലു നിലത്തുനിന്നൊടുക്കുവാൻ ഉദ്യമിച്ചു! അതിഭാരമേറിയ ശിവചാപം പൊക്കുവാനുള്ള ത്രാണിയില്ലെന്നു അനുഭവപ്പെട്ടപ്പോൾ അവർ ഭഗ്നാശരായി. പ്രതാപലങ്കേശ്വരനായ രാവണനും തദവസരത്തിൽ അവിടെ എത്തി. ശക്തിപരാക്രമങ്ങൾകൊണ്ടു കൈലാസപൎവ്വതം അമ്മാനമാടിയ രാവണൻ ശിവചാപം കയ്യിലെടുത്തു കുലക്കുവാൻ മുതിൎന്നപ്പോൾ രക്തം വമിച്ചു നിലംപതിച്ചു. ലജ്ജ, കോപം, നിരാശ എന്നിവകൊണ്ടു രാവണന്റെ മുഖഭാവം മാറി. ശിവചാപമെടുത്തു കുലക്കുവാൻ ശേഷിയുള്ളവരാരുമില്ലല്ലൊ എന്നു ജനകൻ വിഷാദിച്ചുകൊണ്ടിരിക്കേ, അതിതേജസ്വിയും കോമളകളേബരനുമായ ശ്രീരാമൻ കല്യാണമണ്ഡപത്തിന്നടുത്തെത്തി. കാണികളേവരും കൌതുകത്തോടും ആശ്ചൎയ്യത്തോടും നോക്കിക്കൊണ്ടിരിക്കെ ശ്രീരാമൻ ഒരു കളിക്കോപ്പെന്നവണ്ണം അതിഭാരമേറിയ ശിവചാപം കയ്യിലെടുത്തു

ബലംപ്രയോഗിച്ച വില്ലൊന്നു വളച്ചപ്പോഠം ത്രിഭുവനങ്ങഠം നടുങ്ങുമാറുള്ള നാദത്തോടുകൂടി അതു കഷണമായി പൊട്ടിത്തെറിച്ചു. സന്തോഷസാഗരത്തിൽ മുഴുകിയ ജനകനും രാജധാനിയിലെ തോഴികളും അതിരൂപവതിയായ സീതാദേവിയെ കല്യാണമണ്ഡപത്തിലേക്കു കൊണ്ടുവന്നു. സ്വർണ്ണവർണ്ണത്തെ പൂണ്ട മൈഥിലി സ്വർണ്ണാഭരണങ്ങഠം ക്രമമായി അണഞ്ഞു ശ്രീരാമചന്ദ്രന്റെ മുമ്പിൽ നിന്നു നേത്രോൽപലമായ മാലയിട്ടതിൽപിന്നെ വരണമാലയും തന്റെ പ്രിയതമന്റെ ഗളത്തിൽ അർപ്പിച്ചു. തദനന്തരം രാജോചിതമായ സൽക്കാരങ്ങഠം സ്വീകരിച്ചുംകൊണ്ടു നാനാവിധത്തിലുള്ള പരിവാരങ്ങളോടുംകൂടി ജനകരാജാവിന്റെ അനുമതിയും അനുഗ്രഹവും വാങ്ങി അയോദ്ധ്യയിലേക്കു തിരിച്ചു.

വഴിമദ്ധ്യേ, ക്ഷത്രിയകുലാന്തകനായ ശ്രീ പരശുരാമനെ കണ്ടുമുട്ടി. ശിവചാപം ഖണ്ഡിച്ചതിന്നു മതിയായ സമാധാനം ചോദിക്കുവാൻ ശ്രമിച്ചുവെങ്കിലും അതി തേജസ്വിയും ഈശ്വരാംശജനുമായ ശ്രീരാമനോടെതിൎക്കുവാനുള്ള മനഃസ്ഥിതി ഭാൎഗ്ഗവരാമന്നില്ലാതായി. ശ്രീരാമൻ യാത്രതുടൎന്നു അയോദ്ധ്യാപുരിയിലെത്തി. സ്വപുത്രൻ ജനകപുത്രിയേയുംകൊണ്ടു വിജയഭേരി മുഴക്കിക്കൊണ്ടു വരുന്നതു കണ്ടു ഉടനെ ദശരഥരാജാവിന്നും പുരവാസികഠംക്കുമുണ്ടായ സന്തോഷത്തിന്നു അതിരുണ്ടായിരുന്നില്ല. ശ്രീരാമന്റെ വിജയവാൎത്തയും സ്വഭാവവിശേഷവും,സീതാ

ദേവിയുടെ രൂപഗുണവും നാൾക്കുനാൾ വൎദ്ധിച്ചുകൊണ്ടിരിക്കുന്ന ശീലഗുണവുമോൎത്തു, അയോദ്ധ്യാവാസികളെല്ലാവരും സന്തുഷ്ടരായി.

സീതാസമേതനായി അയോദ്ധ്യയിൽ തിരിച്ചെത്തിയ ശ്രീരാമന്നു അധികകാലം സുഖമായി കാലക്ഷേപം ചെയ്യുവാൻ തരമായില്ല. ദശരഥ രാജാവിന്നു പ്രായാധിക്യം കൊണ്ടു രാജ്യ കാൎയ്യങ്ങളിൽ മനസ്സിരുത്തുവാൻ സാദ്ധ്യമല്ലാതെ വന്നപ്പോൾ മൂത്തമകനായ ശ്രീരാമനെ രാജാവായി വാഴിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. ദുഷ്ടയും ക്രൂരയുമായ മന്ഥര എന്ന ദാസി ഈ വിവരം കൈകേയിയെ അറിയിക്കുകയും ദാസിയുടെ ഉപദേശം പ്രമാണിച്ചു സ്വപുത്രനായ ഭരതനെ രാജാവായി അഭിഷേകം ചെയ്യുവാനും പതിനാലു സംവത്സരം ശ്രീരാമനെക്കൊണ്ടു വനവാസം ചെയ്യിക്കുവാനും കൈകേയി ദശരഥ രാജാവിനെ നിൎബ്ബന്ധിച്ചു. കൈകേയി ആവശ്യപ്പെടുന്ന ഏതൊരു കാൎയ്യവും തന്റെ ജീവദശയിൽ രണ്ടു തവണയെങ്കിലും സാധിപ്പിച്ചു തരുന്നതാണെന്നു ഭാൎയ്യാവശവൎത്തിയായ ദശരഥൻ മുമ്പൊരു തവണ വാഗ്ദത്തം ചെയ്തിരുന്നു. വാഗ്ദത്തലംഘനം ചെയ്തു ജീവിക്കയെന്നതു ക്ഷത്രിയന്നു ഒട്ടും ഉചിതമല്ലെന്നു ദശരഥ രാജാവിന്നറിയാമായിരുന്നുവെങ്കിലും പ്രാണസമനായ രാമനെ പിരിഞ്ഞിരിക്കുന്നതു അദ്ദേഹത്തിന്നു അചിന്ത്യമായി തോന്നി. അദ്ദേഹം പല പ്രകാരത്തിലും കൈകേയിയോടു അപേക്ഷ പിൻവലിക്കുവാൻ അപേ

ക്ഷിച്ചു. ദശരഥന്റെ അപേക്ഷകൾക്കൊന്നും കൈകേയി വഴിപ്പെട്ടില്ല.

"ഭൂമി പാലിപ്പാൻ ഭരതനെയാക്കണം രാമനൃഷസി വനത്തിന്നു പോകണം. ഇപ്രകാരം ചെയ്യാത്ത പക്ഷം താൻ ഉടനെ മരണം വരിക്കുന്നതാണെന്നു" കൈകേയി ഖണ്ഡിച്ചുപറഞ്ഞു. പിതൃവാക്യ പരിപാലനത്തിൽ അത്യ ന്തം ശ്രദ്ധാലുവായ ശ്രീരാമൻ ഉടനെ വല്കലധാരിയായി വനവാസത്തിന്നായി പുറപ്പെട്ടു. അരമന വിട്ടു പുറത്തി റങ്ങി ശീലമില്ലാത്ത സീതാദേവിയും സഹോദര സ്നേഹ ത്തിന്നു മാതൃകാപുരുഷനായ ലക്ഷ്മണനും ശ്രീരാമസ്വാ മിയെ അനുഗമിച്ചു. ദിവ്യ വസ്ത്രാലങ്കാരങ്ങൾ ത്യജിച്ചു വല്കലധാരികളായി അയോദ്ധ്യാനഗരത്തോടു യാത്ര പറഞ്ഞു പോയ മൂവരെ കണ്ട മാത്രയിൽ തൽപുര വാസി കൾക്കുണ്ടായ മനോദുഃഖം അവർണ്ണനീയമായിത്തീൎന്നു. പുത്ര വിരഹംകൊണ്ടു ശോകാൎത്തനായ ദശരഥൻ താമസി യാതെ കാലഗതി പ്രാപിച്ചു.

ക്രൂരത്ത കല്ലുകളും മുള്ളുകളും നിറഞ്ഞു സഞ്ചാര യോഗ്യ മല്ലാത്ത വഴികളിൽക്കൂടി അവർ ദാഹവും വിശപ്പും സഹി ച്ചു കുറെ ദിവസം ദൂരം വഴി നടന്നതിൽ പിന്നെ അവർ സിംഹം വൻപുലി മുമ്പതാം വനമൃഗക്കൂട്ടങ്ങളാൽ ആവൃ തമായ ഒരു ഘോര വിപനത്തിലെത്തി. കാട്ടിൽ അവിട വിടെയായി ഘോര തപസ്സിന്നുവേണ്ടി വനവാസം സ്വീക

രിച്ച മഹർഷിമാരെ അവർ കണ്ടെത്തുകയും പലപ്പോഴും അവരുടെ ആദരവിന്നു പാത്രമാകുകയും ചെയ്തു. കാട്ടിൽ സമൃദ്ധമായി വളർന്നുകൊണ്ടിരുന്ന വൃക്ഷലതാദികളിൽ നിന്നു വീണുകൊണ്ടിരിക്കുന്ന ഫല സാധനങ്ങളും ആഹാര ത്തിന്നുതകുന്ന കിഴങ്ങുകളും അവർ ഭക്ഷണമായി സ്വീക രിച്ചു. അവിടവിടെയായി ഒഴുകിക്കൊണ്ടിരുന്ന അരുവി കളിലെ സ്വച്ഛജലം അവർ പാനീയമായി ഉപയോഗിച്ചു വനവാസം സുഖപ്രദമാക്കിത്തീർക്കുവാൻ ശ്രമിച്ചു.

—ശ്രീ—

# 12. ശ്രീരാമ കഥാമൃതം.

II

മഹാരണ്യത്തിൽ പ്രവേശിച്ചു അധിക കാലം കഴി യുന്നതിന്നു മുമ്പായിത്തന്നെ ശ്രീരാമൻ വിരാധൻ മുതലായ അസുരന്മാരെ വധിച്ചു ശരഭംഗാശ്രമം, സുതീക്ഷ്ണാശ്രമം, അഗസ്ത്യാശ്രമം എന്നിവ സന്ദർശിച്ചു അസംഖ്യം ഋഷീ ശ്വരന്മാരുടെ അനുഗ്രഹത്തിന്നും പ്രീതിക്കും പാത്രമായി. വൃക്ഷലതാദികളാൽ സമ്പൂർണ്ണമായ പഞ്ചവടിയിൽ പ്രവേ ശിച്ചു അവിടെ ഒരു പർണ്ണശാല പണിതു വാസമുറപ്പിച്ചു പ്രകൃതിദേവിയുടെ മഹാത്മ്യത്തെയോർത്തു ഈശ്വര വിചാ രത്തോടുകൂടി മൂവരും പഞ്ചവടിയിൽ താമസിക്കുമവസര ത്തിൽ രാക്ഷസേശ്വരനായ രാവണന്റെ ഭാഗിനിയായ

ശൂപ്പ്ണഖ അവിടെ എത്തി. സുന്ദരവേഷം പൂണ്ടു മന്ദഹാസത്തോടുകൂടി മോഹിനി രൂപം സ്വീകരിച്ച ഈ രാക്ഷസിയെ കണ്ട ഉടനെ ലക്ഷ്മണൻ ഖഡ്ഗം ഊരി അവളെ കൊല്ലുവാൻ മുതിൎന്നു. ശ്രീരാമലക്ഷ്മണന്മാരെ മോഹിതരാക്കി കാൎയ്യം നേടുവാൻ പ്രയാസമാണെന്നു അനുഭവപ്പെട്ടതോടുകൂടി അവൾ ഭയങ്കരമായ രാക്ഷസീരൂപം സ്വീകരിച്ചു സീതാദേവിയെ കൊല്ലുവാൻ ഉദ്യമിച്ചു. സ്ത്രീഹത്യ ചെയ്യുന്നതു പാപമാണെന്നു നിനച്ചു, ലക്ഷ്മണൻ, ശൂപ്പ്ണഖയുടെ മൂക്കും മുലകളുംഖണ്ഡിച്ചു അവളെ വികൃതരൂപമാക്കിവിട്ടു. ഇതറിഞ്ഞ ഖരദൂഷണാദികൾ വമ്പിച്ച സൈന്യവും കരുതി ശ്രീരാമനോടു യുദ്ധത്തിന്നൊരുങ്ങുകയും ധീരനായ രാമൻ അവരെ നിഷ്പ്രയാസം കൊന്നൊടുക്കുകയും ചെയ്തു.

ശൂപ്പ്ണഖയെ അവമാനിച്ചതും ഖരദൂഷണാദികളെ നിഗ്രഹിച്ച വാൎത്തയും പ്രതാപ ലങ്കേശ്വരനായ രാവണൻ അറിഞ്ഞു. സഹോദരിയെ അവമാനിച്ചവരോടു പ്രതികാരംചെയ്യേണ്ടതു തന്റെ മുഖ്യധൎമ്മമാണെന്നു അവൻ തീരുമാനിച്ചു. ജനക രാജധാനിയിൽവെച്ചു ശിവചാപം കുലച്ചു സീതയെ നേടുവാൻ സാധിക്കാതെ താൻ അവമാനിതനായ നിരാശനും ദുൎബ്ബുദ്ധിയായ രാവണനെ (ഈ ഉദ്യമത്തിൽ മുന്നോട്ടുനയിച്ചു) കലുഷഹൃദയനും പ്രതികാരേച്ഛുവുമാക്കി.

സീതാദേവിയെ അപഹരിച്ചുകൊണ്ടു പോകുവാൻ രാവണൻ തരമാലോചിച്ചുകൊണ്ടിരിക്കെ മായാവിദ്യം

രാവണമാതുലനമായ മാരീചൻ അവിടെ എത്തി. മായാവിയായ താൻ കാഞ്ചന മൃഗത്തിൻെറ രൂപം സ്വീകരിച്ചു പഞ്ചവടിയിൽ പോയി സീതയുടെ മുമ്പിൽ ചാടി കളിക്കാമെന്നും രാമാദികൾ തന്നെ പിടിക്കുവാൻ യത്നിക്കുമ്പോൾ-പൎണ്ണശാലയിൽ നിന്ന അവരെ, താൻ വശീകരിച്ചു കാട്ടിലേക്കു കൊണ്ടുപോകാമെന്നു-ഭാഗിനേയന്നു തഞ്ചത്തിൽ സീതയെ അപഹരിക്കാമെന്നും മാരീചൻ അഭിപ്രായപ്പെട്ടു. മാതുലൻെറ യുക്തി രാവണന്നു സുസമ്മതമായി തോന്നി.

മാരീചൻ കാഞ്ചനമൃഗമായി പൎണ്ണശാലയുടെ മുമ്പിൽ കളിച്ചുകൊണ്ടിരുന്നു. വല്ല പ്രകാരത്തിലും പൊന്മാനിനെ പിടിക്കേണമെന്നു സീത ശ്രീരാമനോടപേക്ഷിച്ചു. അതു മായാമൃഗമാണെന്നും ചതിപ്രയോഗത്തിന്നായി ശത്രുക്കളെടുത്ത ഒരു വിദ്യയാണതെന്നും ശ്രീരാമൻ ദിവ്യദൃഷ്ടികൊണ്ടറിഞ്ഞു സീതയോടു അവ്വണ്ണം പറഞ്ഞു. മൃഗത്തെ തനിക്കു കിട്ടിയെകഴിയൂ എന്നു സീതാദേവി നിഷ്കൎഷിച്ചു പറഞ്ഞപ്പോൾ ശ്രീരാമൻ പത്നിയുടെ ഇഷ്ടം സാധിപ്പിക്കുവാനുറച്ചു കാഞ്ചനമൃഗത്തിൻെറ പിന്നാലെ ഓടി. കാഞ്ചനമൃഗം മായാവിയായ മാരീചനാണെന്നു അനുഭവപ്പെട്ടപ്പോൾ ശ്രീരാമൻ അതിനെ കൊല്ലുവാൻ ഒരു അസ്ത്രമയച്ചു. മരണം ആസന്നമായെന്നറിഞ്ഞ മാരീചൻ കൃത്യനിൎവ്വഹണത്തിന്നു ഊനംവരരുതെന്നുകരുതി ഒരു യുക്തിപ്രയോഗിച്ചു. ലക്ഷ്മണനെ പൎണ്ണശാലയിൽ നിന്നകററിയല്ലാതെ സീതാപഹരണത്തിന്നു ഭാഗിനേയന്നു തരമാവുക

യില്ലെന്നു കണ്ടു "ലക്ഷ്മണാ! ലക്ഷ്മണാ!" എന്നു ശ്രീരാമ സ്വാമിയുടെ കണ്ഠ ശബ്ദത്തെ അനുകരിച്ചുംകൊണ്ടു ഒരു ആൎത്തനാദം പുറപ്പെടുവിച്ചു. സഹോദരന്നു പ്രാണാപായം നേരിട്ടിരിക്കുമെന്നു കരുതി ലക്ഷ്മണൻ പൎണ്ണശാല വിട്ടു. ദീനനാദം പുറപ്പെടുവിച്ചുംകൊണ്ടു മാരീചൻ മരണമ ടഞ്ഞു. തഞ്ചം നോക്കി-ഭിക്ഷുവേഷംധരിച്ചു-മറവിലിരുന്ന രാവണൻ സീതാദേവിയെ തൽക്ഷണം അപഹരിച്ചു പുഷ്പകവിമാനത്തിൽ കയറി ലങ്കാ നഗരത്തിലേക്കു പോകുകയും ചെയ്തു. വഴി മദ്ധ്യത്തിൽ ജടായു എന്ന പക്ഷി സീതാ രക്ഷണത്തിന്നായി ശ്രമിക്കുകയും രാമപ ക്ഷപാതിയായ ആ പക്ഷി ശ്രേഷ്ഠൻ രാവണൻെറ ചന്ദ്ര ഹാസത്തിന്നു ഇരയാകുകയും ചെയ്തു.

രാമലക്ഷ്മണന്മാർ പൎണ്ണശാലയിൽ തിരിച്ചെത്തിയ പ്പോൾ സീതാദേവിയെ കണ്ടില്ല. രാവണൻ സീതാദേ വിയെ അപഹരിച്ചു കൊണ്ടുപോയ സൂക്ഷ്മവിവരം അവർ അറിഞ്ഞു. ദുഷ്ടനായ ലങ്കേശനെ വധിച്ചു സീതാദേവിയെ വീണ്ടെടുക്കുവാനുള്ള ശ്രമങ്ങൾ അവർ ആരംഭിച്ചു. ശ്രീരാ മൻ സീതാവിരഹം ഹേതുവായി ശോകാൎത്തനായി സഞ്ചരി ച്ചുകൊണ്ടിരിക്കെ ഋഷ്യമൂക പൎവ്വതത്തിൻെറ പാൎശ്വഭാഗ ത്തിലെത്തുകയും അവിടെവെച്ചു ഭക്തോത്തംസവും വായുപുത്ര നമായ ഹനുമാനെ കണ്ടെത്തുകയും വാനരവീരനായ ഹനു മാനുടെ ഉപദേശമനുസരിച്ചു കിഷ്കിന്ധാനഗരത്തിൽ പ്രവേ ശിക്കുകയുംചെയ്തു. ദുഷ്ടനായ വാലിയുടെ ഉപദ്രവം

സഹിക്കുവാൻ ശക്തനാകാതെ അവൻെറ അനുജനായ സുഗ്രീവൻ എന്ന കപീന്ദ്രൻ ശ്രീരാമനെ അഭയം പ്രാപിക്കുകയും വാലിയെ നിഗ്രഹിച്ചു ശ്രീരാമൻ സുഗ്രീവനെ രാജാവായി വാഴിക്കുകയും ചെയ്തു. പ്രത്യുപകാരമായി സുഗ്രീവൻ വമ്പിച്ച വാനരസേനയെ ശ്രീരാമനു സമ്മാനിക്കുകയും രണധീരന്മാരായ അസംഖ്യം വാനരവീരന്മാർ അടങ്ങിയ ഈ സൈന്യത്തേയുംകൊണ്ടു രാമലക്ഷ്മണന്മാർ പമ്പാതീരത്തിലെത്തുകയുംചെയ്തു. വായുപുത്രനായ ഹനുമാരും വാനരസേനാധിപനായ ജാംബവാനും ശ്രീരാമൻെറ യുദ്ധമന്ത്രികളായ്ത്തീൎന്നു. സമുദ്രമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ലങ്കാദ്വീപിൽ ഇത്രയധികം സൈന്യത്തോടുകൂടി പ്രവേശിക്കുന്നതു സുഗമമല്ലെന്നു തോന്നിയെങ്കിലും ഈശ്വരാംശജനായ ശ്രീരാമൻ സമുദ്രത്തിൽ വളരെ നാഴിക നീളത്തിൽ പാലം പണിയുവാൻ ആരംഭിച്ചു. സമുദ്രംതന്നെ പിന്നോക്കം വാങ്ങിനിന്നതിനാൽ ദിവ്യശക്തികൊണ്ടു കാലതാമസംകൂടാതെ സേതുബന്ധനം ചെയ്യുവാൻ ശ്രീരാമനു സാദ്ധ്യമായി.

വമ്പിച്ച വാനരസൈന്യം ലക്ഷം കണക്കിൽ ലങ്കാനഗരത്തിനു ചുററും വളഞ്ഞു അണിനിരന്നു. ശതലക്ഷം രാക്ഷസവീരന്മാരാൽ സുരക്ഷിതമായ ലങ്കാനഗരത്തിൽ വാണുകൊണ്ടിരുന്ന ദശകണ്ഠ പെരുമാൾ വാനരസൈന്യത്തെ കണ്ടഉടനെ ഒന്നു നടുങ്ങി. പ്രതാപിയായ ആ രാക്ഷസരാജാവ് ഭയങ്കരമായ യുദ്ധത്തിന്നുള്ള സന്നാഹങ്ങൾ

ഒരുക്കി. രണശ്ശൂരന്മാരായ രാക്ഷസരെ യുദ്ധത്തിന്നയച്ചു. ശ്രീരാമബാണമേററു ഓടിപ്പോയ രാക്ഷസന്മാരെ മുഴുവനും വാനരസൈന്യങ്ങൾ മരക്കൊമ്പുകൾ കൊണ്ടും മുഷ്ടിപ്രഹരം കൊണ്ടും യമപുരിക്കയച്ചു. ലങ്കാനഗരം മുഴുവനും രക്തപ്രവാഹംകൊണ്ടു മൂടി. രാവണാജ്ഞയെ വഴിപ്പെടാതെയും പാതിവ്രത്യത്തിന്നു വൈകല്യംവരാതെയും രാവണരാജധാനിയിലെ അശോകവനത്തിൽ ദുഃഖാർത്തയായി വസിക്കുന്ന സീതാദേവിയെ രാമദൂതനായ ഹനുമാർ സ്വാന്തനവാക്കുകൾ പറഞ്ഞു ധൈര്യപ്പെട്ടുത്തിക്കൊണ്ടിരുന്നു. വളരെ നാളുകളോളം അതിഭയങ്കരമായി പൊരുതുക കാരണമായി മേരുസമാനനായ അതികായനേയും കുംഭകർണ്ണനേയും രാമാദികൾ വധിച്ചു. യുദ്ധമാരംഭിക്കുന്നതിന്നു രാമദൂതനായി ലങ്കയിൽപോയ ഹനുമാരുടെ വാലിന്നു രാക്ഷസന്മാർ തീ കൊളുത്തിവിട്ടിരുന്നു. കുപിതനായ കപിവരൻ ലങ്കാനഗരം മുഴുവനും ചുററികളിച്ചു കൊണ്ടിരുന്നതിനാൽ മനോഹരമായ ആ പട്ടണത്തിൻെറ അധികഭാഗവും അഗ്നിക്കിരയായിത്തീൎന്നു. കോപം, നിരാശ എന്നിവകൊണ്ടു സംഭ്രാന്തനായ രാവണൻ അതിനിപുണനും പരാക്രമശാലിയും തൻെറ പുത്രനുമായ ഇന്ദ്രജിത്തിനെ പോൎക്കളത്തിലയച്ചു. ദേവന്മാരെ ജയിച്ചു ദേവേന്ദ്രനെപ്പോലും അടിമയായിക്കൊണ്ടുവന്ന ഇന്ദ്രജിത്ത് യുദ്ധരംഗത്തിൽ പ്രവേശിച്ചു. അപജയം എന്താണെന്നു അവൻ അതുവരെ അറിഞ്ഞതുമില്ല. രാമലക്ഷ്മണന്മാർ തങ്ങളുടെ അസ്ത്രാ

ഭ്യാസം മുഴുവനും ധീരതയോടെ ഇന്ദ്രജിത്തിന്നെതിരായി പ്രദൎശിപ്പിച്ചു. ഇന്ദ്രജിത്ത് രാമബാണങ്ങൾ കണ്ണം കണ്ണങ്ങളായി ഖണ്ഡിച്ചുകളഞ്ഞു. എന്നുമാത്രമല്ല, രാമലക്ഷ്മണന്മാരെ വല്ലാതെ പരിഭ്രമിപ്പിച്ചു. ദിവ്യദീപ്തികൊണ്ട് പ്രശോഭിതനായ ശ്രീരാമൻ തന്റെ ദിവ്യാസ്ത്രം പ്രയോഗിച്ചു ഇന്ദ്രജിത്തിനെ നിഗ്രഹിച്ചു. രാവണന്നു മരണം ആസന്നമായെന്നറിഞ്ഞു, ശത്രുവിനെ വഴിപ്പെടുന്നതിനെക്കാൾ അതി ഗംഭീരമായി യുദ്ധംചെയ്തു പോൎക്കളത്തിൽ മരിക്കുന്നതു ഉത്തമമാണെന്നു നിശ്ചയിച്ചു അവൻ രാമാദികളെ എതിൎത്തു. വളരെ ദിവസങ്ങൾ ഇടവിടാതെ അതി ഭയങ്കരമായി യുദ്ധം ചെയ്തതിൽപിന്നെ പരാക്രമിയായ രാവണൻ രാമബാണത്തിന്നിരയായിത്തീൎന്നു. ഭക്തശിരോമണിയും രാക്ഷസവൃത്തിയെ ഉപേക്ഷിച്ചു സൽക്കൎമ്മത്തിങ്കൽ വാസനയുള്ളവനുമായ വിഭീഷണനെ ലങ്കാധിപനായിഅഭിഷേകംചെയ്തു ശ്രീരാമൻ സീതാദേവിയെ വീണ്ടെടുത്തു.

ദുൎജ്ജന നിഗ്രഹത്തിന്നും സജ്ജന പാലനത്തിന്നും ധൎമ്മസംരക്ഷണത്തിന്നുംഈശ്വരാംശജനായി അവതാരമെടുത്ത ശ്രീരാമദേവൻ ഇഷ്ടപത്നിയായ സീതയോടും ഉത്തമസഹോദരനായ ലക്ഷ്മണനോടും കൂടി അയോദ്ധ്യാപുരിയിലെത്തി. പതിനാലുകൊല്ലത്തെ വനവാസം പൂൎത്തിയായതിനാൽ അയോദ്ധ്യയിലെ സൎവ്വാധിപത്യം ശ്രീരാമൻ സ്വീകരിച്ചു മഹാരാജാവായി ചിരകാലംവാണു.



# 13. ഉത്സാഹം പുരുഷലക്ഷണം

—————:0:—————

മനോഹരമായ ഗ്രാമത്തിന്റെ അധിപനായി ഉദാരശീലനായ ഒരു ധനികനുണ്ടായിരുന്നു. ആ ഗ്രാമത്തിലെ രാജമാർഗ്ഗത്തിന്നടുത്തുള്ള ഒരു ഭവനത്തിലായിരുന്നു അദ്ദേഹത്തിന്റെ താമസം. . വേണ്ടുവോളം ധനവും ദേഹ

സുഖവുമുള്ള ഈ മാന്യന്നു ബന്ധുക്കളോ തന്റെ സമ്പാദ്യത്തിന്നു അവകാശികളോ ആയി ആരുംതന്നെ ഉണ്ടായിരുന്നില്ല. സാധുക്കൾക്കു ഭക്ഷണവും, ഉടുക്കുവാൻ വേണ്ടുന്ന വസ്തുങ്ങളും ലോഭംകൂടാതെ ഇദ്ദേഹം കൊടുത്തു. തന്റെ ഗ്രാമത്തിൽ താമസമുറപ്പിച്ച ജനങ്ങളിൽ അധികവും മടിയന്മാരായി കണ്ടതിനാൽ അദ്ദേഹം അത്യന്തം വ്യസനിച്ചു. പരിശ്രമശീലരായ ജനങ്ങളെ അദ്ദേഹം മനപൂൎവ്വം സ്നേഹിച്ചും ബഹുമാനിച്ചുംകൊണ്ടിരുന്നു.

ഗ്രാമവാസികളേവരും അദ്ധ്വാനശീലന്മാരും സ്വപ്രയത്നംകൊണ്ടു സുഖമായി ജീവിക്കുന്നവരുമായി കാണ്മാൻ അദ്ദേഹം ആഗ്രഹിച്ചു. ഈ ആഗ്രഹ നിവൃത്തിക്കായി അദ്ദേഹം പലവിധത്തിലും ശ്രമിച്ചുകൊണ്ടുമിരുന്നു. പരിശ്രമശീലമുള്ളവന്നു ഉചിതമായ പ്രതിഫലം കൊടുക്കുവാൻ അദ്ദേഹം തീൎച്ചപ്പെടുത്തി.

ഒരുദിവസം അദ്ദേഹം കാലത്തെഴുന്നേററു രാജമാൎഗ്ഗത്തിൽപോയി ഒരു കുഴിയുണ്ടാക്കി സ്വൎണ്ണനാണ്യങ്ങൾ നിറച്ചുവെച്ച ഒരു പാത്രം അതിലിട്ടു മറഞ്ഞുകിടക്കും വിധം അവിടെ ഒരു വലിയ കല്ലുരുട്ടിയിട്ടു. വഴിപോകുന്നവർ മാൎഗ്ഗമദ്ധ്യത്തിൽ കിടക്കുന്ന കല്ലു നീക്കംചെയ്യുവാൻ ശ്രമിക്കുന്നുണ്ടോ എന്നറിയുവാനായി അദ്ദേഹം കുറച്ചകലെ നിന്നു.

അല്പസമയം കഴിഞ്ഞ ഉടനെ പ്രായംചെന്ന ഒരു കൃഷിക്കാരൻ ഒരു പശുവിനെ തെളിച്ചുംകൊണ്ടു ആ വഴിയിൽക്കൂടി വരുന്നതു കണ്ടു. വഴിമദ്ധ്യത്തിൽ വലിയ കല്ലു കിടക്കുന്നതു കണ്ടുവെങ്കിലും അതു നീക്കംചെയ്യുവാൻ ശ്രമിക്കാതെ മറെറാരു വഴിയിൽക്കൂടി പശുവിനെ തെളിച്ചുംകൊണ്ടു പോകയാണുണ്ടായതു്. ഗ്രാമത്തിലെ കഷ്കന്മാരും കൂലിക്കാരും ഇതേവഴിക്കു കൂടിയാണ് പ്രവൃത്തിക്കു പോയ്ക്കൊണ്ടിരുന്നത്. പെരുവഴിയിൽ കിടക്കുന്ന വലിയ കല്ലിനെ നോക്കുകയല്ലാതെ അതിനെ നീക്കം ചെയ്യുവാൻ ആരും ശ്രമിച്ചില്ല. രാജപാതയിൽ വലുതായ ഒരു കല്ലു ഉരുട്ടിയിട്ടുവാനുള്ള കാരണമെന്തായിയിരിക്കുമെന്നു ആലോചിക്കാതെ പാന്ഥന്മാരിൽ പലരും അതിനെ തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ കടന്നു പോയി. ധനവാൻ ഇവരുടെ മനസ്ഥിതിയും അലക്ഷ്യഭാവവുമോർത്തു വ്യസനിച്ചു.

വളരെനേരം വഴിപോകുന്നവരിലോരോരുത്തരെയും സൂക്ഷിച്ചുംകൊണ്ടു അദ്ദേഹം സമയം ചിലവഴിച്ചു. നേരം സന്ധ്യയായതോടുകൂടി അദ്ദേഹം നിരാശനായി ഭവനത്തിലേക്കു തിരിച്ചുപോകുവാനുറച്ചു. ഈ അവസരത്തിൽ കമ്പനിയിൽ അത്യദ്ധ്വാനമുള്ള ജോലി മുഴുമിച്ചു ഭക്ഷണത്തിന്നും വിശ്രമത്തിന്നുമായി കഴിയുന്നതും വേഗത്തിൽ ഭവനത്തിലേക്കു എത്തുവാനുള്ള ഉത്സാഹത്തോടുകൂടി ഒരു യുവാവ് ഏകനായി രാജപാതയിൽക്കൂടി വ

രുന്നതുകണ്ടു. ഈ യുവാവിൻെറ മനോഭാവം അറിഞ്ഞതിൽപിന്നെ സ്വഭവനത്തിൽ പോയി വിശ്രമിക്കാമെന്നു ധനികൻ തീച്ച്പ്പെടുത്തി.

രാജപാതയിൽ കിടക്കുന്ന വലിയ കല്ലുകണ്ട മാത്രയിൽ യുവാവു, 'പകൽ മുഴുവനും അദ്ധ്വാനിച്ചു ഞാൻ വളരെ ക്ഷീണിച്ചിരിക്കുന്നു; അത്താഴം കഴിഞ്ഞു സുഖമായി ഉറങ്ങുമെന്നുള്ള ആലോചനയോടു കൂടിയാണ് ഞാൻ ഇത്രയും വേഗത്തിൽ നടക്കുന്നതു. പക്ഷെ എന്നെപ്പോലെ ഭവനത്തിലെത്തിച്ചേരുവാനുള്ള വിചാരത്തോടു കൂടി എത്രപേർ ഈ വഴിയായി പോകുന്നു! വല്ലവരും വഴിയിൽ കിടക്കുന്ന കല്ലോടു മുട്ടി നിലംപതിച്ചാൽ അവരുടെ സ്ഥിതി എന്തായിരിക്കും? സന്ധ്യ സമീപിച്ച ഈ അവസരത്തിൽ ഈ കല്ലു രാജപാതയിൽതന്നെ തടസ്ഥമായി കിടക്കുന്നതു ഒട്ടും ഉചിതമല്ല'. ഇപ്രകാരം തന്നൊത്താൻ പറഞ്ഞു വളരെ പ്രയാസത്തോടുകൂടി കല്ലുരുട്ടി അടുത്തുണ്ടായിരുന്ന ഒരു ഓവിലേക്കു തള്ളിയിട്ടു. കല്ലു കിടന്ന സ്ഥലത്തു കണ്ട കാഴ്ച യുവാവിനെ ആശ്ചയ്യഭരിതനാക്കി! സ്വൎണ്ണനാണ്യങ്ങൾ നിറഞ്ഞൊഴുകുന്ന ഒരു പാത്രമാണ് അവിടെ തെളിഞ്ഞുകണ്ടത്. 'കല്ലു നീക്കംചെയ്യുവന്നു അവകാശപ്പെട്ട മുതലാണ് ഈ പാത്രത്തിലുള്ളതെന്നു' എന്നെഴുതിയ ഒരു കടലാസ്സും അവൻ കണ്ടു. സന്തോഷത്തോടുകൂടി വളരെ ഫലനമുള്ള

പാത്രവും കൈയ്യിലെടുത്തു അവൻ സ്വഗൃഹത്തിലേക്കു തിരിച്ചു.

യുവാവിൻെറ നല്ല മനസ്ഥിതിയും പരിശ്രമശീലവുമോർത്തു കൃതാൎത്ഥനായ ധനികൻ സ്വവസതിയിലേക്കും പോയി.

---

## 14. രാവണൻ.

അക്കാലങ്ങളിലതിഭുജവിക്രമ
ധികൃതശക്രപരാക്രമനാകിയ
നക്തഞ്ചരപതി രാവണനെന്നൊരു
ശക്തൻ വന്നു പിറന്നുധരായാം;
പത്തുമുഖങ്ങളുമിരുപതുകൈകളു—
മത്യുന്നതഗിരിസന്നിഭമാകിയ
ഗാത്രവുമുരുതര ഭീഷണമിരുപതു
നേത്രവുമുൾക്കട ദംഷ്ട്രാനികരം
എത്രഭയങ്കരമാകൃതികണ്ടാൽ
മിത്രതന്തുജനമാശു ഭയപ്പെട്ടു—
മത്രമഹാബലനാകിയദശമുഖ—
നത്തൽവെടിഞ്ഞു തപംചെയ്തുടനെ
പങ്കജഭവനൊടു വരവുംവാങ്ങി—

ക്കിങ്കരസംഘസമേതംവിരവൊടു
ലങ്കാനഗരമടക്കിവസിച്ചഥ
ശങ്കാരഹിതം ധനപതിതന്നുടെ
ഹുങ്കാരത്തെയടക്കിജ്ജയിച്ചോ—
രഹങ്കാരങ്ങൾനിലയ്ക്കാഞ്ഞൻപൊ
ശങ്കരഭഗവാൻ വാണരുളുന്നഭ—
യങ്കരമാകിയ കൈലാസത്തെ
കുത്തിയെടുത്തുകരങ്ങളിലാക്കി
സത്വരമമ്മാനക്കളിയാടി
പത്തിരുപതുകുറി പൊക്കിയെറിഞ്ഞും
ശക്തിപെരുത്തകരങ്ങളിലേററം
മുപ്പുരവൈരിക്കതുകൊണ്ടവനൊട—
രപ്രിയമുണ്ടായില്ലവിശേഷി—
ച്ചത്ഭുതമായൊരുവാളും നല്കി
ക്ഷിപ്രമനുഗ്രഹമേകിയയച്ചു.
പുഷ്പകമായവിമാനവുമേറി
പുഷ്പശരാരിയെവന്ദിച്ചുടനെ—
ഭൂതലവും പാതാളം സ്വർഗ്ഗം
വിതഭയേന ജയിച്ചു ദശാസ്യൻ
ലങ്കാനഗരെസൈ്വരമതായി
ലങ്കാധിപനായിവാണുദശാസ്യൻ

(കുഞ്ചൻനമ്പ്യാർ)



# 15. തീവണ്ടി.

പരിഷ്കാരം ഏററവും വദ്ധിച്ച ഇക്കാലത്തു രാവും പകലും വെള്ളത്തിലും കരയിലുമായി അനവധി വാഹനങ്ങഠം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അവയിൽ കരയിൽ സഞ്ചരിക്കുന്ന വാഹനങ്ങളിൽ ഏററവും പ്രാധാന്യവും ജനങ്ങഠംക്കു അത്യന്തോപയോഗവുമായ ഒരു വാഹനമാകുന്നു തീവണ്ടി അല്ലെങ്കിൽ പുകവണ്ടി.

തീവണ്ടി ഉള്ളതിനാൽ ഇന്നു ജനങ്ങഠം അനുഭവിക്കുന്ന സുഖത്തിന്നു കയ്യും കണക്കുമില്ല. പാശ്ചാത്യരുടെ പരിശ്രമഫലമായ ഈ കണ്ടുപിടുത്തത്തിൻെറ ഗുണം ഓക്കുമ്പോഠം ഈ വാഹനം ലോകത്തു പ്രചരി

ക്കുന്നതിന്നു മുമ്പിട്ടു ജനങ്ങൾ ദൂരയാത്രക്കും മററും അനുഭവിച്ച കഷ്ടതകൾ എന്തായിരിക്കും? കാളവണ്ടികൾ, കുതിരവണ്ടികൾ, ബസ്സുകൾ, കാറുകൾ മുതലായവ മനുഷ്യക്കു ഉപയോഗപ്രദമായ വാഹനങ്ങളാണെങ്കിലും അതിനെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ അസൌകര്യങ്ങളുണ്ട്. സവ്വ ഗുണവും തികഞ്ഞ ഈ വാഹനം ജനങ്ങൾക്കു ഒരനുഗ്രഹമായിത്തീന്നിട്ടുണ്ടെന്നു പറയുന്നതിൽ യാതൊരു സംശയവും ഇല്ല.

കപ്പൽസഞ്ചാരത്തിൽ ഉൾപ്പെടാത്ത കര പ്രദേശങ്ങളെ ഈ വാഹനം തീററിപ്പോററുന്നുണ്ടെന്നു മാത്രമല്ല അവയെ വ്യവസായ കേന്ദ്രങ്ങളും കൂടി ആക്കിത്തീക്കുന്നുണ്ട്. എങ്ങിനെ എന്നാൽ; ഒരു രാജ്യം ആ രാജ്യത്തുണ്ടാകുന്ന കൃഷിയെക്കൊണ്ടും വ്യവസായത്തെക്കൊണ്ടോ ഒരിക്കലും സംതൃപ്തമാകുന്നില്ല. എപ്പോഴും അന്യ രാജ്യങ്ങളെ ഏതെങ്കിലും വിധത്തിൽ ആശ്രയിക്കാതെ നിവൃത്തിയില്ല. കാരണം, മലയാളക്കരയിൽ സുലഭമായി കിട്ടിവരുന്ന കൊപ്പരയും കുരുമുളകും ഇവിടുത്തെ ആവശ്യവും കഴിച്ച് ധാരാളമായി മിച്ചാരം ഉണ്ടാകുന്നുണ്ട്. അവ അന്യ രാജ്യങ്ങളിൽ ഏററവും ആവശ്യമായും വരുന്നുണ്ട്. അങ്ങിനെതന്നെ വേറൊരു രാജ്യത്തു പരുത്തി മുതലായ സാധനങ്ങൾ അവിടുത്തെ ആവശ്യവും കഴിച്ചു ബാക്കി വരുന്നുണ്ടെന്നും വിചാരിക്കുക. അതു ഇവിട്ടത്തുകാക്കു കിട്ടാതെ നിവൃത്തിയില്ല. ഈ

സാധനങ്ങളെല്ലാം ആൾ്ചുമടായിട്ടും മററും എത്തിക്കു ന്നതായാൽ എത്ര നഷ്ടകഷ്ടങ്ങൾ സംഭവിക്കാൻ വഴി യുണ്ട്? എത്ര അധികരിച്ച ദ്രവ്യച്ചിലവു സംഭവിക്കു ന്നുണ്ട്. ആ ചിലവുകളെല്ലാം ചരക്കിന്മേൽ കൂട്ടുമ്പോൾ ചരക്കിൻെറ വില എന്തായിരിക്കും? അങ്ങിനെയാണെ ങ്കിൽ വ്യവസായം എങ്ങിനെ പരിഷ്കരിക്കും. ഇപ്പോഴോ തീവണ്ടിയുടെ സഹായത്താൽ അല്പദിവസംകൊണ്ടു അധികരിച്ച ധനവ്യയം കൂടാതെയും നമുക്കു ആവശ്യമു ള്ള സാധനം ഇവിടെ കിട്ടിവരികയും ഇവിടത്തിലുള്ള സാധനങ്ങളെ അന്യ രാജ്യങ്ങളിൽ എത്തിക്കുകയും ചെയ്യു ന്നു. അതുനിമിത്തം ജനങ്ങൾക്കു അവരുടെ സാധനങ്ങൾക്കു ന്യായമായ വില കിട്ടുകയും രാജ്യത്തു കൃഷിയും വ്യവസാ യവും വർദ്ധിക്കുകയും ചെയ്യുന്നു.

പണ്ടു കാലങ്ങളിൽ കാശി, രാമേശ്വരം മുതലായ സ്ഥലങ്ങളിൽ പോകുവാൻ ജനങ്ങൾ അനുഭവിച്ച കഷ്ടം എന്തായിരുന്നു? എത്ര കാലം വേണ്ടിവന്നു? എത്ര പണം വേണ്ടിവന്നു? എന്നു മാത്രമല്ല തിരിച്ചെത്തുന്നതുതന്നെ വളരെ അപൂൎവ്വമായിരുന്നു. ഇപ്പോഴോ കുറച്ചു പണം ചിലവു ചെയ്താൽ ഇന്ത്യ മുഴുവൻതന്നെ ചുററി വരാൻ അധികകാലം വേണ്ടിവരുന്നില്ലെന്നു മാത്രമല്ല ദേഹനാ ശത്തിന്നൊന്നും ഭയപ്പെടേണ്ടതുമില്ല. ഈ വണ്ടി വരു ന്നതിന്നു മുമ്പ് കത്തു മുതലായതു അയക്കുവാനും ജനങ്ങൾ വളരെ കഷ്ടതകൾ അനുഭവിച്ചിരിക്കുന്നു എന്നു പറ

യാതെ നിവൃത്തിയില്ല. ഇപ്പോഴോ ഇവിടെനിന്നു ഒരു കത്തു മദിരാശി മുതലായ സ്ഥലങ്ങളിൽ എത്തിക്കുവാൻ ചുരുങ്ങിയതു ഒരു ദിവസം മാത്രമെ വേണ്ടിവരുന്നുള്ളു.

വണ്ടികളെ അവയുടെ ഉപയോഗത്തിന്നനുസരിച്ചു മൂന്നു തരങ്ങളായി ഭാഗിക്കാം. അവയിൽ ഒന്നു കത്തും മററും കൊണ്ടുപോകുന്ന മെയിൽവണ്ടി. രണ്ടാമത് യാത്രക്കാരെ കയററികൊണ്ടുപോകുന്ന ലൊക്കൽവണ്ടി. മൂന്നാമതു സാമാനങ്ങളെ ഏററിറക്കുചെയ്യുന്ന സാമാനവണ്ടി അല്ലെങ്കിൽ ഗുഡ്സ്‌വണ്ടി. ഇതിൽ ഒന്നാമതായി പറഞ്ഞ മെയിൽവണ്ടിയിൽ യാത്രക്കാരെയും എടുക്കാറുണ്ടു. പക്ഷെ ലോക്കൽവണ്ടിയിൽ പോകുന്നതിലും ഇതിന്നു കൂലി കുറച്ചു കൂടുതലായിരിക്കും. എന്നാൽ സാമാനവണ്ടിയിൽ യാത്രക്കാരെ തീരെ എടുക്കുകയില്ല. സാമാനവണ്ടികൾ ഒഴിച്ചു, ബാക്കിയുള്ള രണ്ടുതരം വണ്ടികളിലും മൂന്നു തരങ്ങൾ അല്ലെങ്കിൽ ക്ലാസുകളുണ്ടു. ഓരോതരത്തിൻെറയും കൂലിനിരക്കു ഓരോ പ്രത്യേക തരത്തിലാകുന്നു. ക്ലാസുകളുടെ സുഖവും വേറെതന്നെയാകുന്നു. ഒന്നാംക്ലാസിൽ നല്ല പഞ്ഞുമെത്തകളും വിദ്യുച്ഛക്തിയാൽ വീശികൊണ്ടിരിക്കുന്ന വിശറികളും മുഖകണ്ണാടികളും മററും മററും ഉണ്ടായിരിക്കും. രണ്ടാംക്ലാസിൽ ഒന്നാംക്ലാസിൽ ഉള്ളത്ര അലങ്കാരങ്ങളൊന്നും ഇല്ലെങ്കിലും വലിയ ദോഷങ്ങളൊന്നും ഇല്ല. എന്നാൽ മൂന്നാംക്ലാസ്സിൽ യാത്രക്കാൎക്ക് ഇരിക്കുവാൻ ബെഞ്ചു മാത്രമേയുള്ളു. അതുകൊണ്ടു

മററു രണ്ടു ക്ലാസ്സുകളേക്കാൾ മൂന്നാം ക്ലാസ്സിന്നു കൂലിനിരക്കും കുറവാകുന്നു.

വണ്ടികളിൽ ആളുകൾക്കു കയറുവാനും ഇറങ്ങുവാനുംവേണ്ടി ഏൎപ്പെടുത്തിയ സ്ഥലത്തിന്നാണ് സ്റ്റേഷ്യൻ എന്നു പറയുന്നതു. യാത്രക്കാർ നിശ്ചിതസമയത്തു സ്റ്റേഷ്യനിൽ എത്തിച്ചേൎന്നാൽ അവിടെനിന്നു വണ്ടിവരുന്നതിന്നു ഒരു മണിക്കൂർ മുമ്പെ ഏതു ദിക്കിലേക്കാണ് വേണ്ടതു എന്നുവെച്ചാൽ അവിടുത്തേക്കുള്ള കൂലി കൊടുത്താൽ ഒരു ടിക്കററു കൊടുക്കപ്പെടും. അതും മേടിച്ചു വണ്ടിയിൽ കയറി ഇരുന്നാൽ നമുക്കു ടിക്കററിൽ കാണിച്ച സ്ഥലത്തു ഇറങ്ങാം. അങ്ങിനെ ഇറങ്ങുന്നതിലും ക്രമമുണ്ട്. ഒരു സ്റ്റേഷ്യനിൽനിന്നു മറെറാരു സ്റ്റേഷ്യനിലേക്കല്ലാതെ വഴിയിലൊന്നും ഇറങ്ങുവാൻ പാടില്ലെന്നു നിയമമുണ്ടു.

വണ്ടി ഓടുന്നതു ആവിയുടെ ശക്തികൊണ്ടാകുന്നു. വണ്ടിയുടെ മുമ്പിൽ ഒന്നാമതായി നിങ്ങൾക്കു കാണുവാൻ കഴിയുന്നതു വലിയൊരു ഇരിമ്പു കടാഹമാണ്. ഈ കടാഹത്തിൽ എപ്പോഴും വെള്ളം തിളച്ചുകൊണ്ടിരിക്കുന്ന ഒരു പാത്രമുണ്ട്. അതിൽനിന്നു ഉൽഗമിക്കുന്ന വായു അതിനോടു സംഘടിപ്പിച്ച ചാമ്പുകോലിനെ അങ്ങോട്ടുമിങ്ങോട്ടുമായി തള്ളിക്കൊണ്ടിരിക്കും. അപ്പോൾ വണ്ടിയും നീങ്ങിക്കൊണ്ടിരിക്കും, ഒരു യന്ത്രത്തോടു പ

ത്തും പന്ത്രണ്ടും ചിലപ്പോൾ അതിലധികവും വണ്ടികളെ സംഘടിപ്പിച്ചതായിക്കാണാം. ഇതെല്ലാം ഒരേ അവസരത്തിൽ നീങ്ങിക്കൊണ്ടിരിക്കും. യന്ത്രത്തിന്നു അടുത്തു ചേൎത്ത വണ്ടി കല്ക്കരിയൊ, വിറകൊ നിറപ്പാനുള്ളതാകുന്നു. ഇതിന്നു രണ്ടിന്റെയും മദ്ധ്യത്തിലാണ് യന്ത്രവാഹകൻ അല്ലെങ്കിൽ യന്ത്രത്തെ ഓട്ടുന്ന ആൾ നില്ക്കുക. അദ്ദേഹത്തിന്റെ ഇഷ്ടംപോലെ വണ്ടിയെ വേഗതയിലും സാവധാനത്തിലും ഓട്ടുവാൻ സാധിക്കും. ഈ യന്ത്രത്തെ ആദ്യമായി കണ്ടുപിടിച്ചതു ഒരു ഇംഗ്ലീഷുകാരനാണത്രെ.

## 16. വിനയം.

ഒരു മനുഷ്യനെ പരിപൂൎണ്ണ വിജയത്തിലെത്തിക്കുവാൻ സൎവ്വഥാ യോഗ്യങ്ങളായ ചില വിശിഷ്ട ഗുണങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. അവയിൽ ഒട്ടുംതന്നെ അപ്രധാനമല്ലാത്ത ഒന്നാകുന്നു വിനയം. അതിന്റെ യഥാൎത്ഥമായ രൂപത്തിൽ അതു പ്രകാശിക്കുമ്പോൾ മനസ്സിന്നു അത്യാനന്ദം ഉണ്ടാകുന്നു. അകളങ്കിതമായ മനുഷ്യ ഹൃദയത്തിൽ മാത്രമേ വിനയം സ്ഥിതിചെയ്യുകയുള്ളൂ. മനസ്സിന്നു ബാധിക്കുവാനിടയുള്ള കാമക്രോധാദി വൃത്തികളെ നശിപ്പിച്ച

ൾ ഊറികിടക്കുന്ന വിനയ ഗുണത്തിന്ന് ലോകത്തെ മുഴുവൻ വശീകരിക്കുവാനുള്ള ശക്തിയുണ്ട്.

'വിദ്യയിൽ വിനയമത്തുളവാം
സദ്യ സമ്മതി വരുത്തീടും വിനയം'

ഈ പ്രമാണം അക്ഷരംപ്രതി വാസ്തവമാണ്. നല്ല വിദ്യാഭ്യാസം ലഭിച്ച വിശാല മനസ്കന്മാരിലും, ലോകപരിചയം സിദ്ധിച്ചവരിലും മാത്രമെ വിനയം സാധാരണമായി കാണപ്പെടുന്നുള്ളൂ. എന്നാൽ വിദ്വാന്മാരിൽ അധികഭാഗവും ഗർവ്വികളും ദുരഭിമാനികളുമായിട്ടാണ് കാണുന്നതു്. വിദ്യാഭ്യാസത്താൽ വേണ്ടിടത്തോളം സംസ്കാരമെത്തിയ ഹൃദയത്തിൽ നിഴലിച്ചുകാണുന്ന ഒരു വിശിഷ്ട ഗുണമാണ് വിനയമെന്നു ചുരുക്കത്തിൽ പറയാം. വിനയത്തിൻെറ പ്രകാശതകൊണ്ടു് ജനബോദ്ധ്യമുണ്ടാകുമെന്ന് തർക്കമില്ലാത്ത ഒരു സംഗതിയാണ്. ആരോടും ഏതു ജീവിയോടും വിനയം കാണിക്കുന്നതുകൊണ്ടു ഒരേകാലത്ത് ജീവിക്കുന്ന ജനങ്ങൾക്ക് നമ്മളിൽ ഭക്തി, ആദരവ്, വിശ്വാസം ബഹുമാനം മുതലായവ ഉണ്ടാകുന്നതാണെന്ന് പ്രത്യേകം പറയേണ്ടതില്ല. ഏററവും ബുദ്ധിയുള്ളവനും, പണ്ഡിതനും, ശാസ്ത്രജ്ഞനുമായ ഒരാൾക്ക് വളരെ കാലംകൊണ്ടുണ്ടാക്കാൻ കഴിയുന്ന ജനബോധ്യം, വിശ്വാസം മുതലായവ വിനയമുള്ള ഒരുവന്നു അല്പകാലംകൊണ്ടു നേടുവാൻ സാധിക്കും. ഈ സംഗതികൊണ്ടുതന്നെ വിനയം മററു മനോ

ഗുണങ്ങളിൽ വെച്ച് ഏററവും ഉൽകൃഷ്ടമാണെന്നു് തെളിയിക്കുന്നുണ്ട്. വണക്കത്തോടുകൂടി പെരുമാറുന്നവന്ന് ജനങ്ങളുടെ ഹൃദയത്തെ അതിവേഗത്തിൽ ആകൎഷിച്ചു സ്വാധികാരമാക്കിത്തീൎക്കുവാൻ സാധിക്കുമെന്നുള്ളതാണ് ഇതിൻെറ യഥാൎത്ഥ നില. ജനങ്ങളുടെ സമ്മതിയേക്കാൾ വലിയ ഒരു നേട്ടം ഈ ലോകത്തിൽ വേറെ ഒന്നുമില്ലല്ലോ. പൊതുജനങ്ങൾക്കു ഒരുവൻ തികച്ചും വിശ്വാസയോഗ്യനാണെന്നു വരുമ്പോൾ ആ വിനയശീലന്നു ഈ ലോകത്തിൽ സാധിക്കാത്തതായിട്ട് യാതൊന്നും ഉണ്ടാവുകയില്ല. അവൻെറ പ്രവൃത്തിയിൽ മുഴുവനും ആത്മാൎത്ഥമായ വിശ്വാസം ഉണ്ടായിക്കഴിഞ്ഞാൽ പിന്നെ അവനെ ആരുംതന്നെ അധിക്ഷേപിക്കുകയില്ല. അവൻെറ കല്പനകളെ എല്ലാവരും ആദരിക്കുകയും, അവനെ ബഹുമാനിക്കുകയും ചെയ്യും. ധനത്തെസ്സംബന്ധിച്ചേടത്തോളം തന്നെ വിനയിക്ക് യാതോരു ബുദ്ധിമുട്ടുംവന്നുചേരുകയില്ല.

ജനങ്ങളുടെ സമ്മതികൊണ്ടു ധനം മുതലായ എല്ലാ സാധനങ്ങളും കരസ്ഥമായിത്തീൎന്നാൽ ഒരാൾക്കു ന്യായമായി തൻെറ ജീവിതം കഴിക്കുവാനും പൊതുജനങ്ങളെ സേവിക്കുവാനും കഴിയുമല്ലോ. ഇതാകുന്നു വിനയധനംകൊണ്ടു ഉണ്ടായിത്തീരുന്ന വലിയ ഒരു ഫലം. നാം സാധാരണമായി മററൊരാളോടു വല്ലതിന്നും അപേക്ഷിക്കുമ്പോൾ വിനയത്തോടുകൂടിയെന്നോ അതല്ലെങ്കിൽ വണക്കമായി എന്നോ ഉപയോഗിക്കാറുണ്ടല്ലോ. അതിന്നുള്ള

കാരണം അപേക്ഷിക്കുന്നതായ നമ്മളിൽ മററുള്ളവക്ക് വിരോധമോ അഭിപ്രായവ്യത്യാസമോ തോന്നാതിരിക്കുവാൻ വേണ്ടിയാണ്. അതുകൊണ്ടു മറെറല്ലാ ഗുണങ്ങളേക്കാളും ഒരു ഉയന്ന സ്ഥാനം വിനയത്തിന്നുണ്ടെന്നു മനസ്സിലാക്കാം.

ഒരാളിൽ മററു സവ്വ ഗുണവും തികഞ്ഞാൽ മാത്രമെ വിനയം പ്രകാശിക്കുകയുള്ളൂ. സത്യം ദയ അഹിംസ മുതലായ എല്ലാ ഗുണങ്ങളെക്കൊണ്ടും പ്രകാശിച്ച മനസ്സിൽ മാത്രമാണ് വിനയം അതിൻെറ യഥാത്ഥമായ തേജസ്സോടുകൂടി പ്രകാശിക്കുകയുള്ളൂ എന്നു ചിലർ അഭിപ്രായപ്പെടുന്നു. അല്ലാതെ അസത്യം, ഹിംസ, നിർദ്ദയത്വം മുതലായ ദുർഗ്ഗുണങ്ങളെക്കൊണ്ടു എപ്പോഴും ഈ ഗുണം മൂടി കിടക്കും.

നമ്മുടെ പുരാണം പരിശോധിച്ചാൽ വിനയശാലികളായ എത്രയോ യോഗ്യപുരുഷന്മാരുടെ കഥകളെ കാണാവുന്നതാണ്. എല്ലാവിധ ജാതിമതസ്ഥരിലും ഉൽകൃഷ്ടന്മാരായ വിനയാലുക്കളെപററി പ്രസ്താവിച്ചതായി കാണാം. അത്രയുമല്ല വിശേഷബുദ്ധിയില്ലാത്തവയും അചരങ്ങളുമായ വൃക്ഷലതാദികളെ കൂടി സൂക്ഷ്മമായി പരിശോധിച്ചുനോക്കുന്നതായാൽ ചിലപ്പോഠം ഈ ഗുണം പ്രകാശിച്ചുകാണാവുന്നതാണ്. പുഷ്പിച്ച ശാഖകളോടുകൂടി ഉയന്നുനില്ക്കുന്ന വൃക്ഷലതാദികഠം അവയിൽ പരിപൂൎണ്ണമായ ഫലം ഉണ്ടായിക്കഴിഞ്ഞാൽ വിനയഭാവ

ത്തിൽ ശാഖകൾ താഴ്ത്തിയിട്ട് ജനങ്ങളെ വന്ദിക്കുകയോ എന്നുകൂടി തോന്നിപ്പോകുന്നുണ്ട്.

വിനയത്തിന്റെ യാതൊരു ഗുണവും അറിയാതെ അഹങ്കാരത്താൽ മദോന്മത്തരായ മനുഷ്യർ ചിലപ്പോഴെല്ലാം നാട്ടിന്നും വീട്ടിന്നും വരുത്തിക്കൂട്ടുന്ന കഷ്ടതകൾ എന്തൊക്കെയാണ്? അത് നിമിത്തം അവർ മാത്രമല്ല മററുള്ളവരുംകൂടി കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടിവരുന്നു. തന്മൂലം ദൈവവും കൂടെ അവരോടു വെറുത്തിരിക്കേണം. ലോകത്തിൽ ജനങ്ങളോടു എപ്പോഴും വിനയത്തിൽ പെരുമാറുന്ന മനുഷ്യന്നു മാത്രമെ ഇന്നു എവിടെയും സ്ഥാനമാനങ്ങളുള്ളു. അതുകൊണ്ടു ഏതൊരു മനുഷ്യനും ഈ വിശിഷ്ട ഗുണത്തെ എപ്പോഴും രക്ഷിച്ചുകൊള്ളേണ്ടിയിരിക്കുന്നു.

പൂവിലെ തേനുപോലീമനുജാത്മാവി—
ലൂനമില്ലാത്ത ഗുണങ്ങൾ കാണാം
സത്യംദയാ മുതലായ മാഹാഗുണ—
മേറെ വിനയത്താലുജ്ജ്വലിപ്പു
സ്നേഹത്തിൽനിന്നുദിച്ചീടുന്നി സൽഗുണ—
മാരിലും പിന്നെപ്പരന്നീടുന്നു.
ഗർവ്വം പ്രതാപവുമാന്നിടാതെപ്പോഴ—
മന്ന്യനിൽ താഴ്മയും സ്നേഹം വാഴും
ഭാവിച്ചാലാകാം വിനയത്തിനുൽകൃഷ്ട-
സൂക്ഷ്മസ്വരൂപത്തിൻ തത്വസാരം.



## 17. കാളിയമൎദ്ദനം.

ഫണിബന്ധമഴിച്ചു വാസുദേവൻ
പണിക്കൂടാതെ കരേറി തീരഭാഗെ
ഫണിതൻ ഫണചക്രമേറി നിന്നാ-
ങ്ങണിനൃത്തങ്ങൾ തുടങ്ങി ഭംഗിയോടെ.

തലയും വലയും കിലുങ്ങുമാറ-
ങ്ങിളകീട്ടുംപടി പാണിതാളമേളം,
ലളിതം നടനം മനോഭിരാമം
കളസംഗീതക മംഗളംവിളങ്ങി.

വിറകൊണ്ടിതു കൊണ്ടൽവേണിഭാഗെ
നിറകൊണ്ടീടിനകേകി പിഞ്ഛജാലം
നിറമേറിന പീതമാംദുകൂലം
നിതരാമിങ്ങളകുന്നു നിർമ്മലാഭം.

അഴകേറിന ചാരുനാദമോട-
ക്കുഴലും പാണിതലേന വക്ത്രപത്മേ;
അധരാധരസീമ്നി ചേർത്തു ചെത്ത-
ങ്ങധികാനന്ദ മമന്ദ ഗീതഘോഷം.

ഉടനംബരവാസി ദേവവൃന്ദം
പടുഗാനസ്തുതി ഘോഷമോടെ
തുടിതാള മിടക്കയും മുഴക്കി
സ്ഫുടഭക്തി പ്രവണം വണങ്ങിനിന്നു

സരസാമിതരാഗയോഗമോടെ
സുരനാരിജനനൃത്തവും തുടങ്ങി
ഉരഗപ്രഭു കാളിയൻ മയങ്ങി
ഗുരുഭാരേണ ഫണങ്ങളും വണങ്ങി.

ഫണിനായക ഭാര്യമാരശേഷം
പ്രണിപാതേന *മുഹുർമ്മുഹുഃ സ്തുതിച്ചു.
പ്രണവാദിക വേദസാരവാക്യം
ക്ഷണമാകർണ്യ തെളിഞ്ഞു വാസുദേവൻ.

---

* വീണ്ടും വീണ്ടും

അഥ സർപ്പശിരസ്സിൽനിന്നിറങ്ങി
പ്രഥിതപ്രീതരസേന ഗോപബാലൻ
ഉരഗാധിപനേ കരേണതൊട്ടു-
ങ്ങരുൾചെയ്താനരുണാംബുജായതാക്ഷൻ.

"അയി നാഗപതെ! നിനക്കു നിത്യം
മയി വിശ്വാസമഭംഗമാസ്വദരണം
യമുനാസലിലം വെടിഞ്ഞു വേഗാൽ
ഗമനംചെയ്ക ഭവാൻ കുടുംബമോടെ."

"രമണീയതമം സമുദ്രമദ്ധ്യേ
രമണം നാമ വിശാലദേശമുണ്ടു
അവിടേക്കു ഗമിയ്ക്ക കാളിയാ നീ
അവിടെബ്ഭൂരി സുഖംഭവിക്കുമല്ലൊ."

"വിനതാസുതനെബ്ഭയപ്പെടേണ്ട
വിനയശ്രീ ഗുണമുള്ള കാളിയാ! നീ
തവമൌലിഷു മൽപദങ്ങൾകണ്ടാ-
ലവനണ്ടൊ വിപരീതനായ്വരുന്നു."

അതുകേട്ടു നമസ്കരിച്ചുപോയാ-
നതുലപ്രീതി കലർന്നു നാഗരാജൻ
ഫണിനീജനവും ഹരിയ്ക്കു പട്ടം
മണിജാലംച കൊടുത്തു സമ്പ്രതമഥ.

(കുഞ്ചൻനമ്പ്യാർ)

—ശ്രീ—

# 18. കൎണ്ണൻ.

മഹാഭാരതയുദ്ധത്തിൽ കീൎത്തിനേടിയ രണധീരന്മാരുടെ മുന്നണിയിൽ നില്ക്കുന്ന ഒരു പരാക്രമശാലിയാണ് കൎണ്ണൻ. ഒരു പടയാളിയുടെ ധൎമ്മത്തിൽനിന്നു വ്യതിചലിക്കാതെകൎത്തവ്യത്തിൽ ഉറച്ചുനിന്ന മഹാമനസ്കനായിരുന്നു അദ്ദേഹം.

കുന്തിയിൽ സൂൎയ്യദേവന്റെ പുത്രനായിട്ടാണ് കൎണ്ണൻ ജനിച്ചതു്. ദുൎവ്വാസാമഹൎഷി കുന്തിയുടെ ശുശ്രൂഷകൾ കൊണ്ട് സന്തോഷിച്ചു അവൾക്ക് അഞ്ചു മന്ത്രങ്ങൾ ഉപദേശിച്ചു കൊടുത്തിരുന്നു. ഏതെങ്കിലുമൊരു ദേവനെ ആ മന്ത്രങ്ങളിൽനിന്നു ജപിച്ച് ആവാഹിച്ചാൽ ആ ദേവൻ അവൾക്ക് വശനായിത്തീരുമെന്ന് മഹൎഷി ഗ്രഹിപ്പിച്ചിരുന്നു. കുന്തിക്ക് മന്ത്രശക്തി പരീക്ഷിക്കേണമെന്ന് ആഗ്രഹമുണ്ടായി; ഒരു ദിവസം അവൾ പുഴയിൽ ചെന്ന് സ്നാനം കഴിച്ചു മന്ത്രം ജപിച്ചു ആദിത്യനെ ആവാഹിച്ചു. സൂര്യൻ ഉടനെതന്നെ കുന്തിയെ പ്രാപിക്കുകയും, കുന്തിക്ക് പോർചട്ടയും, കുണ്ഡലങ്ങളും ശരീരത്തിൽ തന്നെയുള്ള ഒരു കുട്ടി ജനിക്കുകയും ചെയ്തു. ആ കുട്ടിയായിരുന്നു കൎണ്ണൻ. അന്ന് കുന്തി കന്യകയായിരുന്നതിനാൽ അപവാദം ഭയന്ന് അവൾ കുട്ടിയെ പുഴയിലേക്കൊഴുക്കിക്കളഞ്ഞു. കുന്തി പോയ ഉടനെതന്നെ രാധാവല്ലഭൻ എന്ന ഒരു

സൂതൻ ആ വഴി വന്നു. അത്ഭുതകരമായ കവചങ്ങളോടു കൂടി ഒഴുകിപ്പോകുന്ന ബാലനെ അവൻ സന്തോഷത്തോടെ എടുത്തു സ്വഗൃഹത്തിൽ കൊണ്ടുപോയി വളർത്തി. കർണ്ണൻ യഥാക്രമം ആയുധവിദ്യകൾ അഭ്യസിക്കുകയും ധനുർവ്വിദ്യയിൽ അതിശയകരമായ വൈദഗ്ദ്ധ്യം സമ്പാദിക്കുകയും ചെയ്തു.

അക്കാലത്ത് ദ്രോണാചാര്യരുടെ കീഴിൽ പാണ്ഡവന്മാരും നൂററവന്മാരും ആയുധാഭ്യാസം ശീലിച്ചുവരികയായിരുന്നു. ഒരു ദിവസം തന്റെ ശിഷ്യന്മാർക്ക് ആയുധാഭ്യാസത്തിലുള്ള സാമർത്ഥ്യം പരിശോധിക്കേണമെന്നു ദ്രോണാചാര്യർ വിചാരിച്ചു. അഭ്യാസ പ്രദർശനത്തിനുള്ള ഒരു രംഗം പണി കഴിച്ചു മത്സരപരീക്ഷകൾ തുടങ്ങി. അസ്ത്രാഭ്യാസത്തിൽ അർജ്ജുനനെ ജയിക്കുവാൻ ആരും തന്നെയുണ്ടായില്ല. അസ്ത്രപ്രയോഗം കണ്ട കാണികളെല്ലാം അർജ്ജുനൻ വിശേഷകവീരനായ വില്ലാളിയാണെന്ന് പ്രശംസിച്ചു തുടങ്ങി. അപ്പോഴാണ് കർണ്ണൻ രംഗത്തിൽ പ്രവേശിച്ച് അർജ്ജുനൻ പ്രദർശിപ്പിച്ച അസ്ത്രവിദ്യകൾ തനിക്കും സഭാസമക്ഷം പ്രയോഗിക്കാൻ അനുവാദം നല്കേണമെന്ന് അപേക്ഷിച്ചത്. അർജ്ജുനന്റെ നേരെ അസൂയ മുഴുത്തിരുന്ന ദുര്യോധനൻ കർണ്ണനെ സഹായിച്ചു പറഞ്ഞു. എങ്കിലും കർണ്ണൻ കുലഹീനനായ ഒരു സൂതപുത്രനായിരുന്നതുകൊണ്ട് രാജകുമാരനായ അർജ്ജുനന്റെ

സമമായിനിന്ന് ശരപ്രയോഗം നടത്തിക്കൂടെന്നു ദ്രോണാചാര്യൻ വിധിച്ചു. ദുര്യോധനൻ ഇതു കേട്ടു ഉടനെത്തന്നെ കർണ്ണനെ അംഗരാജ്യത്തിൻെറ അധിപതിയായി അഭിഷേകം ചെയ്തു. കർണ്ണൻ കാണികൾക്കു അത്ഭുതമുണ്ടാകുമാറു അർജ്ജുനൻ പ്രദർശിപ്പിച്ച എല്ലാ അസ്ത്രവിദ്യകളും കാണിച്ചു. ദുര്യോധനന്നു വളരെ സന്തോഷമുണ്ടായി; കർണ്ണന്നു പലതും സമ്മാനിച്ചു. ഉപകാരസ്മരണയോടുകൂടി കർണ്ണൻ മരണംവരെ ദുര്യോധനൻെറ ഉത്തമസ്നേഹിതനായി വർത്തിച്ചു.

അംഗരാജാവായ കർണ്ണൻ വലിയ ദാനശീലനും ഉദാരമതിയുമാണെന്നു കീർത്തി ലോകത്തിലെങ്ങും പരന്നു. രാജസൂയം നടത്തിയപ്പോൾ സ്വർണ്ണദാനം ചെയ്യുന്നതിന്നു ധർമ്മപുത്രർ കർണ്ണനെ ആയിരുന്നു ഏല്പിച്ചതു. ആർ എന്തു ചോദിച്ചാലും ഉടനെ ദാനം ചെയ്യേണമെന്നു അദ്ദേഹത്തിന്നു വലിയ നിർബ്ബന്ധമായിരുന്നു. കർണ്ണൻ കവചകുണ്ഡലങ്ങളോടുകൂടിത്തന്നെയായിരുന്നു ജനിച്ചതെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അവ ശരീരത്തിലുള്ള കാലംവരെ ആർക്കും അദ്ദേഹത്തെ ജയിക്കാൻ കഴിവുണ്ടായിരുന്നില്ല. ഭാരതയുദ്ധം തുടങ്ങിയപ്പോൾ തൻെറ മകനായ അർജ്ജുനന്നു കർണ്ണനെ തോല്പിക്കുവാൻ സാധിക്കുകയില്ലെന്നു ഭയന്നു ദേവേന്ദ്രൻ കർണ്ണൻെറ കവചം കൈവശപ്പെടുത്തേണമെന്നു ആലോചിച്ചു. ഇതറിഞ്ഞ സൂര്യഭഗവാൻ പുത്രിവാത്സല്യത്തോടെ കർണ്ണൻെറ അടുത്തെത്തി. ദേവേന്ദ്രൻ

ബ്രാഹ്മണൻെറ കപടവേഷം ധരിച്ച കവചത്തിന്നു യാചിക്കുമെന്നും വിട്ടുപോയാൽ ആപത്ത് പററാനിടയുള്ളതുകൊണ്ടു അതു കൊടുത്തുപോകരുതെന്നും അറിയിച്ചു. പക്ഷെ ദാനശീലനായ കർണ്ണൻ അതിന്നനുവദിച്ചില്ല. യാചിച്ച വസ്തു ദാനം ചെയ്യുന്നതിലുള്ള തൻെറ നിഷ്ഠയെ മുടക്കുവാൻ പറയരുതെന്നു അദ്ദേഹം അച്ഛൻെറ കാലുപിടിച്ചപേക്ഷിച്ചു. വീരോചിതമായ ഈ ധർമ്മനിഷ്ഠ കണ്ടു അച്ഛൻ ഏററവും സന്തോഷിച്ചു. മകനെ അനുഗ്രഹിച്ചു മറഞ്ഞു. ദേവേന്ദ്രൻ ഒരു വൃദ്ധബ്രാഹ്മണൻെറ വേഷം ധരിച്ചു കവചത്തിനായി യാചിച്ചപ്പോൾ തൻെറ ശരീരത്തോടൊപ്പം വളൎന്നുവന്ന ആ പോർചട്ട കർണ്ണൻ മടികൂടാതെ അടൎത്തെടുത്തു അദ്ദേഹത്തിന്നു നല്കി. അതുകൊണ്ടു അത്ഭുതപരവശനായ ദേവേന്ദ്രൻ ഒരു വേൽ കൊടുത്തു അദ്ദേഹത്തെ പ്രശംസിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു. കർണ്ണൻ അത്രയ്ക്കു ദാനശീലനാം മഹാമനസ്കനുമായിരുന്നു.

പാണ്ഡവരും നൂററവരും തമ്മിൽ യുദ്ധമാരംഭിക്കുന്നതിന്നു മുമ്പ് കുന്തീദേവി കർണ്ണനോടു അദ്ദേഹത്തിൻെറ ജനനവൃത്താന്തത്തെ ധരിപ്പിക്കുകയും പാണ്ഡവപക്ഷത്തിൽ ചേൎന്ന് യുദ്ധം ചെയ്തു അദ്ദേഹം രാജ്യഭാരം കയ്യേല്ക്കണമെന്നു അപേക്ഷിക്കുകയും ചെയ്തു. എന്നാൽ കർണ്ണൻ അതിന്നൊരുങ്ങിയില്ല. തന്നെ വിശ്വസിക്കുകയും

സ്നേഹിക്കുകയും ചെയ്യുന്ന ദുര്യോധനാദികളെ തല്ക്കാല ലാഭമോർത്തു ക്രൂരു മാറുന്നതിനെക്കാൾ മരണമാണ് വര ണിയമെന്നു അദ്ദേഹം അമ്മയോടു പറഞ്ഞു. കുന്തി ദേവി വിഷണ്ണയായി മടങ്ങേണ്ടിവന്നു. ദുര്യോധനനോ ടുള്ള ക്രൂരം, വിശ്വാസവും, കൃതജ്ഞതയും കർണ്ണൻ ആജീ വനാന്തം നിലനിർത്തിയെന്നുള്ള വാസ്തവം കർണ്ണനെ പൂജനീ യനാക്കിത്തീർത്തു. ഭീഷ്മരും ദ്രോണരും മരിച്ചതിന്നുശേഷം കർണ്ണനായിരുന്നു കൌരവസേനയുടെ നായകസ്ഥാനം വഹിച്ചതു. കർണ്ണനും അർജ്ജുനനും തമ്മിൽ നടന്ന യുദ്ധം ഏററവും ഭയങ്കരമായിരുന്നു. പാണ്ഡവസേനക്കു മുഴുവൻ അന്നു ഇളക്കംതട്ടി. തീക്കണങ്ങൾ തെറിക്കുന്ന നിലയിൽ കർണ്ണൻെറ ശരങ്ങൾ ശത്രുക്കളുടെ ഇടയിൽ ചീറിയടുത്തു. അർജ്ജുനനും കർണ്ണനുമായി ഇടവിടാതെ ശരവർഷം പൊഴി ച്ചു പൊരുതി. അവസാനം കർണ്ണൻ നാഗാസ്ത്രമെടുത്തു അർജ്ജുനൻെറ കണ്ണുകൾക്കു നേരെ തൊടുത്തു. അടുത്തു നിന്നിരുന്ന ശല്യർ അസ്ത്രം അർജ്ജുനൻെറ കഴുത്തിനെ ലക്ഷ്യമാക്കി അയക്കേണമെന്നുപദേശിച്ചു. ഒരിക്കൽ തൊടുത്ത ശരം കുറി മാററി വീണ്ടും തൊടുക്കുന്നതു വില്ലാ ളിവീരന്മാർക്കു പററിയതല്ലെന്നായിരുന്നു കർണ്ണൻെറ ഉത്ത രം. കുതിക്കൊണ്ടടുക്കുന്ന നാഗാസ്ത്രത്തെ തടുക്കുവാൻ സാധിക്കുകയില്ലെന്നു കണ്ടു പാർത്ഥസാരഥിയായ ശ്രീ കൃഷ്ണൻ രഥം അഞ്ചു വിരലുകൾ ആഴത്തിൽ താഴ്ത്തിക്ക

ളഞ്ഞു. ശരം ചീറിക്കൊണ്ടു അജ്ജുനൻെറ കിരീടത്തോടു കൂടി തലമുടിയും അരിഞ്ഞു പോയി. പെരുമഴപോലെ ശരങ്ങൾ വഷിച്ചു യുദ്ധം പിന്നേയും തുടങ്ങി. അങ്ങിനെ പോര് നടന്നുകൊണ്ടിരിക്കെ കണ്ണൻെറ തേരുരുൾ നില ത്തു താണുപോയി. ചതിച്ചു വിദ്യകൾ അഭ്യസിച്ചതി നാൽ ഗുരുനാഥനായ പരശുരാമൻ ശപിച്ചതിനാലായി രുന്നു അപ്രകാരം സംഭവിച്ചതു. എത്രതന്നെ ശ്രമിച്ചി ട്ടും തേരുരുളുകൾ ഉയത്തുവാൻ സാധിച്ചില്ല. തേര് ഉയ ത്തുന്നതുവരെ അസ്ത്രം പ്രയോഗിക്കരുതെന്നു കണ്ണൻ അ ജ്ജുനനോടു അപേക്ഷിച്ചു. അധമ്മം പ്രവത്തിക്കരുതെ ന്നു പറഞ്ഞപ്പോൾ അജ്ജുനൻ അതിന്നുത്തരം നല്കിയതു അപഹാസവചനങ്ങളെക്കൊണ്ടായിരുന്നു. ഉടനെത്തന്നെ അജ്ജുനൻെറ തൂണീരത്തിൽനിന്നു ചെന്ന ഒരു ശരമേററു കണ്ണൻ തലയററു വീണു. എല്ലാവരും അത്ഭുതത്തോടെ നോക്കിക്കൊണ്ടിരിക്കെ അദ്ദേഹത്തിൻെറ ജീവൻ പ്രകാ ശം പൊഴിച്ചു സ്വഗ്ഗത്തിലേക്കുയന്നു.

വില്ലാളിവീരനായ കണ്ണൻെറ ധീരപരാക്രമങ്ങളേയും സ്വഭാവവൈശിഷ്ട്യത്തേയും പററി എത്രതന്നെ പുകഴ്ത്തി യാലും മതിയാകുന്നതല്ല.

——ശ്രീ——

# 19. ദാരിദ്ര്യ പരിഹാരം.

ദരിദ്രനായി ജീവിതം കഴിക്കുവാൻ ലൌകീകാവസ്ഥയിലുള്ള ആരുംതന്നെ ഇഷ്ടപ്പെടുകയില്ല. "ദരിദ്രൻെറ വാക്കുകൾ ബന്ധുക്കളുംകൂടി കൈക്കൊള്ളുകയില്ല. നിർന്ധനത്വംകൊണ്ട് പൊറുതിമുട്ടുമ്പോൾ അന്യായവും, അസത്യാചരവുമായ മാർഗ്ഗങ്ങളിൽകൂടി സഞ്ചരിക്കുവാൻ അവൻ നിർബ്ബന്ധിതനായിതീരും; അവൻെറ ദുശ്ശീലങ്ങൾ വർദ്ധിക്കും; അന്തസ്സ് അപഹാസ്യമാകും; സ്നേഹജനങ്ങളെല്ലാം അകന്നുമാറും; ധൈര്യവും ചൈതന്യവും അസ്തമിക്കും; മററുള്ളവർ ചെയ്ത കുററങ്ങൾക്കുകൂടി അവനിലാണ് അപരാധം ആരോപിക്കുക" എന്നിങ്ങിനെ ദാരിദ്ര്യത്തിൻെറ ദൂഷ്യങ്ങളെ ഒരു കവി വിവരിച്ചിട്ടുള്ളത് ഏററവും വാസ്തവമാകുന്നു.

അനിഷ്ടകരമായ ഇത്തരം ദുരവസ്ഥയിൽനിന്നു ഒഴിഞ്ഞുമാറുവാൻ എല്ലാവരും ആഗ്രഹിക്കേണ്ടതാണ്. വിവേകത്തോടുകൂടി പ്രവർത്തിക്കുന്നപക്ഷം ദാരിദ്ര്യത്തെ പരിഹരിക്കുവാൻ പ്രയാസമുണ്ടായിരിക്കുകയില്ല. സാധാരണയായി പലരും തങ്ങൾ ദരിദ്രരായിത്തീർന്നിട്ടുള്ളത് തലയിലെഴുത്തിൻെറ ബലംകൊണ്ടാണെന്ന് പറഞ്ഞു വിധിയെ പഴിക്കുന്നതു കേൾക്കാം. ഈ മനഃസ്ഥിതിയെ നിശ്ചയമായും ഉപേക്ഷിക്കേണ്ടതാകുന്നു. ഇത്തരം ആലസ്യത്തിൽ

മയങ്ങുന്നത് ദരിദ്രരുടെ ദയനീയതയെ അധികരിപ്പിക്കുകയെ ഉള്ളു. ദാരിദ്ര്യത്തിൽനിന്നൊഴിയുവാൻ ശ്രമിക്കുന്നവർക്ക് ആദ്യമായാവശ്യമുള്ളത് വിശ്വാസത്തോടും ധൈര്യത്തോടുംകൂടി ഏതെങ്കിലും പ്രവൃത്തിയിലേർപ്പെടുന്നതിന്നുള്ള സന്നദ്ധതയാണ്. ന്യായമായും സത്യമായും വിശ്വാസപൂർവ്വമായും നടത്തുന്ന ഏതു പ്രവൃത്തിയും കാലാന്തരത്തിൽ വിജയപ്രദമാകാതിരിക്കയില്ല. ജോലിയിലേർപ്പെടുന്നത് തങ്ങളുടെ അന്തസ്സിന്നു യോജിച്ചതല്ലെന്നു വിചാരിച്ചു ചിലർ ദുരഭിമാനം നടിക്കുന്നതു കാണാം. സമുദായത്തിൽ ആലസ്യത്തിൻെറയും ആഢംബരത്തിൻെറയും വിത്തു വിതക്കുന്ന ചിന്താശൂന്യരാകുന്നു അവർ. മര്യാദ പുലർത്തുവാൻ സാധിക്കുന്ന കാലത്തോളം എത്രതന്നെ എളിയ പ്രവൃത്തിയും സ്വീകാര്യയോഗ്യമാണെന്നുള്ള ഒരു മനഃസ്ഥിതിയാണ് ആദ്യമായി ഉണ്ടായിരിക്കേണ്ടത്.

ചിന്താശൂന്യതയും അവിവേകവുംകൊണ്ട് പലരും ദാരിദ്ര്യത്തെ ക്ഷണിച്ചുവരുത്താറുണ്ട്. അഭിമാനം രക്ഷിക്കാനാണെന്ന അന്ധവിശ്വാസത്താൽ അർത്ഥശൂന്യങ്ങളായ ആചാരങ്ങൾ നിലനിർത്തിയും അടിയന്തരങ്ങൾ ആഘോഷിച്ചും എത്ര ധനികകുഡുംബങ്ങൾ ഇന്ന് ദാരിദ്ര്യഗർത്തത്തിൽ അധഃപതിച്ചു? നമ്മുടെ ചിലവുകൾ ബുദ്ധിപൂർവ്വം ആദ്യമായിത്തന്നെ നിയന്ത്രിച്ചാൽ പിന്നീട വ്യസനിക്കേണ്ടിവരികയില്ല. ചിലർക്ക് ആഢംബരങ്ങൾക്കും മററും ചിലവുചെയ്യുന്നത്, അനാശാസ്യവു അനാവശ്യക

വ്യമാണെന്നു തോന്നിയേക്കാം. എന്നിരുന്നാലും സമുദായത്തെ ഭയന്ന് അവർ അവ മൂടക്കുവാൻ ഉദ്യമിക്കുന്നില്ല. തന്റെ സംതൃപ്തിക്കും, സന്തോഷത്തിന്നും പററിയതും തനിക്കു നിർവ്വഹിക്കുവാൻ കഴിവുള്ളതുമായ ജീവിതാവശ്യങ്ങൾ എന്തെല്ലാമാണെന്നു ഓരോരുത്തരും അറിഞ്ഞു അവക്കുവേണ്ടി മാത്രമെ ചിലവുചെയ്യാവൂ. അല്ലാതെ അന്ധമായ അനുകരണഭ്രമംകൊണ്ട് അനാവശ്യ ചിലവുകൾ ഉണ്ടാക്കിത്തീക്കുന്നത് ദാരിദ്ര്യത്തിലേക്കു വഴികാട്ടുന്നതാണ്. എന്റെ നാട്ടിലുള്ള ഒരു പ്രമാണി വലിയൊരു സദ്യകഴിച്ചുവെന്നിരിക്കട്ടെ, ഞാൻ അയാളോളം അന്തസ്സുള്ളവനാണെന്നു കാണിക്കുവാൻ പിറെറ നാൾ പണം കടംമേടിച്ചു അതുപോലെതന്നെ ഒരു സദ്യ കഴിക്കുവാൻ ഉദ്യമിക്കുന്നതു തീച്ചയായും ഭോഷത്വമായിരിക്കും. ന്യായമായ ആവശ്യങ്ങൾക്കുവേണ്ടിയല്ലാതെ അന്യരെ പ്രീതിപ്പെടുത്തുവാനൊ അന്യരോടൊപ്പം അന്തസ്സു നിലനിൎത്തുവാനൊ, ദുർവ്വാശിയാലൊ യാതൊന്നിന്നും ചിലവുചെയ്യുന്നതല്ലെന്നു നിശ്ചയിക്കണം. ആ നിശ്ചയത്തോടുകൂടി ചിലവിനങ്ങൾ പരിശോധിക്കുകയും ക്രമീകരിക്കുകയും ചെയ്താൽ ദാരിദ്ര്യബാധക്ക് അവകാശമുണ്ടാകയില്ല. ധാരാളമായി ദ്രവ്യം ചെയ്യുന്ന ഒരാൾക്ക് പല വ്യാജസ്നേഹിതന്മാരും ഉണ്ടായെന്നു വരാം. എന്നാൽ അയാൾ ദാരിദ്ര്യംകൊണ്ടു വലയുമ്പോൾ അത്തരക്കാരിൽ ആരും സഹായത്തിന്നെത്തുകയില്ല. മിതവ്യയം അഭ്യ

സിച്ചിട്ടുള്ള ഒരുവന്ന് സ്നേഹിതന്മാർ ചുരുങ്ങിയിരിക്കുമെങ്കിലും അവർ ആപത്തുകളിലുംകൂടി അദ്ദേഹത്തിൻെറ ആത്മമിത്രങ്ങളായി വർത്തിക്കുന്നതായിരിക്കും.

താല്ക്കാലികങ്ങളായ സുഖസൌകര്യങ്ങൾ മാത്രം കൊതിച്ചു ദാരിദ്ര്യംകൊണ്ടുള്ള മുട്ട് തീർക്കുവാൻ കടം മേടിച്ചു ചിലവുചെയ്യുന്നതു തന്നല്ല. ദാരിദ്ര്യം മനുഷ്യനെ വിരൂപനാക്കിത്തീർക്കുന്ന ഒരു ക്രൂനാണെങ്കിൽ ഋണബാധ അതിന്മേലുള്ള കുരുവാകുന്നു. ഋണബാധകൊണ്ടു വലയുന്നവർക്കു ഒരിക്കലെങ്കിലും മനസ്സിന്നു സുഖമോ സ്വസ്ഥതയോ ഉണ്ടായിരിക്കയില്ല. ഋണബാധയുള്ളവർ നിത്യദുഃഖം അനുഭവിക്കേണ്ടിവരുന്നു. ക്രമേണ ഋണബാധിതന്നു ലോകത്തോടും ജീവിതത്തോടുംകൂടി വിരക്തി തോന്നും. നാട്ടിന്നും വീട്ടിന്നും ഉപകാരമില്ലാതെ, കടം വീട്ടേണ്ടതോർത്ത് ക്ലേശിച്ചു അപമാനഭാരം താങ്ങി അപവാദങ്ങൾക്കു വഴങ്ങി അയാൾ ഉഴലേണ്ടിവരും. ദാരിദ്ര്യത്തെ സ്വപ്രയത്നത്താൽ പരിഹരിക്കുവാൻ ശ്രമിക്കാതെ ഋണബാധ വരുത്തിത്തീർക്കുവാൻ ഇടവരുത്തുന്നതു ഒരിക്കലും ആശാസ്യമല്ല.

ദാരിദ്ര്യത്തിൽനിന്നും ഋണബാധയിൽനിന്നും മുക്തരായി സുഖത്തോടും സമാധാനത്തോടുംകൂടി ജീവിക്കു ഏവരും യത്നിക്കേണ്ടതാകുന്നു.


---

# 20. വാഹനങ്ങൾ.

വെള്ളത്തിലും കരയിലുമെന്നല്ല നഭോമണ്ഡലത്തിൽ കൂടെയും ദിനരാത്രങ്ങൾ എന്നിയെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന വാഹനങ്ങൾ എണ്ണത്തിലും ആകൃതിയിലും അസംഖ്യങ്ങളാകുന്നു. പരിഷ്കാരം വർദ്ധിക്കുന്തോറും വാഹനങ്ങളുടെ ആകൃതിയും പ്രവർത്തനവും മാറിമാറി വരുന്നുണ്ട്. വൻ സമുദ്രങ്ങളെ അലക്ഷ്യമാക്കിക്കൊണ്ടു സ്വൈരം സഞ്ചരിക്കുന്ന കപ്പലുകളും കരയിൽകൂടി ഹുംകാരത്തോടു കൂടി സഞ്ചരിക്കുന്ന തീവണ്ടിയും നഭോമണ്ഡലത്തിൽകൂടി ത്വരിതം പ്രയാണം ചെയ്യുന്ന. ആകാശക്കപ്പലും എന്നല്ല മററനേകം വാഹനങ്ങളും അതിൻെറ പ്രാഥമിക ദശയിൽ അവയുടെ കോലങ്ങൾ ഈ തരത്തിലല്ലെന്നു ചരിത്രദൃഷ്ട്യാ നമുക്കു അനുഭവമാണല്ലോ. ഇവയുടെ നിർമ്മാതാക്കളുടെ അശ്രാന്തപരിശ്രമം ഈ വിഷയത്തിൽ എത്രാണ്ട് സഫലമായിട്ടുണ്ടെന്നും അവയെക്കൊണ്ടു ലോകത്തിന്ന് എത്രത്തോളം ഉപയോഗപ്രദമായിട്ടുണ്ടെന്നും പര്യാലോചിക്കേണ്ടതു ആവശ്യമാണ്.

ആദിമകാലത്തു വാഹനങ്ങളുടെ ഉപയോഗം എന്താണെന്നു ജനങ്ങൾക്കു സ്വപ്നംപോലും ഉണ്ടായിട്ടില്ല. അന്നു വാഹനങ്ങൾ തീരെ ഉണ്ടായിരുന്നും ഇല്ല. ഉണ്ടെങ്കിൽ

തന്നെ വല്ല ജീവികളും മററും ആയിരുന്നു. പ്രഭുക്കന്മാർ രാജാക്കന്മാർ മുതലായവർ മഞ്ചൽ, പല്ലക്ക് മുതലായ വാഹനങ്ങൾ തങ്ങളെപ്പോലുള്ള മനുഷ്യജീവികളെക്കൊണ്ടു വഹിപ്പിച്ചുകൊണ്ടായിരുന്നു യാത്ര ചെയ്തിരുന്നതു. ഇങ്ങിനെയുള്ള വാഹനങ്ങൾ കാലക്രമത്തിൽ സർവ്വത്ര പ്രചരിക്കുകയും അതിൽ ജനങ്ങൾക്കു ക്രമേണ ഇമ്പം കുറഞ്ഞുവരികയും ആവശ്യം പൂൎണ്ണമാകാതിരുന്നതോടുകൂടിയും




കാള മുതലായ വാഹനങ്ങളുടെ സഹായത്തോടുകൂടി വില വാഹനങ്ങൾ ഏൎപ്പെടുത്തുവാൻ തുടങ്ങി. ഇത്തരം വാഹനങ്ങൾ മനുഷ്യ സമുദായത്തിൻെറ നാനാമുഖങ്ങളായ ഉപയോഗത്തിന്നു പററാതെ ഏതാനും ചില വ്യക്തികളുടെ സ്വകാൎയ്യത്തിന്നു മാത്രം ഉപയോഗമായിത്തീൎന്നു. ഇതു

കൊണ്ടും മനുഷ്യർ തൃപ്തരാകാതെ ഏതദവിഷയത്തിൽ അവരുടേ ഗമനം മുന്നോട്ടുതന്നെ നയിച്ചുകൊണ്ടിരുന്നു. ജനങ്ങൾ എണ്ണത്തിൽ പെരുകിക്കൊണ്ടിരിക്കുമ്പോൾ അവരുടെ സുഖസൌകര്യങ്ങൾക്കായിക്കൊണ്ടുള്ള ആവശ്യങ്ങളും നാനാവിധമാകുന്നു. ആവശ്യം എത്രത്തോളം വിപുലമാകുന്നുവോ ആവശ്യനിർവ്വഹണത്തിന്നുള്ള ചിന്തയും വർദ്ധിച്ചുവരും. ഇങ്ങിനെയുള്ള ചിന്തയുടേയും പരിശ്രമത്തിൻെറയും ഫലമായിട്ടാണ് യന്ത്രങ്ങൾ കണ്ടുപിടിക്കാൻ തുടങ്ങിയത്. യന്ത്രങ്ങളുടെ ആവിർഭാവത്തോടുകൂടി അനവധി സാധനങ്ങൾ യന്ത്രസാഹായ്യത്താൽ ഓടുമ്പോൾ അക്കാലത്ത് ജനങ്ങൾക്കു എന്തൊന്നില്ലാത്ത അത്ഭുതങ്ങൾ ഉണ്ടായിതീൎന്നു. ആവിയന്ത്രത്തിൻെറ സഹായത്താൽ സദാ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന തീവണ്ടി എന്ന വാഹനത്തോടുകൂടി കരയിലുള്ള വാഹനങ്ങളുടെ ആവശ്യം പൂർണ്ണമായി എന്നുതന്നെ പറയാം.

എന്നാൽ കരയിലെന്നപോലെതന്നെ കടലിൽ കൂടിയും മനുഷ്യൎക്കു പ്രയാണത്തിൻെറ ആവശ്യകത ഒഴിച്ചുകൂടാത്തതാണ്. ഒരു രാജ്യത്തിൽനിന്നു മറെറാരു രാജ്യത്തിലേക്കു പോക്കുവരവിന്നും, അവരുടെ ആവശ്യത്തിന്നനുസരിച്ചു വാണിജ്യസംബന്ധമായ സാധനങ്ങൾ എത്തിക്കുന്നതിന്നും സമുദ്രസഞ്ചാരം ഒഴിച്ചുകൂടാത്തതായിതീൎന്നു. ആദ്യകാലത്തു പൊങ്ങുതടികൾ ഉപയോഗിച്ചു അയൽ രാജ്യങ്ങളിൽ സഞ്ചാരത്തിന്നു ശ്രമിച്ചുവെങ്കിലും അതു

കൊണ്ടു ആവശ്യം പൂർണ്ണമായ നിലയിൽ നിവ്വഹിക്കാം എന്ന തരത്തിലായില്ല. ഒടുക്കം കാററിൻെറ സഹായത്താൽ മാത്രം സഞ്ചരിക്കാൻ കഴിയുന്ന ഒരു യാനപാത്രം കണ്ടുപിടിച്ചു. ഇതായിരുന്നു പായകപ്പൽ എന്ന നാമധേയത്തോടുകൂടി കുറച്ചുകാലം സമുദ്രതരണം ചെയ്തുകൊണ്ടിരുന്നത്. ഇതുകൊണ്ടും മനുഷ്യർ തൃപ്തരാകാതെ ആ വിഷയത്തിൽ വീണ്ടും വീണ്ടും യത്നിച്ചുതുടങ്ങി. ഒടുക്കം യന്ത്രസഹായത്താൽ തന്നെ സമുദ്രത്തിൽ കൂടി




കപ്പൽ സഞ്ചാരം ചെയ്തു തുടങ്ങി. കരയിലും സമുദ്രത്തിലുംകൂടി സഞ്ചരിക്കുവാൻ ഇത്തരം വാഹനങ്ങൾ കൊണ്ടു മനുഷ്യൻ ഒരുവിധത്തിൽ സംതൃപ്തനായെങ്കിലും പക്ഷികളെപ്പോലെ ആകാശദേശത്തിലും സഞ്ചരിക്കാൻ ഒരു വ്യാമോഹം ജനിച്ചു. കടലിൽക്കൂടി ഓടുന്ന തീക്കപ്പലുകളോ, കരയിൽക്കൂടി ഓടുന്ന തീവണ്ടികളോ ഉയത്തി പറപ്പിക്കുവാൻ ഏതായാലും സാധിക്കുന്നതല്ല. എന്നാൽ

ംഎങ്ങിനെയാണ് ഈ വിഷയത്തിൽ വിജയം കരഗതമാകുന്നത് എന്നുള്ള പരിശ്രമത്തിൻെറ ഫലമായി 1783 ഏപ്രിൽ 25-ാംനു- മോൺട് ഗോൾഫീർ എന്ന രണ്ടു സഹോദരന്മാർ ഒരു ബലൂൺ ആകാശമണ്ഡലത്തിൽക്കൂടി പറപ്പിക്കുവാൻ തുടങ്ങി. ഇതിൻെറ പരീക്ഷണത്തിൽ തന്നെ ചില ആട്ടുകളേയും മററും കെട്ടി പറപ്പിച്ചു. പക്ഷെ അതു ഒരു നിശ്ചിതകാലത്തിലേക്കും നിശ്ചിത സ്ഥലത്തിലേക്കും ഉപയോഗത്തിന്നു പററിയതല്ലെന്നു നിർണ്ണയിച്ചു. അവരുടെ അശ്രാന്തപരിശ്രമത്തിൻെറ ഫലമായി ഇന്നു ആകാശമണ്ഡലത്തിൽ സ്വച്ഛന്ദം വിഹരിക്കുവാനുള്ള ആകാശവിമാനം എന്നുള്ള ഒരു വാഹനവും കണ്ടു പിടിച്ചു.

ഇങ്ങിനെ കടലിലും കരയിലും ആകാശത്തിലുമായി സഞ്ചരിക്കുവാൻ വാഹനങ്ങൾ സുലഭമായി തീൎന്നു. ഇത്രയും പരിഷ്കരിച്ച ഈ കാലത്ത് ഇത്തരം വാഹനങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ജനങ്ങളുടെ ആശയും ആവശ്യവും എല്ലാം അസ്ഥാനത്തായി തീരുമായിരുന്നു. തീവണ്ടിയുടെ സഹായത്താൽ കരവഴിയായി ആളുകൾക്ക് ഗതാഗതം ചെയ്യുവാനും ജനങ്ങൾക്കു ആവശ്യമായി തീരുന്ന പദാൎത്ഥങ്ങളെ നാനാസ്ഥലങ്ങളിലുമായി വിതരണം ചെയ്യിക്കുവാനും സാധിച്ചു തുടങ്ങി. മോട്ടോർ വാഹനങ്ങളുടേയും സാദ്ധ്യം ഇതു തന്നെയാണെങ്കിലും തുലോം വ്യത്യസ്തപ്പെട്ട രീതിയിലാണിരിക്കുന്നതു്. പക്ഷെ ഉൾനാട്ടുകളിൽ റയിൽ മാൎഗ്ഗ

മില്ലാത്ത സ്ഥലങ്ങളിൽ സഞ്ചാരം ചെയ്യുവാൻ ഈ വാഹനവും മനുഷ്യർ അത്യന്തോപയോഗമായിത്തീൎന്നിട്ടുണ്ടു്! മോട്ടോർ വാഹനങ്ങളുടെ പ്രചരണത്തോടുകൂടി കാള



വണ്ടി, കുതിരവണ്ടി മുതലായവയുടെ ആവശ്യം വളരെ പരിമിതമാകുന്നു. ഒരു കാലത്തു ഈ വിധം വാഹനങ്ങൾ നടപ്പിൽ വരുന്നതിന്നു മുമ്പായി കത്തുകൊണ്ടു പോകുവാനും മററും തപ്പാൽവണ്ടി മുതലായവയായിരുന്നു തൽസ്ഥാനത്തു ഉപയോഗിച്ചിരുന്നതു. സമുദ്രസഞ്ചാരത്തിന്നു കപ്പൽ അനുകൂലമായിത്തീരുന്നതിന്നു മുമ്പു് അതാതു് രാജ്യങ്ങളിലുള്ള ജനങ്ങൾ അതാത് രാജ്യങ്ങളിൽതന്നെ നിവസിക്കുകയല്ലാതെ അന്യോന്യം പരിചയമോ, കച്ചവട സംബന്ധമായ കൂട്ടുകെട്ടോ ഉണ്ടായിരുന്നില്ല. തന്മൂലം പരിഷ്കാരജന്യമായ യാതൊരു സംഗതികളും ഒരു രാജ്യക്കാർ മററൊരു രാജ്യക്കാരെ അനുഗമിക്കുവാനൊ സാധിച്ചിരുന്നില്ല. ഈ വിഷയത്തിൽ കപ്പൽ എന്ന യാനപാത്രം

മനുഷ്യൎക്ക നല്കീട്ടുള്ള ഉപയോഗം എത്രയാണ്? ഭയങ്കര യുദ്ധകാലത്തും, അധികരിച്ച ക്ഷാമകാലത്തും ഈ വാഹനം ജനങ്ങളെ ധാരാളത്തിലധികം സഹായിച്ചിട്ടുണ്ട്. ആകാശവിമാനമാകട്ടെ, ഇതിൽനിന്നെല്ലാം എത്രയോ അത്ഭുതമായ നിലയിലാണ് സ്ഥിതി ചെയ്യുന്നത്. മനുഷ്യ ജീവിതത്തിൽ ഒരു പ്രകാരത്തിലും സാദ്ധ്യമാകുകയില്ലെന്നു കണ്ട ഏതാനും ചില സംഗതികൾ ഇന്നു സുലളിതവും സുന്ദരവുമായ നിലയിൽ സാധിച്ചിട്ടുണ്ട്. അനവധി ദിവസത്തെ സഞ്ചാരം വേണ്ടിവരുന്ന സ്ഥലങ്ങളിലെല്ലാം നാലോ അഞ്ചോ ദിവസംകൊണ്ടുമാത്രം സഞ്ചരിക്കുകയെന്നുള്ളതായിത്തീൎന്നിട്ടുണ്ട്. ഇന്നത്തെ സമരാങ്കണത്തിൽ ആകാശയുദ്ധം ചെയ്യുന്നതിന്നു ഇതു ഏററവും പൎയ്യാപ്തമായിത്തീൎന്നിട്ടുണ്ട്.

## 21. ക്ഷമ.

ഏതുതരം ബുദ്ധിമുട്ടുകളേയും സഹിക്കുവാനുള്ള ശക്തിക്കാകുന്നു ക്ഷമ എന്നു പറയപ്പെടുന്നത്. സഹനശക്തി എന്നു പറയപ്പെടുന്നതും ക്ഷമാഗുണത്തെയാണ്. വിശേഷബുദ്ധിയുള്ള മനുഷ്യന്നു ഉണ്ടായിരിക്കേണ്ടുന്ന പലവിധ ഗുണങ്ങളുടെ ഇടയിൽ ക്ഷമയ്ക്കു് അത്യുൽകൃഷ്ടമായ ഒരു സ്ഥാനമുണ്ട്. ഒരുവൻ എത്രതന്നെ ശക്തനും ബുദ്ധി

മാനും കാൎയ്യനിൎവ്വഹണത്തിൽ സമൎത്ഥനുമായിരുന്നാലും അവൻെറ പ്രവൃത്തികളിൽ ക്ഷമ നിഴലിച്ചില്ലെങ്കിൽ അവൻ നിസ്സാരനെന്നും കൊള്ളരുതാത്തവനെന്നും ജനങ്ങൾ പറഞ്ഞുതുടങ്ങും. മനുഷ്യൻെറ മറെറല്ലാ ഗുണങ്ങളെയും പ്രകാശിപ്പിക്കുന്ന വിഷയത്തിൽ ക്ഷമയ്ക്കു ഗണ്യമായ പങ്കുണ്ട്.

ക്ഷമാഗുണത്തെ ദീക്ഷിക്കുന്ന പുരുഷനു എപ്പോഴും വിജയം കരഗതമായിക്കാണുന്നു. ജീവിതത്തിൻെറ വിവിധവശങ്ങളിൽ അപ്പപ്പോൾ പ്രവേശിച്ചു വിഹരിക്കുന്ന മനുഷ്യന്മാർ അവർ ചെയ്യുന്ന അതാതു കാൎയ്യങ്ങൾ വിജയത്തിൽ പൎയ്യവസാനിക്കേണമെന്നുണ്ടെങ്കിൽ തീൎച്ചയായും അവർ ക്ഷമാശാലികളായിരിക്കേണം. കേവലം ശക്തിയും ബുദ്ധിയുമില്ലാത്ത ആളുകൾക്രുടി ക്ഷമാശീലം ആചരിച്ചു കാൎയ്യം നേടുന്നു. ശക്തന്മാരായ ആളുകൾക്കു ക്ഷമ ഒരലങ്കാരമെന്നപോലെ അവരെ ശോഭാതിശയമുള്ളവരാക്കിത്തീൎക്കുന്നു. എന്തും ചെയ്യാൻതക്ക പ്രാബല്യമുള്ള ശക്തന്മാർ, വേണ്ടാത്തതും പരദ്രോഹമുണ്ടാക്കുന്നതുമായ കാൎയ്യങ്ങളെ പെട്ടെന്നു പ്രവൎത്തിച്ചു തനിക്കും രാജ്യത്തിന്നും ഒട്ടധികം നാശമുണ്ടാക്കിത്തീൎത്തേക്കാം. എന്നാൽ അങ്ങിനെയുള്ളവരെ കാൎയ്യാകാൎയ്യ വിവേകമുണ്ടാക്കി ദുഷ്പ്രവൃത്തികളിൽനിന്നും വിരമിപ്പിക്കുവാൻ ക്ഷമയ്ക്കു മാത്രമെ സാധിക്കുകയുള്ളു. അതുപോലെതന്നെ ശക്തഹീനന്മാൎക്കു ക്ഷമ

ശക്തിയെ നൽകുന്നു. ഗൌരവമേറിയ കാൎയ്യങ്ങളിൽ പെട്ടെന്നു ഏൎപ്പെട്ടുവാൻ ശക്തിയില്ലാത്ത ആളുകൾ ക്ഷമയോടുകൂടി പ്രതീക്ഷിച്ച കാൎയ്യത്തിന്റെ പൎയ്യവസാനം എങ്ങിനെയെന്നു വിചിന്തനംചെയ്തു (യുക്തിപൂൎവ്വം ചെയ്യപ്പെടുന്ന) അല്പമായ യത്നംകൊണ്ടു വിജയം നേടുന്നു. അതല്ലെങ്കിൽ അത്തരം അശക്തന്മാൎക്കു തൽക്കാലം ഉണ്ടാകുന്ന ക്ഷമ അവരെകുറിച്ചു അന്യന്മാൎക്കുണ്ടാകാവുന്ന നല്ല അഭിപ്രായത്തിന്നും മതിപ്പിന്നും കാരണമാകുകയും ശക്തിയില്ലാതെ പ്രവൎത്തിക്കുന്നതിൽനിന്നുണ്ടാകാവുന്ന നാശത്തിൽനിന്നു രക്ഷപ്പെട്ടുവാൻ ഈ വിശിഷ്ടഗുണം അവൎക്കു ഒരു ഉപകരണമായിത്തീരുകയും ചെയ്യും. ഈ ആശയത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ്

ക്ഷമാഗുണമശക്താനാം
ശക്താനാം ഭൂഷണം ക്ഷമാ

എന്നഭിപ്രായപ്പെട്ടിട്ടുള്ളതും.

ലോകത്തിൽ ഇന്നുവരെ വല്ലവിധത്തിലും പ്രശസ്തി നേടിയിട്ടുള്ളവരും വലിയ കണ്ടുപിടുത്തങ്ങൾമൂലം ലോകത്തെ അനുഗ്രഹിച്ചിട്ടുള്ളവരും ജനസമ്മതന്മാരായ നേതാക്കന്മാരും വിദ്വാന്മാരും ശാസ്ത്രജ്ഞന്മാരും ഗവേഷകന്മാരുമെല്ലാം ക്ഷമാശാലികളായിരുന്നുവെന്ന് അവരുടെ ചരിത്രം വായിച്ചുനോക്കുന്നതായാൽ നമുക്കു നിഷ്പ്രയാസം മനസ്സിലാക്കാം. ലോകപ്രസിദ്ധന്മാരെല്ലാം ബുദ്ധിമാന്മാരായിരിക്കാം. എന്നാൽ അവരുടെ ബുദ്ധിശക്തികൊണ്ടു

മാത്രമല്ല അവർ കീർത്തിനേടിയിട്ടുള്ളത്. ബുദ്ധിശക്തിയെ ക്ഷമയാകുന്ന ഒരു:കല്ലിൽ ഉരച്ചു വേണ്ടുംവിധം മാററുകൂട്ടി പ്രയോഗിച്ചതിലാണ് അവരുടെ വിജയത്തിന്റെയും രഹസ്യം ഒളിഞ്ഞുകിടക്കുന്നത്.

അവരവരുടെ ആയുഷ്കാലം മുഴുവനും ക്ഷമയോടുകൂടി പ്രവർത്തിക്കുകയും മുടക്കങ്ങൾ എത്രതന്നെ സംഭവിച്ചാലും അവയെ പ്രതിബന്ധമായി കരുതാതെ പിന്നെയും പിന്നെയും യത്നിച്ചവരാകുന്നു• ലോകത്തിന്നു പലവിധ നൂതന സാമഗ്രികളും സംഭാവനം ചെയ്തത്. കാർമ്മേഘ പടലങ്ങളിൽ കണ്ടുതുടങ്ങിയ വിദ്യുച്ഛക്തിയെ ഭൂമിയിൽ ഇറക്കിക്കൊണ്ടുവന്നു മനുഷ്യന്റെ ആഗ്രഹത്തിന്നനുസരിച്ചു പല പ്രവൃത്തികളും ചെയ്യിപ്പിക്കാമെന്നും ആവികൊണ്ടു വാഹനങ്ങൾ വലിപ്പിക്കാമെന്നും മററും കണ്ടുപിടിച്ചു ലോകത്തെ പഠിപ്പിച്ച മഹാന്മാരെല്ലാം അവരുടെ ക്ഷമാശക്തികൊണ്ടുതന്നെയാണ് ആവക കാര്യങ്ങൾ സാധിച്ചത്. നമ്മുടെ പുരാണ നായകന്മാരിൽ മിക്കവരിലും ക്ഷമയെന്ന ഉത്തമഗുണം സ്പഷ്ടമായി പ്രകാശിക്കുന്നതു കാണാം. ആ ഗുണംകൊണ്ടുതന്നേയാണ് അവർ ആദർശപുരുഷന്മാരായിത്തീർന്നതും.

ലോകത്തിൽ എന്തുതന്നെ സംഭവിച്ചാലും ഗണ്യമാക്കാതിരിക്കുക, മററുള്ളവർ എന്തുതന്നെദ്രോഹിച്ചാലും പ്രതികാരം ചെയ്യാതെ സഹിച്ചിരിക്കുക; തനിക്കു എത്രത

ന്നാൽപരാജയംവന്നാലും ആശയററവനാകാതെ പിന്നെയും കൎമ്മാനാക്തനായിരിക്കുക എന്നിങ്ങിനെ ക്ഷമയ്ക്കു പലവിധ പദ്ധതികളും ഉണ്ട്. ന്യായമായ വഴിയിൽക്കൂടിയാണ് താൻ സഞ്ചരിക്കുന്നതെന്നും അതിന്നു എതിരായി എത്ര തന്നെ ആളുകൾ പ്രക്ഷോഭം കൂട്ടിയാലും തെററാത്ത മനഃസ്ഥിതിയും ഉത്സാഹവുമാകുന്നു ക്ഷമയുടെ യഥാൎത്ഥതത്വം. ജീവിതത്തിൽ വിജയം ആഗ്രഹിക്കുന്നവർ അതിനെ പരിശീലിക്കേണമെന്നു മഹാന്മാരെല്ലാം ശാസിക്കുന്നു. ക്ഷമ, രാജ്യത്തുണ്ടാകുന്ന കലഹങ്ങളെയും നാശങ്ങളെയും നിയന്ത്രിക്കുന്നു. പലപ്പോഴും ബഹളവും കക്ഷിവഴക്കും യുദ്ധവും മററും ഉണ്ടാകുന്നതു ക്ഷമയില്ലായ്മകൊണ്ടാകുന്നു. സത്യം, ദയ, ഔദാൎയ്യം, അഹിംസ മുതലായ സൎവ്വ ഗുണങ്ങളും ക്ഷമയുടെ സ്നേഹിതരാകുന്നു. പരസ്പര മൈത്രിയും ഉൽകൎഷവും ഉണ്ടാകേണമെങ്കിൽ നാം ക്ഷമാശീലന്മാരായിരിക്കണം. ലോകവ്യവഹാരത്തിലിറങ്ങിപുറപ്പെട്ടമ്പോൾ നമുക്കു പലതിനോടും മല്ലിടേണ്ടതായിട്ടുണ്ടായിരിക്കും. അതിൽനിന്നെല്ലാം നമുക്കു പലതും പഠിക്കേണ്ടതായിട്ടും ഉണ്ടായിരിക്കും. അത്തരം കാൎയ്യങ്ങളിലെല്ലാം നമ്മുടെ ഹൃദയം ക്ഷോഭിച്ചുപോയാൽ ജീവിതം തീരെ പാഴായിപ്പോകുമെന്നു മാത്രമല്ല പിന്നീടു ക്ലേശിക്കേണ്ടിയും വരും. തന്മൂലം ജീവിതം വലിയ ഒരു ഭാരമായിട്ടും തീരുവാൻ ഇടവരുന്നതാണ്. അങ്ങിനെ അധികം ജനങ്ങൾക്കു വന്നുകഴിഞ്ഞിട്ടുള്ള കഥകളെ നമുക്കു അനുഭവവുമാണ്.

'ക്ഷമാശീലത്തെ സംരക്ഷിച്ചുവന്ന സോക്രട്ടീസെന്ന പുരുഷകേസരിയുടെ കഥ നാം എങ്ങിനെ വിസ്മരിക്കും? കോപിഷ്ടയായ തൻെറ ഭാൎയ്യ തന്നെ എപ്പോഴും ശാസിച്ചു കൊണ്ടിരിക്കും. ഒരുദിവസം സൊക്രട്ടീസ് തൻെറ സ്നേഹിതന്മാരുമായി വീട്ടിൽനിന്നു സല്ലപിക്കുമ്പോൾ തൻെറഭാൎയ്യ അതി കലശലായി ശാസിച്ചു. ഇതു കണ്ടു നിന്നിരുന്ന സ്നേഹിതന്മാരിൽ ഒരാൾ 'എന്തുകൊണ്ടു ഈ കുററത്തിന്നു തൻെറ ഭാൎയ്യയെ തനിക്കു ശിക്ഷിച്ചുകൂടാ, എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു ഇതായിരുന്നു: ഞാനും എൻെറ ഭാൎയ്യയും ഒരു ദ്വന്ദയുദ്ധം ചെയ്യുന്നതു കാണുവാൻ നിങ്ങൾക്കു ആഗ്രഹമുണ്ടോ?' ഇതു കേട്ടപ്പോൾ സ്നേഹിതന്മാരെല്ലാം അത്ഭുതപ്പെട്ടു'.

നേരെമറിച്ചു മഹൎഷിശ്രേഷ്ഠനായ ദുൎവ്വാസാവ് അദ്ദേഹത്തിൻെറ തപശ്ശക്തികൊണ്ടല്ല ജനങ്ങൾക്കു അറിയപ്പെടുന്നതു, വെറും ഒരു കോപിഷ്ടൻെറ നിലയിലാണു. അതിനാൽ ഒരാൾക്കു എത്രതന്നെ മററു ഗുണങ്ങൾ ഉണ്ടായിരുന്നാലും ക്ഷമയില്ലാത്തപക്ഷം മററു സമസ്തവും നിഷ്ഫലമായ്ത്തീരുന്നു.



## 22. മണ്ണുതിന്ന ഉണ്ണികൃഷ്ണൻ.

"കണ്ണൻ തദാ മണ്ണു ഭുജിച്ചുപോലും
ഖണ്ഡംപിടിച്ചീട്ടുമിവന്നു നൂനം"
എന്നിങ്ങിനെ കേട്ടു യശോദ വേഗാൽ
വന്നീടിനാളമ്പൊട്ടു കോപമോടെ.

“കഷ്ടം കുമാരാ തവ വാപിളൎന്നു-
കാട്ടേണ”മെന്നമ്മ പറഞ്ഞനേരം
ഒട്ടും മടിക്കാതെ പിളൎന്നു വക്ത്രം
കാട്ടീടിനാൻ കൈതവ മൎത്ത്യമൂൎത്തി.

മാതാവു നോക്കുന്ന ദശാന്തരാളെ
പാതാളഭൂലോക സുരേശലോകം
ഭൂതങ്ങളും, പ്രേത, പിശാച, കൃമി
വേതാളജാലങ്ങളുമത്ര കണ്ടാൾ.

കാട്ടും മഹാശൈല കുലങ്ങളേഴും
നാട്ടും നദീപാളി സമുദ്രമേഴും
ആട്ടും ഫണിശ്രേണി മനുഷ്യജാലം
ചാട്ടം മൃഗവ്രാതവുമത്ര കണ്ടാൾ.

പാലാഴിതന്നിൽ ഫണിരാജതല്പേ
ലീലാസുഖം പൂണ്ടഥ പള്ളികൊള്ളും
നീലാംബുദശ്യാമള വിഷ്ണുരൂപം
നാലാനനാദീനപി തത്ര കണ്ടാൾ.

രക്ഷോഗണം പക്ഷിതരക്ഷുജാലം
വൃക്ഷങ്ങളും പക്ഷികൾ കുക്ഷിജാലം
നക്ഷത്രമക്ഷത്ര വിപക്ഷപക്ഷ-
പക്ഷങ്ങളും തൽക്ഷണമത്ര കണ്ടാൾ.

ഗോപാലകന്മാരഥ ഗോപിമാരും
ഗോപാലകശ്രേണിയുമെന്നുവേണ്ട
ഗോവൃന്ദവും മണ്ണു ഭുജിച്ചുമേവും
ഗോവിന്ദനെത്തന്നെയുമത്രകണ്ടാൾ.

## 23 കാട്ടുമൃഗങ്ങൾ

ദൈവസൃഷ്ടിയിൽ ജീവജാലങ്ങൾ നിരവധിയാണല്ലോ. ജീവജാലങ്ങളെ ചരങ്ങൾ എന്നും അചരങ്ങൾ എന്നും രണ്ടു പ്രധാന വർഗ്ഗങ്ങളായി തരംതിരിക്കാം. ചരങ്ങളെ മനുഷ്യരെന്നും തിര്യക്കുകളെന്നും രണ്ടായി വിഭാഗിച്ചിട്ടുണ്ട്. തിര്യക്കുകളിൽ പക്ഷികളെന്നും മൃഗങ്ങൾ എന്നും രണ്ടുവർഗ്ഗങ്ങളാണ്. മൃഗങ്ങളെതന്നെ നാട്ടുമൃഗങ്ങൾ എന്നും കാട്ടുമൃഗങ്ങളെന്നും രണ്ടു ഇനത്തിൽ പെടുത്താം. രണ്ടാമത്തെ ഇനത്തിൽപെടുത്തിയ കാട്ടുമൃഗങ്ങളെപററിയാണ് ഇവിടെ പ്രസ്താവിക്കാൻ പോകുന്നത്.

നാട്ടുമൃഗങ്ങളെ സംബന്ധിച്ചു നാം സുപരിചിതരും അവയെ നാം സദാ കണ്ടുവരുന്നവയുമാണ്. ഇവയിൽ മിക്ക മൃഗങ്ങളും മനുഷ്യരുടെ ആശ്രയത്തിന്മേൽ ജീവിച്ചുവരുന്നവയും അവരുടെ ആവശ്യനിർവ്വഹണത്തിന്നായി പോററിവരുന്നവയുമാണ്. മനുഷ്യരുടെ ജീവിതത്തിൽ

എത്രത്തോളം അവർ സൂക്ഷിക്കുന്നുണ്ടോ അത്രത്തോളം അവർ അവരെ ആശ്രയിച്ചുവരുന്ന മൃഗങ്ങളെപററിയും ചിന്തിക്കാറുണ്ട്. ഇങ്ങിനെ ചെയ്യുന്നതിൻെറ ഉദ്ദേശം എന്താണെന്നു വല്ലവരും ചിന്തിക്കുന്നുണ്ടെങ്കിൽ അതു അവരിൽനിന്നുള്ള ആദായത്തെ മാത്രം ആഗ്രഹിച്ചുകൊണ്ടാണ്. മനുഷ്യർ ആട്ടമാട്ടകളെ പോററിവരുന്നതിൻെറ ഉദ്ദേശം അവയുടെ പാൽ ഉപയോഗിക്കുവാനും മാംസം ഭക്ഷിക്കുവാനുമാണ്. മാത്രമല്ല പശുവർഗ്ഗത്തിലെ കാള



കളെ നിലം ഉഴവാനും മററും ഉപയോഗിക്കാറുണ്ട്. എന്നുവേണ്ട എല്ലാ മൃഗങ്ങളെക്കൊണ്ടും ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ മനുഷ്യർക്ക് ആവശ്യമായിതീരുന്നുണ്ട്. എന്നാൽ ഈവക യാതൊരു ശിക്ഷാരക്ഷകൾക്കും വിധേയരാകാതെ അനവധി മൃഗങ്ങൾ കാട്ടിൽ സ്വതന്ത്രരായി ജീവിക്കുന്നുണ്ട്.

ഇവയിൽ അധികതരങ്ങളെയും എല്ലാ മനുഷ്യർക്കും കാണുവാനും അവയെപററി കേൾക്കുവാനുംകൂടെ സാധിക്കുന്നില്ല. ഘോരാരണ്യത്തിൽ ദൈവം അവയ്ക്കു വേണ്ടത്ര ആഹാരത്തെ പ്രദാനംചെയ്യുന്നുണ്ട്. ആരുടെയും ആജ്ഞാചക്രത്തിൽ അവർ നട്ടംതിരിയുന്നില്ല. ഇതിലുള്ള ഒട്ടധികം മൃഗങ്ങളെയും ഒട്ടധികം ഭയവും ആണ്. ഇവയിൽ പ്രധാനമായി സസ്യഭക്ഷകകളെന്നും മാംസഭക്ഷകകളെന്നും രണ്ടുതരങ്ങളുണ്ട്. മാംസഭക്ഷകകളിൽപെട്ടവയാണ് സംഖ്യകൊണ്ട് വർദ്ധിച്ചുകാണുന്നതു. സിംഹം, നരി, പുലി, ചെന്നായി, കരടി മുതലായവ മാംസഭക്ഷകകളിൽപെട്ടവയും ആന, മാൻ, മുയൽ, പന്നി, കണ്ടാമൃഗം മുതലായവ സസ്യഭക്ഷകകളിൽപെട്ടവയും ആകുന്നു. ഇതിന്നുപുറമെ ഈ രണ്ടു വർഗ്ഗത്തിലുംകൂടി മററു ധാരാളം മൃഗങ്ങൾ കാട്ടുകളിൽ നിവസിക്കുന്നുണ്ട്.

കാട്ടുമൃഗങ്ങളിൽവെച്ചു അധികം വലിപ്പവും ബലവും ഉള്ള മൃഗം ആനയാണെങ്കിലും വീര്യശൌര്യ പരാക്രമങ്ങളെക്കൊണ്ടു പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു സിംഹമാകുന്നു. ഇത് കാഴ്ചയിൽ അഞ്ചാറടി പൊക്കമുള്ളവയാണെങ്കിലും മറെറല്ലാ കാട്ടുമൃഗങ്ങൾക്കും ഇതിനെ വലിയ ഭയമാകുന്നു. അതുകൊണ്ടു ഇതിനെ മൃഗരാജൻ എന്നു വിളിച്ചുവരുന്നു. സിംഹത്തെ കണ്ടാൽ പരിഭ്രമിക്കാത്ത ഒരു ജീവിയും ഇല്ലെന്നുതന്നെ പറയാം. ആകാരം അത്യന്തം ഭയങ്കരമാണ്. ആനയുടെ മസ്തകത്തിന്മേൽ

നിർഭയം കുതിച്ചുചാടി മസ്തകം തച്ചു പിളൎന്നു രക്തം കുടിക്കാറുണ്ട്. എന്നു മാത്രമല്ല മാൻ, മുയൽ മുതലായ എല്ലാ സാധുമൃഗങ്ങളും മൃഗരാജൻെറ ഭക്ഷണമാകുന്നു.

ഈ വൎഗ്ഗത്തിൽപെട്ടവയാണ് നരി, പുലി, മുതലായവ, ഇവയും വളരെ ക്രൂരമൃഗങ്ങളാകുന്നു. നരി എപ്പോഴും രക്തപ്രിയമുള്ള ഒരു മൃഗമാകുന്നു. സിംഹം അതിൻെറ



ആഹാരത്തിന്നു മാത്രം മൃഗങ്ങളെ കിട്ടിക്കഴിഞ്ഞാൽ പിന്നെ അനാവശ്യമായി മൃഗങ്ങളെ കൊല്ലാറില്ല എന്നാൽ നരി അങ്ങിനെയല്ല. കണ്ടതിനെയെല്ലാം കൊല്ലുക എന്നൊരു സ്വഭാവമാണ്. നരികളും സിംഹത്തെപ്പോലെ മാത്രമേ ഉയരം കാണുകയുള്ളൂ. എങ്കിലും

സിംഹത്തെക്കാൾ ദീർഘവും കൂടും. സിംഹത്തിന്നു സ്കന്ധരോമവും വാലിന്റെ അററത്തു പൂകുലപോലെയുള്ള രോമവും ഉണ്ട്. സിംഹവും നരിയും മാർജ്ജാരവർഗ്ഗത്തിൽ പെട്ടവയായതുകൊണ്ടു രാത്രിയിൽ നല്ലപോലെ കണ്ണു കാണുകയും തന്നിമിത്തം വഴി അറിഞ്ഞ് സഞ്ചരിക്കുകയും ചെയ്യാം. അതിനാൽ രാത്രിയാകുന്നു അവ ഇര തേടി നടക്കുന്നത്. കരടിയുടെ ദേഹം ആകമാനം രോമം കൊണ്ടു മൂടപ്പെട്ടിരിക്കും. ഇവയിൽ മനുഷ്യകരടി എന്ന മറെറാരുവർഗ്ഗവുംകൂടിയുണ്ട്. അവ മനുഷ്യൻ നടക്കുന്ന മാതിരി രണ്ടു കാലിന്മേൽ നടക്കാറുണ്ട്. ഇവ മനുഷ്യനെ പിടിച്ചാൽ ദേഹത്തോടടുപ്പിച്ച് അമർത്ത് കൊന്നുകളയും. ഈ പറഞ്ഞ മൃഗങ്ങളേയെല്ലാം മനുഷ്യർ പിടിച്ചു കൂട്ടിലിട്ടു വളർത്തുകയും സർക്കസ്സിലും മററും കൊണ്ടുചെന്നു അവരുടെ ആജ്ഞകൾക്കു വശംവദരാക്കുകയും ചെയ്യുന്നു.

ആന കാട്ടുമൃഗങ്ങളിൽവെച്ചു ക്രൂരനായ ഒരു മൃഗമാണെങ്കിലും സിംഹത്തെപ്പോലെയോ മറേറാ അത്ര ക്രൂരതയുള്ള മൃഗമല്ല. ഇവ പലപ്പോഴും കൂട്ടം കൂട്ടമായിട്ടാണ് കാടുകളിൽകൂടി സഞ്ചരിക്കുക പതിവ്. ആനകളുടെ ഭക്ഷണം കാട്ടിൽ വളരുന്ന ചില വൃക്ഷത്തടികളും മററു ഫലമൂലങ്ങളുമാകുന്നു. കാട്ടാനകളെ പിടിച്ചു മനുഷ്യർ നാട്ടാനകളാക്കി വളർത്താറുണ്ട്. അങ്ങിനെ വളർത്തിയ ആനകളെ മനുഷ്യർ കാട്ടിൽനിന്നു മരത്തടി വലിക്കുവാനും മററും ഉപയോഗിക്കുന്നു, ആന

മൃഗവും കാട്ടിലുണ്ട്. ഇവയുടെ കൊമ്പുകൾ പിരിഞ്ഞു വളഞ്ഞിരിക്കും; ഇതിൻെറ നാവ് അരംപോലെ പരുപരുപ്പുള്ളതുകൊണ്ട് കാട്ടി ഒരു മൃഗത്തെ നക്കിയാൽ അവിടെത്തെ മാംസംകൂടി പറിഞ്ഞുപോകും. കണ്ടാമൃഗവും കാട്ടിലുള്ള ഒരു ഒരു വലിയ ജീവിയാകുന്നു. ഇതിന്നു ആനയെപോലെ പൊക്കമില്ലെങ്കിലും ആനയുടെ അത്ര തന്നെ തടിയുണ്ട്. ഇതിൻെറ തോലിന്നു വളരെ കട്ടിയുള്ളതുകൊണ്ടു ദേഹത്തിൽ വെടിയുണ്ടകളൊന്നും ബാധിക്കുകയില്ല. കണ്ടാമൃഗത്തെ വെടിവെക്കേണമെങ്കിൽ അതിൻെറ കണ്ണിൽ വെടിവെക്കേണം. ഇനിയും നാം അറിയാതെയുള്ള കാട്ടുമൃഗങ്ങൾ എത്രയോ കാട്ടുകളിൽ അധിവസിക്കുന്നുണ്ട്. ഇവയെല്ലാം ഒരേകാട്ടിൽ തന്നെ കണ്ടുവരാറുണ്ട്. എങ്കിലും ചില പ്രത്യേകസ്ഥലങ്ങളിലാണ് ഇവ സമൃദ്ധങ്ങളായി വളരുന്നത്. ഏതാനും ചില മൃഗങ്ങളെക്കൊണ്ടെല്ലാം മനുഷ്യൎക്കു വളരെ ഉപയോഗവുമുണ്ട്.

## 24. കാകൻ.

നാം സാധാരണമായി കണ്ടുവരാറുള്ള ഒരു പക്ഷിയാകുന്നു കാക്ക. അതു മററു പക്ഷികളെ അപേക്ഷിച്ചു

ശ്രുപഗുണവും ശബ്ദമാധുൎയ്യവും കുറഞ്ഞ ഒരു ജീവിയാണെന്നുവേണം പറവാൻ. കരിക്കട്ടപോലെ കറുത്ത ദേഹവും കറുത്ത നീണ്ട കൊക്കും കാണികളുടെ കണ്ണിന്നു യാതൊരു അഴകും തോന്നുകയില്ല. യാതൊരു കാരണവും കൂടാതെ സാധു പ്രാണികളെ ഉപദ്രവിക്കുക, കൊച്ചു കിടാങ്ങളുടെ കൈയ്യിലുള്ള മധുര പദാൎത്ഥങ്ങൾ അപഹരിക്കുക, ശിഥിലമായ സംഗതികൾക്കുംകൂടി അസഹ്യമായ 'കാ' 'കാ' 'ക' എന്ന ശബ്ദം പുറപ്പെട്ടവിച്ചുകൊണ്ടിരിക്കുക; എന്നുവേണ്ട മററു പല സംഗതികൾ കാരണമായി കാകൻ മനുഷ്യസമുദായത്തിന്റെ സ്നേഹത്തിന്നു പാത്രമാകുന്നില്ല. വീട്ടിന്നു ചുററുമുള്ള മലിന സാധനങ്ങളും വിഷക്രമികളും മററും യഥേഷ്ടം ഭക്ഷിച്ചും സാംക്രമിക രോഗങ്ങൾ ഉളവാക്കുന്ന ചീഞ്ഞ സാധനങ്ങളെ നീക്കം ചെയ്തും ജനവാസയോഗ്യമായ പ്രദേശങ്ങളെ ശുചിയാക്കുന്ന കാകനെ മനുഷ്യർ തരം കിട്ടുമ്പോൾ കൊല്ലുകയും കൂടി ചെയ്യുന്നു.

മനുഷ്യരുടെ ശക്തിക്കും യുക്തിക്കും വഴിപ്പെടാത്ത ജീവജാലങ്ങൾ ലോകത്തിൽ ഉണ്ടെങ്കിൽതന്നെ അതു കാകൻ മാത്രമാണ്. മനുഷ്യ സമുദായത്തെ ഈ ജീവി ബഹുമാനിക്കുന്നില്ല. അവരെ ഭയപ്പെടുന്നതുമില്ല. മനുഷ്യ സമുദായത്തിൽ സധൈൎയ്യംകൂടി കലൎന്നു ഭക്ഷണസാധനങ്ങൾ നിഷ്പ്രയാസം കരസ്ഥമാക്കിയും, കാൎയ്യലാഭത്തിന്നായി യത്നിക്കുമ്പോൾ ചെറു കുട്ടികൾ തന്നെ ഉപദ്രവി

ക്കുവാൻ ശ്രമിക്കുന്നതു കണ്ടാൽ മൂർച്ചയുള്ള കൊക്കുകൊണ്ടു അവരെ മുറിവേല്പിച്ചു ദുസ്സഹമായ നാദം പുറപ്പെടുവിച്ചു വിജയിയായി പറന്നുപോകുന്ന കാകൻെറ ദുസ്സാമൎത്ഥ്യം കലശലാണ്. ബലഹീനരായ ജീവികളെ കാകൻ നിർദ്ദയമായി ഹിംസിക്കുന്നു. ശത്രു തന്നേക്കാൾ ബലവാനും സമൎത്ഥനുമാണെന്നു കണ്ടാൽ തൻെറ സമുദായത്തിലെ അംഗങ്ങളെ കാകാരവംകൊണ്ടു ക്ഷണിക്കുകയും അശേഷം ശങ്കിക്കാതെ കൂട്ടമായി ചെന്നു എതിരാളിയോടു പൊരുതുകയും ചെയ്യുന്നു. കാകനു സമുദായസ്നേഹമുണ്ടെന്നു ചിലർ അഭിപ്രായപ്പെടുന്നു. പക്ഷെ ഇതു യഥാർത്ഥമാണെന്നു തീരുമാനിക്കുവാൻ തരമില്ല. കാകനു യഥാൎത്ഥമിത്രങ്ങളായി ആരുംതന്നെ ഇല്ല. ഏതു ജീവിയോടും അതു പറയത്തക്ക അടുപ്പം ഭാവിക്കുകയുമില്ല. കാകൻ ആരെയും വിശ്വസിക്കയുമില്ല. സ്വാർത്ഥലാഭത്തിന്നായി മററു കാക്കകളോടുകൂടി ചേൎന്നു വൎത്തിക്കുക എന്നല്ലാതെ സമുദായസ്നേഹത്തോടും ഉപകാരസ്മരണയോടും അന്യോന്യം പെരുമാറുക എന്ന പതിവു ഈ ജീവിക്കില്ല.

കാകൻെറ ശത്രുക്കൾ മനുഷ്യരല്ല. മൃഗങ്ങളുമല്ല. മററു പക്ഷികൾ സാധാരണമായി അതിനെ ഉപദ്രവിക്കാറില്ല. സമുദായസ്നേഹമുള്ള ജീവികളാണെന്നു നാം ചിലപ്പോൾ അഭിപ്രായപ്പെടാറുള്ള കാക്കകൾ പലപ്പോഴും പരസ്പരം കലഹിച്ചു ശത്രുഭാവം പ്രദൎശിപ്പിച്ചുകൊണ്ടിരിക്കുന്നതു കാ

ണാം. 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന നിയമം കാക്ക കളുടെ ഇടയിൽ നടപ്പുണ്ട്. ഒരു കാകൻ സമുദായദ്രോഹി യാണെന്നു കണ്ടാൽ മററു കാക്കകൾ അതിന്റെ ചുററും വന്നുകൂടി നിർദ്ദയമായി അതിനെ ശിക്ഷിക്കുന്ന കാഴ്ച ഒട്ടും അപൂർവ്വമല്ല. ഒരു കാകൻ മനുഷ്യരുടെ കയ്യിൽ അക പ്പെട്ടതിൽപിന്നെ വീണ്ടും രക്ഷപ്പെട്ടു സ്വ സമുദായത്തിൽ എത്തിച്ചേർന്നാൽ സന്തോഷത്തോടെ ആദരിക്കുന്നതിന്നു പകരം മററു കാക്കകൾ ഒന്നായി കൂടി കഠിനമായി അതി നെ ശിക്ഷിക്കുന്നു. അധികപക്ഷവും സ്വസമുദായത്തി ൽ എത്തിച്ചേർന്ന ഭീരുവിനെ അവ കൊല്ലുകയാണ് ചെയ്യുന്നതു. മനുഷ്യരുടെ കൌശലത്തിന്നു അടിമപ്പെട്ട ഒരു കാകൻ ജീവിച്ചിരിക്കുക എന്നതു മററു കാക്കകൾക്കു പ്രാണസങ്കടമാണ്. സമുദായത്തിന്നു അപായമോ, അപ മാനമോ നേരിടുന്ന ഒരു തൊഴിലിലും ഏർപ്പെടരുത് എന്ന കശ്ശന നിയമം ഏതു കാകന്നും നിശ്ചയമുണ്ടത്രെ.

മലംപ്രദേശങ്ങളിൽ കണ്ടുവരാറുള്ള കാക്കകൾ നാട്ടുപുറങ്ങളിലും പട്ടണങ്ങളിലും സാധാരണമായി കാണു ന്നവയെക്കാൾ വലിപ്പവും ശക്തിയും ഉള്ളവയാണ്. ചെ റുതരം മുയലുകളെയും പക്ഷികളെയും ഭക്ഷിച്ചു ഇവ ഉപ ജീവിക്കുന്നു. ദ്വീപുകളിലും തുരുത്തികളിലും കടൽതീരങ്ങ ളിലും വെള്ളനിറമുള്ള കാക്കകളെ കാണാറുണ്ട്. കടൽ കാക്ക എന്നു വിളിച്ചുവരുന്ന ഈ പക്ഷി തവള, ഞണ്ടു, മത്സ്യം എന്നിവയെ ഭക്ഷിക്കുന്നു. വെള്ളത്തിന്മീതെ നി

ശ്ചലമായി നില്ക്കുവാനും അധികദൂരം ക്ഷീണം കൂടാതെ പറക്കുവാനും ഇതിന്നു വശമുണ്ട്. പാറകളുടെ ഇടുക്കുകളിലും വിലങ്ങളിലും മററുമാണ് ഇവ പാക്കുന്നതു. നാട്ടുപുറങ്ങളിലും മലംപ്രദേശങ്ങളിലും കാണാറുള്ള കാക്കകൾ മരക്കൊമ്പുകളിന്മേലും മററും കെട്ടിയുണ്ടാക്കിയ കൂട്ടകളിൽ താമസിക്കുന്നു. അവ ഇല്ലികളും ഇലകൾ വൈക്കോൽ എന്നിവയെക്കൊണ്ടുമാണു കൂട്ടതകൾ നിമ്മിക്കുന്നതു. മുട്ടയിടുന്നതും കുഞ്ഞുകളെ വളൎത്തുന്നതും കൂട്ടിൽവെച്ചാണ്.

കാക്കക്കു രണ്ടു കണ്ണുകൾ ഉണ്ടെങ്കിലും ഒരേ സമയത്തു അവ ഉപയോഗിക്കുവാനുള്ള ഭാഗ്യം ഈശ്വരൻ അതിന്നു നൽകീട്ടില്ല. തല ചരിച്ചു ഓരോ ഭാഗംകൊണ്ടു വീക്ഷിക്കുവാൻ മാത്രമെ അതിന്നു സാധിക്കുകയുള്ളൂ. ഒരു കണ്ണിൻെറ സഹായം ഹേതുവായി കാകൻ നടത്തുന്ന പരാക്രമങ്ങളും തൽ കാരണമായി ഉളവാക്കുന്ന അനൎത്ഥങ്ങളും എത്ര മാത്രമാണെന്നു അനുഭവിച്ചവക്കേ അറികയുള്ളൂ. ഈശ്വരൻ കാകന്നു ഒരു കണ്ണിന്നു മാത്രം കാഴ്ച കൊടുത്തതിൻെറ താല്പൎയ്യം മററു ജീവികളോടുള്ള കാരുണ്യംകൊണ്ടു മാത്രമായിരിക്കാം!

പിതൃക്കളുടെ സ്മരണക്കായി ഹിന്ദുക്കൾ കാകന്നു ബലി കൊടു (ഇടാ)റുണ്ടത്രെ. അതിനാൽ കാകന്നു ബലിഭുക്കു അല്ലെങ്കിൽ ബലിഭോക്താവു എന്നു പേരുണ്ട്. കാക്ക

യുടെ കരച്ചിലിനെ അടിസ്ഥാനപ്പെടുത്തി ചില ലക്ഷണങ്ങൾ പറഞ്ഞുവരാറുണ്ട്. മനുഷ്യരുടെ പ്രീതിക്കും ആദരവിന്നും പാത്രമാകുവാനുള്ള യോഗ്യത ഈ ജീവിക്കില്ലെങ്കിലും ആചാരക്രമമനുസരിച്ചു ഹിന്ദുക്കളിൽ ചിലർ ഇതിനെ ഒരു പുണ്യജീവിയായി കരുതുന്നു. ഏതു ജീവികളും ആഹാരമായി ഉപയോഗിക്കുന്ന സാധനങ്ങൾ കാകനും പത്ഥ്യമാണ്. മററു ജീവികൾ അനിഷ്ടമായി കരുതുന്ന ഭക്ഷ്യസാധനങ്ങളുംകൂടി കാകനു പ്രിയമാണ്. മലിനമായ സാധനങ്ങൾ തൃപ്തിയോടും ആർത്തിയോടും ഗ്രസിക്കുന്ന കാകൻ വൃത്തിഹീനനാണത്രെ.

സൂര്യോദയത്തിന്നു മുമ്പായി ഉണരുകയും സ്വപ്രയത്നംകൊണ്ടു ദാഹവും വിശപ്പും അടക്കി തൻെറ കുഞ്ഞുകൾക്കുള്ള ആഹാരങ്ങളും ശേഖരിച്ചു സന്ധ്യ സമീപിക്കുന്നതിന്നു മുമ്പായി കുളങ്ങൾ, നദീതീരങ്ങൾ എന്നിവയിൽനിന്നു ദേഹം വൃത്തിയിൽ കഴുകി ശുദ്ധിവരുത്തി കൃതകൃത്യരായി സ്വവസതിയിലേക്കു തിരിച്ചെത്തുന്ന കാകൻെറ ദിനചൎയ്യ ആദരണീയവും അനുകരണീയവുമാണ്.

## 25. ഹേമന്തം—മഞ്ഞുകാലം

—ശ—

ശീതം തഴപ്പോരു ഹേമന്തകാലവും
ആനന്ദം പോന്നിങ്ങു വന്നനേരം;
പാലാഴിത്തുവെള്ളം തൂകുന്നപോലെ നൽ-
പ്രാലേയം തൂകിത്തുടങ്ങിതെങ്ങും
ചണ്ഡനായുള്ളോരു പങ്കജ ബന്ധുവിൻ
മണ്ഡലം മങ്ങിച്ചുമഞ്ഞുകൂടി.
കെല്പില്ല യാദവക്കോപ്പുണ്ടായ് മേവുകിൽ
അല്പരായ്‌വന്നിടായെന്നോയുള്ളൂ
വാരുററ കാന്തി കലന്നുള്ള വാരിജം
ഓരോന്നെ മങ്ങി മയങ്ങിതപ്പോൾ
കാന്തന്റെ കാന്തി കുറഞ്ഞതു കാണുമ്പോൾ
കാന്തമാർ കാന്തിയും മങ്ങുമല്ലൊ.
ചീർത്തുനിന്നുള്ളോരു ശീതത്തെ പൂണ്ടുനി-
ന്നാർത്തന്മാരായിച്ചമഞ്ഞെല്ലാരും
കൈത്തലം കൊണ്ടുതാൻ മാറത്തു നന്നായി
സ്വസ്തികബന്ധം തുടങ്ങിതെങ്ങും
വായ്പ്പാന്നുനിന്നുള്ള [1]കാർപ്പാസംകൊണ്ടുള്ള
[2]കൂർപ്പാസം മേനിയിൽ ചേർത്തപ്പൊഴും

---

1 കാർപ്പാസം = പഞ്ഞി (പരുത്തി)
2 കൂർപ്പാസം = കുപ്പായം.

ആദിത്യസേവയും പാവകസേവയു-
മായിത്തുടങ്ങി പലകർമ്മമപ്പോൾ
ഉദ്യാനംതന്നിൽ കളിപ്പതിന്നാർക്കുമെ-
ങ്ങുദ്യോഗമേതുമെഴുന്നീലപ്പോൾ.

ചന്ദ്രിക പ്രസ്സ്, തലശ്ശേരി.

348